## പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത്



# ജനകീയാസൂത്രണം'96 - വികസനരേഖ

കേരള



1 10-3

പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത്

# വികസന രേഖ



പിറന്ന നാടിൻ
മക്കളാവുക

ജനിച്ച മണ്ണിൻെറ
ഉപ്പാവുക

**ത്യാഗസന്നദ്ധരായ ജനങ്ങൾ**
**ലക്ഷ്യബോധമുള്ള ഉദ്യോഗസ്ഥർ**
**ഇച്ഛാശക്തിയുള്ള ഭരണനേതൃത്വം**

ഈ മൂന്നു കൈവഴികൾ ചേർന്ന്
വികസനത്തിൻെറ ഒരു മഹാപ്രവാഹം

## എഡിറ്റോറിയൽ ബോർഡ്

വി. കെ. ജയപ്രകാശ്
ടി. എസ്. ദാസ്
ടി. എൻ. കൃഷ്ണൻ
ആർ. പുരുഷോത്തമൻ
വി. ചാമിക്കുട്ടി
ഇ. പി. ബിജു
ഇ. പി. മൊയ്തുണ്ണിക്കുട്ടി
എ. എൻ. ശശീന്ദ്രൻ
പി. ജയചന്ദ്രൻ നായർ
പി. എം. സുരേഷ്ബാബു
വി. സി. സുധാകരൻ
ശോഭടീച്ചർ
പി. ടി. സുദേവൻ
എം. കെ. പ്രേമൻ
ജോസഫ് ജോർജ്

Layout by Rajesh Menon
Computer Support & Typesetting
Ambal , Palakkad.
Cover Photo Rani Photos, Palakkad

Printed at
AMBAL Quick Print Shop
Sultanpet, Palakkad
Fone / Fax # 522764

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 3 |
| 2 | പഞ്ചായത്ത് പൊതുവിവരണം, ഭരണപരമായ ചരിത്രം | 7 |
| 3 | സാമൂഹിക സാംസ്ക്കാരിക ചരിത്രം | 9 |
| 4 | ഭൂപ്രകൃതിയും വിഭവങ്ങളും | 13 |
| 5 | വികസന മേഖലകൾ | 19 |
| 1 | കൃഷിയും ജലസേചനവും | 21 |
| 2 | മൃഗസംരക്ഷണം - മത്സ്യബന്ധനം | 33 |
| 3 | വ്യവസായം | 38 |
| 4 | വിദ്യാഭ്യാസം | 50 |
| 5 | ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം | 60 |
| 6 | റോഡുകൾ, ഊർജ്ജം | 68 |
| 7 | ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ | 76 |
| 8 | സംസ്ക്കാരം | 84 |
| 9 | വനിത | 88 |
| 10 | സഹകരണം | 91 |
| 11 | പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം | 95 |
| 12 | വിഭവസമാഹരണം | 98 |
| 6 | പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ | 105 |
| | ഉപസംഹാരം | 108 |

ആസൂത്രണം എന്നുവച്ചാൽ മുമ്പ് ഡെൽഹിയിൽ നിന്ന് സംസ്ഥാന സെക്രട്ടറിയേറ്റിലൂടെ നാട്ടിൻപുറങ്ങളിലുള്ളവരുടെ മേൽ അടിച്ചേൽപിക്കുന്ന ഒന്നായിരുന്നു. അായത് മേലേത്തട്ടിൽ നിന്ന് കീഴേത്തട്ടിലേക്ക് അടിച്ചേൽപ്പിക്കുന്ന ഒന്നായിരുന്നു ആസൂത്രണം. ഇന്നതിന് മാറ്റം വന്നു. ജനങ്ങൾ മുന്നോട്ട് വന്ന് തങ്ങൾക്ക് ആവശ്യമുള്ളതൊക്കെ പറയുന്നു.

സമൂഹത്തിൻെറ താഴേത്തട്ടിലുള്ള വ്യക്തിയ്ക്കും ഈ പ്രക്രിയയിൽ പങ്കു ചേരാൻ സാധിക്കുന്നുവെന്നത് നിസാരകാര്യമല്ല.



ഇ. എം. എസ്
ഉന്നതതല മാർഗ നിർദേശക സമിതി അദ്ധ്യക്ഷൻ



ഇ. കെ. നായനാർ
മുഖ്യമന്ത്രി

അധികാരവികേന്ദ്രീകരണം അതിൻെറ എല്ലാ അർത്ഥത്തിലും നടപ്പാക്കാൻ ഈ ഗവൺമെൻറ് പ്രതിജ്ഞാബദ്ധണ്. 1980 കളിൽ സാക്ഷരതാപ്രസ്ഥാനം കേരളത്തെയാകെ തൊട്ടുണർത്തുക മാത്രമല്ല, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാവുകയും ചെയ്തു. ഇവയുടെയെല്ലാം തുടർച്ചയാണ് ഇന്നിപ്പോൾ ആസൂത്രണ വികേന്ദ്രീകരണ സമിതി രൂപം കൊണ്ടിരിക്കുന്നത്.

മുൻകാലങ്ങളിൽ ആസൂത്രണം മുകളിൽ നിന്ന് താഴേ തട്ടിലേക്കാണ് വന്നിരുന്നതെങ്കിൽ ഇപ്പോൾ ആസൂത്രണം താഴെ തട്ടിൽ നിന്നാരംഭിക്കുകയാണ്. സ്വന്തം ഗ്രാമത്തിൻേറയും നാടിൻേറയും വിഭവങ്ങളും പരിമിതികളും ആവശ്യങ്ങളും ഒന്നിച്ചിരുന്ന് ചർച്ച ചെയ്യുന്ന ജനകീയാസൂത്രണം സാക്ഷരതാപദ്ധതിപോലെ നമ്മുടെ സംസ്ഥാനത്തിന് അപൂർവ ബഹുമതി നേടിത്തരുമെന്നതിൽ സംശയമില്ല.



പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

# ആമുഖം

നമ്മുടെ ഓർമ്മകൾക്കപ്പുറത്തുള്ള ഒരു പുതിയ കേരളം പിറക്കുവാൻപോവുകയാണ്. കഴിഞ്ഞ് പോയ കാലങ്ങളിൽ ചരിത്രം തീർത്ത ജനത, തങ്ങളുടെ നാടിന്റെയും നാട്ടാരുടെയും പുത്തൻ ജീവിതക്രമം ഒരുക്കുകയാണ്.

ഒട്ടേറെ മാതൃകകൾ സൃഷ്ടിച്ച നമ്മുടെ കേരളം നാളത്തെ ലോകം ഉറ്റുനോക്കുന്ന വികസന വിപ്ലവത്തിന് നാന്ദികുറിക്കുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും അറിയാതെ 8 പഞ്ചവത്സരപദ്ധതികൾ നമുക്ക് മുന്നിലൂടെ കടന്നുപോയി. പ്രാദേശിക ആസൂത്രണത്തിലൂടെ ഒമ്പതാം പദ്ധതി നമ്മുടെ സ്വപ്നങ്ങൾക്ക് അർത്ഥം ഉണ്ടാക്കുകയാണ്. അധികാര വികേന്ദ്രീകൃതാസൂത്രണവും ഗ്രാമവികസനത്തിന്റെ ആദ്യപടിയാവുമ്പോൾ ഇവിടെ എന്തുവേണമെന്നും എങ്ങനെചെയ്യണമെന്നും ഓരോ ഗ്രാമീണനും തീരുമാനിക്കുന്നു.



ജനകീയാസൂത്രണം ജില്ലാതല ഉത്ഘാടനം പുതുപ്പരിയാരത്ത് കെ.വി. വിജയദാസ് നിർവ്വഹിച്ചപ്പോൾ

പൊള്ളുന്ന വർത്തമാനകാലഘട്ടത്തിലൂടെയാണ് നമ്മുടെ കേരളം കടന്നുപോവുന്നത്. അതിരൂക്ഷമായ സാമ്പത്തികപ്രതിസന്ധി, മുരടിച്ചു കൊണ്ടിരിക്കുന്ന കാർഷികമേഖല, വളരാത്ത വ്യാവസായിക മേഖല ഇതിന്റെ ഫലമായി പെരുകുന്ന തൊഴിലില്ലായ്മ സേവന മേഖലകളുടെ നിലവാരമില്ലായ്മ. നിത്യ ആവശ്യത്തിനുപോലും തികയാത്ത വൈദ്യുതി, തിരിച്ചു വന്നുകൊണ്ടിരിക്കുന്ന ഗൾഫ് മലയാളികൾ, നമ്മുടെ നാട് ഇന്നു വഴിമുട്ടി നിൽക്കുകയാണ്. ഇവയൊക്കെ അതിജീവിക്കണമെങ്കിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ഗ്രാമവികസനപ്രക്രിയയിൽ നാം തോളോടുതോൾ ചേർന്ന് നീങ്ങണം. എങ്കിലേ നാളത്തെ കേരളം ഐശ്വര്യപൂർണമാക്കുവാൻ നമുക്കു കഴിയൂ.

ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ കേരളത്തിനുലഭിക്കുവാൻ പോകുന്ന മൊത്തം അടങ്കൽ തുകയുടെ 35-40 ശതമാനം ത്രിതലപഞ്ചായത്തുകൾക്ക് ലഭിക്കുകയാണ്. വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കപ്പെടുന്ന പദ്ധതികൾ ഗ്രാമതലത്തിൽ നിന്നുള്ള അഭിപ്രായ - നിർദേശങ്ങൾക്ക് വിധേയമായി പുനഃക്രമീകരിക്കപ്പെടുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പദ്ധതിക്ക് ജനകീയ രൂപം നൽകിയത്. ശാസ്ത്രീയമായ സമീപനത്തിലൂടെ പ്രശ്നം പരിഹാരത്തിനും പദ്ധതികൾക്ക് മുൻഗണനാക്രമം തയ്യാറാക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജീവമാക്കുകയും ആണ് ജനകീയ ആസൂത്രണപ്രസ്ഥാനത്തിലൂടെ ലക്ഷ്യം ഇട്ടിരിക്കുന്നത്.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉത്ഘാടനം ചിങ്ങം ഒന്നിന് കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി സ: ഇ.എം.എസ് നിർവ്വഹിച്ച അതേ ദിവസത്തിൽ പാലക്കാട് ജില്ലാതല ഉദ്ഘാടനത്തിന് വേദിയായത് നമ്മുടെ പഞ്ചായത്തിലാണ്. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.കെ. ജയപ്രകാശിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.വി. വിജയദാസ് ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധ സാമൂഹ്യ- രാഷ്ട്രീയ പ്രതിനിധികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ജനകീയ ആസൂത്രണ പരിപാടി വിജയിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ പഞ്ചായത്തിൽ നിന്ന് എട്ടുപേർ 1996 സെപ്തംബർ 6,7,8, തിയ്യതികളിൽ അകത്തേത്തറയിൽ വെച്ച് നടന്ന ഒന്നാം ഘട്ടപരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.കെ ബാലകൃഷ്ണൻ, ബ്ളോക്ക് മെമ്പർ ശ്രീമതി സൈനബ എന്നിവർ തുടർച്ചയായി ക്യമ്പിൽ പങ്കെടുത്തിരുന്നു. തുടർന്ന് 21-9-96 ന് പഞ്ചായത്ത് തല പരിശീലന പരിപാടിയിൽ 60 പേർ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകളുടെ സംഘാടനവും നടത്തിപ്പും വിജയി പ്പിക്കുന്നതിനായിരുന്നു ഊന്നൽ നൽകിയത്.

[ ചാർട്ട് - 1 ശ്രദ്ധിക്കുക ]

## [ DRP]
## ജില്ലാതല റിസോഴ്സ് പേഴ്സൺ

| | |
|---|---|
| 1. | E.P. ബിജു. - കൺവീനർ |
| 2. | M.മൊയ്തുണ്ണിക്കുട്ടി |
| 3. | P. ജയചന്ദ്രൻ നായർ |
| 4. | N. ശശീന്ദ്രൻ |
| 5. | V.C സുധാകരൻ |
| 6. | P.M. സുരേഷ്ബാബു |
| 7. | P.G.അനിൽ മാസ്റ്റർ |
| 8. | ശോഭടീച്ചർ |

പഞ്ചായത്തിലെ പന്ത്രണ്ട് വിശേഷാൽ ഗ്രാമ സഭകൾ സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 13 വരെയുള്ള അവധിദിവസങ്ങളിലാണ് നടന്നത്. പതിനാന്ന് ഗ്രാമ സഭകളിൽ പ്രസിഡണ്ട് ശ്രീ. വി.കെ. ജയപ്രകാശ് അധ്യക്ഷതവഹിച്ചു. ഒരു ഗ്രാമസഭയിൽ വൈസ് പ്രസിഡണ്ട് ശ്രീ. ടി.എസ്. ദാസ് അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി സുലോചനാ ഭാസ്കർ, ബ്ളോക്ക് പഞ്ചായത്ത് വൈസ്പ്രസിഡണ്ട് കെ.കെ. ബാലകൃഷ്ണൻ, ബ്ളോക്ക് മെമ്പർ ശ്രീമതി സൈനബ തുടങ്ങിയവർ വിവിധ ഗ്രാമഭകളിൽ ഉദ്ഘടാനകർമ്മം നിർവ്വഹിച്ചിരുന്നു. പഞ്ചായത്ത് തല പരിശീലകരിൽ ഭൂരിഭാഗം പേരും സജീവമായി ഗ്രാമ സഭകളിൽ പങ്കെടുത്തിരുന്നു. വാർഡുമെമ്പർമാർ, പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ജീവനക്കാർ എന്നിവർ വളരെ താല്പര്യത്തോടുകൂടി ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. കൃഷി, ആരോഗ്യം, ഗ്രാമ വികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരും അംഗനവാടി ടീച്ചർമാരും മിക്കവാറും എല്ലാ ഗ്രാമസഭകളിലും സജീവമായി പങ്കെടുത്തിരുന്നു.

ഗ്രാമസഭകളിൽ സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച 12 വിഷയങ്ങളിൽ സമഗ്രവും സജീവവുമായ ചർച്ചകളാണ് ഉണ്ടായത്. ചർച്ചകൾക്ക് ജില്ലാ പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ മാർഗ്ഗ നിർദേശം നിൽകിയിരുന്നു. ഗ്രാമത്തിൻെറയും ഗ്രാമീണ ജനതയുടെ വികസനപ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും കൂട്ടായി പരിഹാരങ്ങൾ കണ്ടെത്താനും ഒത്തുകൂടിയ ഗ്രാമസഭകളിൽ രണ്ടായിരത്തിലേറെ പേരുടെ സജീവ പങ്കാളിത്തം നമ്മുടെ ഗ്രാമവികസന രേഖക്ക് രൂപം കൊടുക്കുന്നതിനുള്ള ആവേശം പകർന്നു. ഓടുപൊട്ടിതകർന്ന ക്ലാസ്മുറിയുടെ അവസ്ഥ ഗ്രാമസഭയിൽ പങ്കെടുത്തവരുടെ ശ്രദ്ധയിൽപ്പെട്ടതോടെ സാമ്പത്തിക സാമാഹരണം നടത്തി പരിഹാരം കണ്ടെത്തിയ ഗ്രാമസഭാംഗങ്ങളുടെ പ്രവർത്തനം വികസന മാതൃകൾക്ക് പുതിയമാനം തീർക്കുന്നതായിരുന്നു.

ആസൂത്രണപരിപാടിയുടെ രണ്ടാംഘട്ട സംസ്ഥാനതല പരിശീലനത്തിൽ K.R.P യായി ശ്രീ. എം. മൊയ്തുണ്ണികുട്ടിയും തുടർന്ന് അകത്തേത്തറയിൽ വച്ച് ഒക്ടബർ 22,23,24 തീയതികളിൽ നടന്ന ജില്ലാ പരിശീലനത്തിൽ പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെ 11 പേർ പങ്കെടുത്തു. പഞ്ചായത്ത് തലത്തിൽ നവംബർ 9-ാം തീയതി നടന്ന പരിപാടിയിൽ അമ്പത് പേർ പങ്കെടുത്തു. പരിശീലന ക്ലാസിൽ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിഷയങ്ങൾക്കായിരുന്നു ഊന്നൽ നൽകിയത്. നേരറിവിനും, നാട്ടറിവിനും, കണ്ടറിവിനും വേണ്ടി നവംബർ 14-ാം തീയതി നടന്ന പഞ്ചായത്ത് തല പഠനപര്യടന യാത്രയിൽ 14 പേർ പങ്കാളികളായി. ശാസ്ത്ര സാഹിത്യ പരിഷത്തിൻെറയും ഭൗമശാസ്ത്രപഠന കേന്ദ്രത്തിൻെറയും പഞ്ചായത്ത് ഭരണസമിതിയുടേയും നേതൃത്വത്തിൽ 1991 - ൽ പൂർത്തീകരിച്ച വിഭവ ഭൂപടം ഈ യാത്രക്ക് ഒരു മാർഗ്ഗരേഖയായിരുന്നു.

പരിമിതമായ വിഭവശേഷിയും ബഹുമുഖങ്ങളായ നിരവധി പ്രശ്നങ്ങളും ഉള്ള പഞ്ചായത്താണ് നമ്മുടേത്. പ്രശ്നപരിഹാരങ്ങൾക്ക് സമൂർത്തങ്ങളായ പദ്ധതികൾ ആവിഷ്ക്കരിക്കണം. മതത്തിൻെറയും കക്ഷരാഷ്ട്രീയത്തിൻെറയും മതിലുകൾക്ക് അപ്പുറത്ത് വർഗ്ഗ ബഹുജനപ്രസ്ഥാനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും മുഴുവൻ ജനവിഭാഗങ്ങളുടേയും വിപുലമായ ഐക്യവും കൂട്ടായ്മയും ഉണ്ടാക്കി ഒരു പുതിയ വികസന സംസ്ക്കാരം വളർത്തേണ്ടിയിരിക്കുന്നു. അതിന് ഉപകരിക്കട്ടെ ഈ വികസന സെമിനാർ !

[ചാർട്ട് - 2]

## പുരപ്പരിയാരം പഞ്ചായത്ത് വിശേഷാൽ ഗ്രാമസഭ

| ക്രമനമ്പർ | വാർഡുകൾ | ഗ്രാമസഭ നടന്ന തീയതി | പങ്കെടുക്കുന്നവർ | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | 1-ാം നിയോജകമണ്ഡലം | 22-9-96 | 94 | 26 | 120 |
| 2 | 2-ാം നിയോജകമണ്ഡലം | 22-9-96 | 98 | 6 | 104 |
| 3 | 3-ാം നിയോജകമണ്ഡലം | 29-9-96 | 134 | 41 | 175 |
| 4 | 4-ാം നിയോജകമണ്ഡലം | 22-9-96 | 119 | 46 | 165 |
| 5 | 5-ാം നിയജോകമണ്ഡലം | 2-1-96 | 104 | 54 | 158 |
| 6 | 6-ാം നിയോജക മണ്ഡലം | 6-1-96 | 124 | 37 | 161 |
| 7 | 7-ാം നിയോജകമണ്ഡലം | 6-1-96 | 178 | 67 | 245 |
| 8 | 8-ാം നിയോജകമണ്ഡലം | 12-1-96 | 120 | 29 | 149 |
| 9 | 9-ാം നിയോജക മണ്ഡലം | 2-1-96 | 94 | 49 | 143 |
| 10 | 10-ാം നിയോജക മണ്ഡലം | 12-1-96 | 103 | 32 | 135 |
| 11 | 11-ാം നിയോജക മണ്ഡലം | 13-1-96 | 216 | 85 | 301 |
| 12 | 12-ാം നിയോജകമണ്ഡലം | 13-1-96 | 168 | 80 | 248 |
| | | | 1552 | 552 | 2104 |



ആസൂത്രണം എന്ന ആശയത്തിന്
മനുഷ്യനോളം തന്നെ പഴക്കമുണ്ട്.
പ്രശസ്ത ദാർശനികനായ പ്ലേറ്റോ,
തന്റെ റിപ്പബ്ളിക് എന്ന ഗ്രന്ഥത്തിലൂടെ
ആസൂത്രണമെന്ന ആശയത്തിന്
ഔപചാരികത പകർന്നു.
'പ്രിൻസിപ്പൾസ് ഓഫ് പ്രൈവറ്റ്
ആന്റ് പബ്ളിക് പ്ലാനിങ്ങ്'
എന്ന ഗ്രന്ഥത്തിലൂടെ 1910ൽ
പ്രൊഫ. ക്രിസ്റ്റൺഫോൺ ഹൈഡർ
സാമ്പത്തികാസൂത്രണത്തിന്റെ
അടിത്തറ പാകി.
ആസൂത്രണത്തെ ആധുനിക-
വൽക്കരിക്കുന്നതിൽ
മുൻകയ്യെടുത്തത് 1928ൽ
സോവിയറ്റ് റഷ്യയായിരുന്നു.
വികേന്ദ്രീകൃതാസൂത്രണമെന്ന
അധുനാതുനമായ ആശയം ഭാരതത്തിൽ
ഗാന്ധിയൻ തത്വചിന്തകളിൽ നിന്നും
ഉത്തേജനമുൾക്കൊണ്ടുകൊണ്ടാണ്,
അടിത്തട്ടിൽ നിന്നുള്ള
ആസൂത്രണമെന്ന
ആശയം ഉരുത്തിരിഞ്ഞത്.

പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത്

# ജനപ്രതിനിധികൾ



വി. കെ. ജയപ്രകാശ്
(വാർഡ് - 11)
പ്രസിഡൻറ്



ടി. എസ് ദാസ്
(വാർഡ് - 4)
വൈസ് പ്രസിഡൻറ്



കെ. ആർ. മോഹൻദാസ്
(വാർഡ് - 7)
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

**പുതുപ്പരിയാരം**
**ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ**



പി. സുകുമാരൻ
സ്പെഷൽ ഗ്രേഡ് സെക്രട്ടറി



എ. വി. രാധാകൃഷ്ണൻ
1–ാം വാർഡ് മെമ്പർ



വേലുക്കുട്ടി
2–ാം വാർഡ് മെമ്പർ



വി. ചന്ദ്രികാദേവി
3–ാം വാർഡ് മെമ്പർ



ഉണ്ണികൃഷ്ണൻ
5–ാം വാർഡ് മെമ്പർ



പി. സി. സേതു
8–ാം വാർഡ് മെമ്പർ



തങ്കപ്പൻ
9–ാം വാർഡ് മെമ്പർ



ദേവയാനി കരുണാകരൻ
10–ാം വാർഡ് മെമ്പർ



ബേബിസുധ
6–ാം വാർഡ് മെമ്പർ



വസന്തകുമാരി. വി
12–ാം വാർഡ് മെമ്പർ

# പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര്.................... | പുതുപ്പരിയാരം |
| ഉൾപ്പെടുന്ന വില്ലേജുകൾ................ | പുതുപ്പരിയാരം 1, 2 |
| ബ്ലോക്ക് പഞ്ചായത്ത്........................ | മലമ്പുഴ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ... | കാവിൽപ്പാട്, പുതുപ്പരിയാരം |
| ജില്ല.................................................. | പാലക്കാട് |
| ജില്ലപഞ്ചായത്ത് ഡിവിഷൻ........... | പുതുപ്പരിയാരം |
| താലൂക്ക്............................................. | പാലക്കാട് |
| പാർലിമെൻറ് മണ്ഡലം.................... | പാലക്കാട് |
| അസംബ്ളി മണ്ഡലം........................ | മലമ്പുഴ |

| | |
|---|---|
| വിസ്തീർണ്ണം...................... | 29.58 ച. കി. മീ |
| ജനസംഖ്യ (1991)................ | 31,916 |
| പുരുഷൻ........................... | 15,672 |
| സ്ത്രീകൾ........................... | 16,244 |
| ജനസാന്ദ്രത (ച. കി. മീ).. | 1079 |
| വാർഡുകൾ......................... | 12 |
| സാക്ഷരത (1991)................ | 73.55 |

അതിരുകൾ

| | |
|---|---|
| വടക്ക്............. | മലമ്പുഴ പഞ്ചായത്ത്, റിസർവ് വനം |
| കിഴക്ക്........... | അകത്തേത്തറ പഞ്ചായത്ത്, |
| തെക്ക്............ | പാലക്കാട് മുനിസിപ്പാലിറ്റി<br>പിരായിരി പഞ്ചായത്ത് |
| പടിഞ്ഞാറ്..... | പറളി, മുണ്ടൂർ പഞ്ചായത്തുകൾ |

| | |
|---|---|
| പ്രസിഡൻറിന്റെ പേര്.................................. | വി. കെ. ജയപ്രകാശ് |
| വൈസ് പ്രസിഡൻറിന്റെ പേര്.................... | ടി. എസ്. ദാസ് |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പേര്... | കെ. ആർ. മോഹൻദാസ് |

# ഭരണചരിത്രം

28-12-1961- ലാണ് പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടത്. അതിന് മുമ്പ് ഭൂരി ഭാഗം പ്രദേശങ്ങളും വള്ളക്കോട് പഞ്ചായത്തിലായിരുന്നു. വള്ളിക്കോട് പഞ്ചായത്തിൻെറ പ്രസിഡൻറ് V.P. പ്രഭാകരൻ നായർ ആയിരുന്നു. വള്ളിക്കോട് പഞ്ചായത്തിനെയും അതിനടുത്തുള്ള പ്രദേശങ്ങളെയും കൂട്ടിച്ചേർത്താണ് പുതുപ്പരിയാരം പഞ്ചായത്ത് രൂപീകരിച്ചത്. കാവിൽപ്പാട്, പുതുപ്പരിയാരം വള്ളിക്കോട്, നൊച്ചുപ്പിള്ളി എന്നീ അംശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ആദ്യത്തെ തെരഞ്ഞെടുപ്പിൽ 7 വാർഡുകളാണ് ഉണ്ടായിരുന്നത്. ആദ്യത്തെ പ്രസിഡൻറ് മാധവൻ നായർ ആയിരുന്നു വൈസ് പ്രസിഡൻറ് ഗോപാലൻ വൈദ്യർ. അംഗങ്ങൾ P.S. പ്രഭാകരൻ V.A ഹംസ, V.P. പ്രഭാകരൻ നായർ, P. കുട്ടികൃഷ്ണൻ, പഴനിമല എന്നിവരാണ്. വനിത നോമിനേറ്റഡ് അംഗം ദേവകികുട്ടിയമ്മ. ആദ്യത്തെ തെരഞ്ഞെടുപ്പ് രാഷ്ട്രീയ കക്ഷി അടിസ്ഥാനത്തിലായിരുന്നില്ല. 10 വർഷത്തിനുശേഷം പ്രസിഡൻറ് മാധവൻ നായർ അന്തരിച്ചു. ഒഴുവിൽ ചാത്തുകുട്ടിനായർ പ്രസിഡൻറായി. ആദ്യം നിലവിൽ വന്ന ഈ ഭരണ സമിതി 15 വർഷത്തോളം (1979 ആഗസ്റ്റ് വരെ) നിലനിന്നു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ സി.ബി. കുഞ്ഞിപ്പ 1-10-1979 മുതൽ പ്രസിഡൻറായി. ഈ ഭരണസമിതി 1984 സെപ്റ്റംബർ വരെ തുടർന്നു. പിന്നീട് 4 വർഷത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ 6-2-88 ൽ സി.ബി. കുഞ്ഞിപ്പ വീണ്ടും പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. 10-8-93 ൽ സി.ബി. കുഞ്ഞിപ്പ അന്തരിച്ചു. അതിനുശേഷം ശ്രീ. ടി. എൻ. കൃഷ്ണൻ പ്രസിഡൻറായി.

ആദ്യകാലങ്ങളിൽ പുതുപ്പരിയാരത്തുള്ള അപ്പാവുകുട്ടി റാവുത്തരുടെ വീട്ടിൽ വാടകക്കായിരുന്നു പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. പിന്നീട് പഞ്ചായത്ത് സമിതി സ്വന്തമായി സ്ഥലം വാങ്ങി ഓഫീസ് നിർമ്മിക്കുകയുണ്ടായി.

1994 - ൽ ഭരണഘടനാ വിധേയമായി പഞ്ചായത്ത് രാജ് നിയമം പാസ്സാക്കിയതിനുശേഷം 1995 - ൽ നടന്ന തെരഞ്ഞെടുപ്പിൽ നിലവിൽ വന്ന ഭരണ സമിതിയാണ് ഇപ്പോഴുള്ളത്. 1995 ഒക്ടോബർ രണ്ടിന് V.K. ജയപ്രകാശ് പ്രസിഡൻറായുള്ള ഭരണസമിതി അധികാരമേറ്റു.



**ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ**

1. രാധാകൃഷ്ണൻ. A.V
2. വേലുക്കുട്ടി C.
3. ചന്ദ്രിക ദേവി V.
4. T.S.ദാസ് (വൈസ് പ്രസിഡൻറ്)
5. ഉണ്ണികൃഷ്ണൻ A.
6. ബേബിസുധ V.
7. K.R. മോഹൻദാസ്
8. P.C. സേതു
9. തങ്കപ്പൻ K.
10. ദേവയാനി കരുണാകരൻ
11. V.K. ജയപ്രകാശ് (പ്രസിഡൻറ്)

# സാമൂഹ്യ - സംസ്കാരിക ചരിത്രം

പുതുപ്പരിയാരം, വള്ളിക്കോട്, കാവിൽപ്പാട്, നൊച്ചിപ്പുള്ളി എന്നീ അംശങ്ങൾ ചേർന്നാണ് പുതുപ്പരിയാരം പഞ്ചായത്തായി മാറിയത്.

ഐതിഹ്യങ്ങൾ ചരിത്രത്തിന്റെ ഗതിയേയും സംസ്ക്കാരത്തേയും വലിയൊരളവിൽ സ്വാധീനിച്ചിരുന്നു.

വള്ളിക്കാട്-വള്ളിക്കോട് ആയതാണത്രേ. പാണസമുദായത്തിൽപ്പെട്ട കുറച്ചുപേർ വിറകു ശേഖരിക്കുന്നതിന് ഈ മലഞ്ചരിവിലെത്തി. വിറക് ശേഖരിച്ച് നീങ്ങുന്നതിനിടക്ക് ഇവർ വള്ളിപ്പടർപ്പുകളിൽ കുടുങ്ങി നേരം ഇരുട്ടുകയുംചെയ്തു. കുരുക്കിൽ നിന്ന് രക്ഷപ്പെടുന്നതിന് അവർ ദേവിയെ ധ്യാനിച്ച് സ്തുതിഗീതങ്ങൾ പാടി. വള്ളിപ്പടർപ്പുകൾ വകഞ്ഞുമാറ്റി അവർ മുന്നേറി. മുളകുറ്റികൾ തീപ്പന്തങ്ങൾ ആക്കി ഇരുട്ടിനെ അകറ്റി.

ഈ സംഭവമാണ് ഇപ്പോഴും ക്ഷേത്രോത്സവങ്ങളിൽ ധാരാളം അരങ്ങേറുന്ന പാങ്കളിക്ക് ആധാരം. പാണന്റെകളി പാങ്കളി ആയതാണ് എന്ന് വിശ്വസിക്കപ്പെടുന്നു.

വള്ളിക്കോട്ടെ പുരാതനമായ കൂട്ടാലത്തറവാട്ടുകാരുടെ മേൽനോട്ടത്തിലായിരുന്ന വളയപ്പുള്ളിക്ഷേത്രവും ഭൂസ്വത്തുക്കളും മറ്റും തിരുവില്വാമല ക്ഷേത്രത്തിലേക്ക് കൈമാറിയതുകൊണ്ട് വളയപ്പുള്ളിക്ഷേത്രം ഇപ്പോൾ കൊച്ചി ദേവസ്വത്തിൻ കീഴിലാണ്.

ദേശവ്യാപകമായി ആഞ്ഞടിച്ച സ്വാതന്ത്ര്യസമരത്തിന്റെ കൊടുങ്കാറ്റ് ഇവിടെയും അലകളുണ്ടാക്കി. പി.ഇട്ടിരാശൻ നായർ (പി.ഐ.നായർ) മാരാത്ത് കുടുംബത്തിലെ ഗോവിന്ദൻകുട്ടി, ഗോപാലൻകുട്ടി, ശങ്കരനാരായണൻ തുടങ്ങിയവർ വ്യത്യസ്ഥ ഘട്ടങ്ങളിലായി വിവിധ രീതിയിലുള്ള സമരങ്ങളിലും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിലും പങ്കെടുത്തു.



വി.പി. പ്രഭാകരൻ നായർ



കനകത്ത് പത്മനാഭമേനോൻ

പഞ്ചായത്തതിർത്തിയിലുള്ള കോമൺ വെൽത്ത് ഓട്ടുകമ്പനിയിലേയും സമീപപ്രദേശങ്ങളിലെ ബീഡിക്കമ്പനിയിലേയും തൊഴിലാളികൾ അധികവും ഈപ്രദേശത്തുള്ളവരായിരുന്നു. തൊഴിലാളികൾ എന്നനിലയിൽ സ്വാഭാവികമായും വരുന്ന സംഘബോധം സാർവദേശീയ-ദേശീയ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനുള്ള പ്രേരണയായി. ഇതിന്റെ ഫലമായി അവർ ജീവിക്കുന്ന പരിസരങ്ങളിൽ ഹരിജനങ്ങളേയും പിന്നോക്ക വിഭാഗക്കാരുടേയും സാമൂഹ്യ അവശതകൾ പരിഹരിക്കാൻ നടത്തിയ പാങ്ങൽ ശിവക്ഷേത്രക്കുളം തീണ്ടൽ സമരവും മറ്റും ജന്മിത്വത്തിനെതിരായ കർഷക-കർഷക തൊഴിലാളി പ്രസ്ഥാനങ്ങളുടെ അവകാശ സമരങ്ങളായി വളർന്നു. ഇതിന് നേതൃത്വം നൽകിയ പ്രമുഖരിൽ എ.എൻ.യൂസഫ്, സി.ബി. കുഞ്ഞിപ്പ, വി.എ. ഹംസ എന്നിവരുൾപ്പെടുന്നു. ചരിത്രപ്രസിദ്ധമായ സേലം ജയിൽ വെടിവെപ്പ് നടക്കുമ്പോൾ ഇവർ അവിടെ തടവുകാരായിരുന്നു.

ജന്മിത്വത്തിനെതിരെ കർഷകരെ സംഘടിപ്പിക്കുന്ന പ്രവർത്തന ങ്ങളിൽ പൂച്ചിറക്കടുത്തുള്ള പൊന്നുണ്ണിയും പങ്കെടുത്തിട്ടുണ്ട്. ഒലവക്കോട് കേശവൻ നായർ എന്നപേരിൽ ചില ആദ്യകാല തമിഴ് ചിത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്ന ശ്രീ. കെ. പി. കേശവൻനായർ പുതുപ്പരിയാരത്തെ സാമൂഹ്യ മാറ്റങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായിരുന്നു.

കാവിൽപ്പാട് കുന്നത്ത് ജനാർദ്ദനമേനോൻ, കണ്ണൻ ജനാർദ്ദനൻ എന്ന പേരിൽ പ്രസിദ്ധിയിലേക്കുയർന്ന ഒരു പത്ര പ്രവർത്തകനും സാഹിത്യകാരനുമാണ്.

"താലപുഷ്കരം","തിലോത്തമ" "രോഹിണി" തുടങ്ങി പ്രസിദ്ധീകൃതങ്ങളായ നിരവധി നോവലുകളും സ്വാമി വിവേകാനന്ദൻ, മഹാകവി കുമാരനാശാൻ, വി.സി. ബാലകൃഷ്ണ പണിക്കർ എന്നിവരുടെ ജീവചരിത്രങ്ങളും "വസന്തസേനം""മാളവിക"എന്നീ നാടകങ്ങളും ശ്രദ്ധേയങ്ങളായ ഒട്ടനവധി ചെറുകഥകളും നിരൂപണ ഗ്രന്ഥങ്ങളും ഉൾപ്പെട്ട എൺപതോളം കൃതികളുടെ കർത്താവാണ്.

ഗ്രന്ഥകർത്താവെന്നതിലുപരി"സുദർശനം" "ധർമദേശം" "എക്സ്പ്രസ്സ്" "ദീപം" "കേരള ശോഭിനി", "മലബാറി"തുടങ്ങിയപത്രങ്ങളുടെ പത്രാധിപച്ചുമതല വഹിച്ചിട്ടുണ്ട്. 'ദ്വിതീയാക്ഷരപ്രാസവാദം 'സാഹിത്യലോകത്ത് വലിയ കോളിളക്കം സൃഷ്ടിച്ചിരുന്ന കാലത്ത് മഹാകവി ഉള്ളൂരിന്റെ വാദഗതികളെ ശക്തിയുക്തം ഖണ്ഡിച്ചുകൊണ്ടുള്ള സരസകവി കെ. സി. കേശവപിള്ളയുടെ ലേഖന പരമ്പര കേരളവർമ വലിയകോയിത്തമ്പുരാന്റെ അപ്രീതിക്ക് പാത്രീഭവിച്ചാലോ എന്ന് ഭയന്ന് പ്രമുഖ പത്രങ്ങൾ പലതും പ്രസിദ്ധീകരിക്കാൻ വിസമ്മതിച്ചപ്പോൾ കണ്ണൻ ജനാർദ്ദനന്റെ പത്രാധിപത്വത്തിൽ

പുറത്തിറങ്ങിയിരുന്ന ''സുദർശനം'' അത് പ്രസിദ്ധീകരിച്ചു.പിന്നീട് കേരളവർമ വലിയകോയിത്തമ്പുരാൻ കണ്ണൻ ജനാർദ്ദനൻെറനിർഭയമായ പത്ര പ്രവർത്തന രീതിയെ അഭിനന്ദിക്കുകയും ചെയ്തു.

1955 ജൂലൈ 6ന് എഴുപതാമത്തെവയസ്സിൽ ശ്രീ. കണ്ണൻ ജനാർദ്ദനൻ അന്തരിച്ചു.

പുതുപ്പരിയാരത്തിൻെറ സാംസ്കാരിക ചരിത്രത്തിൽ കനകത്ത് പത്മനാഭമേനോൻെറ പങ്ക് ഉൾചേർന്ന് കിടക്കുന്നു. പ്രസിദ്ധമായ വടക്കന്തറ കനകത്ത് തറവാട്ടിൽ ജനിച്ച പത്മനാഭമേനോൻ ഇരുപത്തിമൂന്നാമത്തെ വയസ്സു മുതൽ കാവിൽപാടുമായി ബന്ധപ്പെട്ടാണ് കഴിഞ്ഞിരുന്നത്. സമുദായ പരിഷ് കർത്താവെന്ന നിലയിൽ അദ്ദേഹം വഹിച്ച സേവനം ആദരവോടെ സ്മരിക്കപ്പെടേണ്ടതാണ്. ''കെട്ടുകല്യാണം'' എന്ന അദ്ദേഹത്തിൻെറ കവിത ദുഷിച്ച സമുദായാചാരങ്ങൾക്ക് നേരെയുള്ള ചാട്ടുളിപ്രയോഗമാണ്.''ഭരതൻ'' ''കവനമാല''തുടങ്ങിയവയും അദ്ദേഹത്തിൻെറ ശ്രദ്ധേയങ്ങളായ കവിതകളാണ്.

1940 ൽ അന്നത്തെ പാലക്കാട്ട് രാജാവ് ശേഖരവർമ്മ കനകത്ത് പത്മനാഭമേനോന് ''വരകവി'' എന്ന ബഹുമതി നൽകി ആദരിച്ചു.

1961-ൽ 83-ാം വയസ്സിൽ വരകവി കനകത്ത് പത്മനാഭമേനോൻ അന്തരിച്ചു.

ഇന്നത്തെ പുതുപ്പരിയാരം പഞ്ചായത്തിൻെറ വലിയൊരു ഭാഗം ഭൂപ്രദേശങ്ങളും വള്ളിക്കോട് അംശമായിരുന്നു. 1955ൽ ആദ്യമായി ജനങ്ങൾ വോട്ട് ചെയ്ത് പ്രാദേശികഭരണ സമിതിയെ തിരഞ്ഞെടുത്തു. കക്ഷിരാഷ്ട്രീയത്തിൻെറ വേർതിരിവില്ലെങ്കിലും വാശിയോടെ മത്സരം നടന്നിരുന്നു. നിലവിൽ വന്ന വള്ളിക്കോട് പഞ്ചായത്തിൻെറ ഭരണസമിതിയുടെ പ്രസിഡൻറ് ശ്രീ. വി. പി. പ്രഭാകരൻ നായരായിരുന്നു. വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തൽ പ്രാദേശിക ഭരണസമിതികൾക്ക് വലിയപ്രശ്നംതന്നെയായിരുന്നു. നഗരവുമായി വളരെ അടുത്ത് കിടക്കുന്ന പ്രദേശമാണെങ്കിലും ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമായിരുന്നു. വള്ളിക്കോട്ഭാഗത്തു നിന്ന് റെയിൽവേ ലൈനിൻെറ സമീപത്തുകൂടി നടന്നാണ് സാധാരണക്കാർ പലപ്പോഴും പാലക്കാട് നഗരത്തിലെത്തുക.

പച്ചക്കറി കൃഷി കേന്ദ്രമായ വള്ളിക്കോട്ട് നിന്നുള്ള ഉല്പന്നങ്ങൾ തലച്ചുമടാമായി ഇതുവഴിയാണ് അധികവും പോയിരുന്നത്. ഒലവക്കോട്ടെ ഓട്ടുകമ്പനി തൊഴിലാളികളും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് നഗരത്തിലേക്ക് പോകുന്ന വിദ്യാർത്ഥികൾക്കും ഇതായിരുന്നു എളുപ്പമാർഗ്ഗം.

ഈ പശ്ചാത്തലത്തിലാണ് വള്ളിക്കോട് റെയിൽവേ സ്റ്റേഷൻ വന്നത്. ആളുകൾക്ക് ഏറെ പ്രയോജനപ്രദമായ ഈസ്റ്റേഷൻ ദീർഘകാലം നിലനിന്നില്ല.

രണ്ടാം ലോക മഹായുദ്ധകാലത്ത് പട്ടാളം ഇവിടെ ക്യാമ്പു ചെയ്തിരുന്നു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുരളിയിലെ ഗവർമെൻറ് വെൽഫയർ സ്ക്കൂൾ എന്നിവ പട്ടാളം ഒഴിച്ചുപോയതിനുശേഷം രൂപമെടുത്ത സ്ഥാപനങ്ങളാണ്.

പട്ടാളത്തിൽ നിന്ന് പിരിഞ്ഞു പോന്നവരുടെ സഹകരണ സംഘം ഇവിടെ രണ്ട് വ്യവസായങ്ങൾ നടത്തുന്നു. ഒന്ന്, ടിമ്പർ വർക്സും മറ്റൊന്ന് മെറ്റൽ വർക്സുമാണ്.

ഗതകാല സ്മരണകൾ അയവിറക്കി നിൽക്കുന്ന ആവശ്യമില്ലാത്ത രേഖകൾ കത്തിച്ച് ചാമ്പലാക്കിയിരുന്ന ചൂള ഇപ്പോഴും ഇവിടെ എന്തിനോ വേണ്ടി നിൽക്കുന്നു.

കാളവണ്ടികൾക്ക് ചുമത്തിയ നികുതി, വീട്ടുനികുതി, കച്ചവടങ്ങൾക്കുള്ള നികുതി എന്നിവയായിരുന്നു പഞ്ചായത്തുകളുടെ ധനാഗമമാർഗ്ഗം.

ജനങ്ങളുടെ ജീവിതസാഹചര്യങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അവരുടെതന്നെ കൂട്ടായ്മയിലൂടെ കണ്ടെത്തുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും പരിഗണിക്കപ്പെടുന്ന കാലത്തിന്റെ ദശാസന്ധിയിൽ നൻമയുടെ വറ്റാത്ത നീരുറവുകൾ തേടി നാം അലയേണ്ടതില്ല. അതിവിടെ യുണ്ട്, നമുക്കു ചുറ്റും...........



## PUDUPPARIYARAM GRAMA PANCHAYAT



# 4.
# ഭൂപ്രകൃതിയും വിഭവങ്ങളും

പാലക്കാട് ജില്ലയിൽ പാലക്കാട് ടൗണിൽ നിന്ന് 8 കിലോമീറ്റർ വടക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് പുതുപ്പരിയാരം. അക്ഷാംശം $10^0$ 47' 02" മുതൽ $10^0$ 52' 31" N ന്റെയും രേഖാംശം $76^0$ 33' 45" മുതൽ $76^0$ 38' 34" E ന്റെയും ഇടയിലാണ് പഞ്ചായത്തിന്റെ സ്ഥാനം. 29.58 ചതുരശ്ര കി.മി. വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ വടക്ക് റിസർവ് വനവും മലമ്പുഴ പഞ്ചായത്തും കിഴക്ക് അകത്തേത്തറ പഞ്ചായത്തും പാലക്കാട് മുനിസിപ്പാലിറ്റിയും തെക്ക് പിരായിരി പഞ്ചായത്തും പടിഞ്ഞാറ് മുണ്ടൂർ, പറളി പഞ്ചായത്തുകളുമാണ് അതിരുകൾ.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ മുഖ്യമായും 5 മേഖലകളായി തിരിക്കാം.

1. ചെറിയ മലകൾ
2. ഉയർന്ന സമതലം
3. ചെങ്കുത്തായ ചരിവ് പ്രദേശങ്ങൾ
4. ഇടത്തരം ചരിവ് പ്രദേശങ്ങൾ
5. സമതല പ്രദേശങ്ങൾ

പഞ്ചായത്ത് സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 100 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. സമുദ്രനിരപ്പിൽ നിന്ന് 250 മീറ്റർ ഉയരമുള്ള കമ്പമലയും ഉള്ള മീറ്റർ ഉയരമുള്ള വള്ളിക്കോട് മലയുമാണ് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ.

എക്കൽമണ്ണ്, കളിമണ്ണ്, മണൽമണ്ണ്, ചെമ്മണ്ണ്, വെട്ടുകൽ മണ്ണ്, ചരൽ മണ്ണ് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന മൺതരങ്ങൾ. പൊതുവെ കൃഷിക്കനുയോജ്യമായ മണ്ണാണ് കൂടുതൽ പ്രദേശത്തും കാണുന്നത്. എരുവിൽ തോടിന്റെയും കൽപ്പാത്തി പുഴയുടെയും ഇരുവശങ്ങളിലും വളക്കൂറുള്ള മണൽ മണ്ണ് കൂടുതലായി കാണുന്നു. ഇവിടങ്ങളിൽ പ്രധാനകൃഷി തെങ്ങാണ്. കുന്നിൻപ്രദേശങ്ങളിലെ ചരൽമണ്ണ് പൊതുവെ ഫലപുഷ്ടി കുറഞ്ഞതാണ്.

ഒരു വർഷത്തിൽ ശരാശരി 120 ദിവസം മഴ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ ചരിവ് പ്രദേശം കൂടുതലുള്ളതുകൊണ്ടും സംവിധാനങ്ങളുടെ കുറവുകൊണ്ടും കൂടുതൽ വെള്ളവും തോടുകളിലൂടെ പുഴയിലെത്തി പാഴായിപോകുന്നു. പഞ്ചായത്തിന്റെ ഒരു അതിർത്തിയിലൂടെ പോകുന്ന കൽപാത്തി പുഴയും ധോണി മലയിൽ നിന്ന് ആരംഭിച്ച് പഞ്ചായത്തിലൂടെ ഒഴുകി കൽപ്പാത്തി പുഴയിൽ ചേരുന്ന എരിവിൽ തോടുമാണ് പ്രധാന പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ. പഞ്ചായത്തിൽ വലുതും ചെറുതുമായ 45 കുളങ്ങളുണ്ട്.

പഞ്ചായത്തിലെ മൊത്തം ഭൂമിയിൽ 60.3 ശതമാനവും കൃഷിയോഗ്യമായ നിലങ്ങളാണ്. റോഡ്, തോട്, കുളം എന്നിവ 10 ശതമാനവും പാഴ് വൃക്ഷങ്ങൾ, ചെടികൾ എന്നിവ 18 ശതമാനവും പുരയിടം 4.4. ശതമാനവും പാറയും കൃഷിയോഗ്യമല്ലാത്തവയും 2.5 ശതമാനവും വരും. 4.8. ശതമാനം ഭൂമി തരിശാണ്. ഒന്നാം വിളയും രണ്ടാം വിളയും കൂടി നെല്ല് കൃഷിസ്ഥലത്തിന്റെ 64.85 ശതമാനം സ്ഥലത്ത് കൃഷിചെയ്യുന്നു. രണ്ടാം സ്ഥാനത്ത് 12.1 ശതമാനം വരുന്ന തെങ്ങാണ്. കൂടാതെ റബ്ബർ, വാഴ, കശുമാവ്, കവുങ്ങ്, മരച്ചീനി, കുരുമുളക്, ഇഞ്ചി, പച്ചക്കറികൾ എന്നിവയും കൃഷിചെയ്യുന്നു. കർഷകരിൽ 64.12 ശതമാനം പേർക്കും ഒരു ഹെക്ടറിനു താഴെയാണ് കൈവശഭൂമി. 2 ഹെക്ടറിനു മുകളിൽ കൈവശഭൂമിയുള്ള കർഷകർ 4.85 മാത്രമാണ്. (പട്ടിക - 1 കാണുക)

ഭൂഉടമസ്ഥരിൽ 32.47 ശതമാനം പേർക്കും 10 സെൻററിനു താഴെയാണ് ഭൂമി. 10 സെൻററിനും 50 സെൻററിനും ഇടയ്ക്കുള്ളവർ 43.66 ശതമാനമാണ്. 2.73 ശതമാനം പേർക്ക് 5 ഏക്കറിനു മുകളിലാണ് കൈവശഭൂമി.

[ചിത്രം - 1 കാണുക]

# ഭൂവിനിയോഗം

*പട്ടിക – 1*

| ക്രമ നമ്പർ | ഇനം | വിസ്തീർണം സ്ക്വയർ കി. മീ. | ശതമാനം |
|---|---|---|---|
| 1 | പയിടം | 1.3084 | 4.40 |
| 2 | റോഡ്, തോട്, കുളം മുതലായവ | 3.0328 | 10.00 |
| 3 | പാറയും, കൃഷിയോഗ്യമല്ലാത്തവയും | 0.7432 | 2.50 |
| 4 | പാഴ്‌വൃക്ഷങ്ങൾ, ചെടികൾ | 5.4081 | 18.00 |
| 5 | മുന്നാണ്ട് തരിശു ഭൂമി | 0.951 | 3.30 |
| 6 | തന്നാണ്ട് തരിശു ഭൂമി | 0.2934 | 1.50 |
| 7 | കൃഷിയോഗ്യമായ നിലം | 17.8364 | 60.30 |
| | ആകെ | 29.5814 | 100.00 |

**തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ**




*ചിത്രം –1*

## തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ

*പട്ടിക – 2*

| നമ്പർ | തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|---|
| 1 | കൃഷിക്കാർ | 615 | 151 | 766 | 7.52 |
| 2 | കർഷക തൊഴിലാളികൾ | 1476 | 1813 | 3289 | 32.29 |
| 3 | മൃഗപരിപാലനം, വനം | 243 | 57 | 300 | 2.94 |
| 4 | ഖനനം, പാറപൊട്ടിക്കൽ | 9 | 1 | 10 | 0.10 |
| 5 | കുടിൽ വ്യവസായം | 164 | 9 | 173 | 1.70 |
| 6 | കുടിലോര വ്യവസായം | 953 | 84 | 1037 | 10.18 |
| 7 | കെട്ടിട – റോഡ് നിർമ്മാണം | 312 | 22 | 334 | 3.28 |
| 8 | വാണിജ്യം | 1044 | 94 | 1138 | 11.17 |
| 9 | ഗതാഗതം, വാർത്താവിനിമയം | 1500 | 98 | 15 | 15.69 |
| 10 | മറ്റു സേവനങ്ങൾ | 978 | 563 | 1541 | 15.13 |
| | ആകെ | 7294 | 2892 | 10,186 | 100.00 |

## തൊഴിലെടുക്കുന്നവരുടെ എണ്ണം

*പട്ടിക – 3*

| | | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | മുഖ്യ തൊഴിലുകൾ | 7294 | 2892 | 10186 |
| 2 | ഭാഗിഗം തൊഴിലുകൾ | 265 | 373 | 638 |
| | മൊത്തം | 7559 | 3265 | 10824 |
| | തൊഴിൽപങ്കാളിത്ത നിരക്ക് | 48.23% | 20.09% | 33.91% |

**ഭൂമിയുടെ ഉടമസ്ഥത**



*ചിത്രം –2*

1991 - ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 31,916 ആണ്. ഇതിൽ 15,672 പുരുഷൻമാരും 12,244 സ്ത്രീകളുമുണ്ട്. പുരുഷൻമാരെ അപേക്ഷിച്ച് 572 സ്ത്രീകൾ കൂടുതലാണ്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1079 ആകുന്നു. ഇത് സംസ്ഥാന ജില്ലാ ശരാശിരയെക്കാൾ കൂടുതലാണ്. ജനസംഖ്യയിൽ 4161 പേർ 6 വയസ്സിന് താഴെയുള്ളവരാണ്. ഇതിൽ 2139 ആൺകുട്ടികളും 2092 പെൺകുട്ടികളുമാണ്. പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം 1991 - ലെ കണക്കനുസരിച്ച് 6129 ആണ്. പഞ്ചായത്തിൻെറ സാക്ഷാരതാനിരക്ക് 73.35 ശതമാനം ആണ്.

മൊത്തം ജനസംഖ്യയിൽ 10,186 പേർ മുഖ്യതൊഴിലുള്ളവരും, 638 പേർ ഭാഗികതൊഴിലുള്ളവരും, 21092 പേർ തൊഴിൽ രഹിതരുമാണ്. മുഖ്യതൊഴിലുള്ളവരിൽ 32.29 ശതമാനം പേർ കർഷകതൊഴിലാളികളാണ്. 11.17 ശതമാനം പേർ വാണിജ്യമേഖലയിലും, 15.59 ശതമാനം പേർ ഗതാഗതം, വാർത്താവിനിമയമേഖലയിലും, 10.18 ശതമാനം പേർ കുടിലേതര വ്യവസായമേഖലയിലും പണിയെടുക്കുന്നു. പഞ്ചായത്തിലെ തൊഴിൽ പങ്കാളിത്ത നിരക്ക് 33.91 ശതമാനമാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷൻമാരെ അപേക്ഷിച്ച് വളരെ പിന്നിലാണ്.

കാർഷികരംഗം ആദായകരമല്ലാത്തതോടെ തൊഴിലാളികളുടെ മറ്റുതൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. അഭ്യസ്തവിദ്യരുടെ എണ്ണം ഓരോ വർഷംതോറും വർദ്ധിക്കുന്നുണ്ടെങ്കിലും അവരുടെ പ്രതീക്ഷക്കൊത്തുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. ഇതുകൊണ്ടുതന്നെ തൊഴിലില്ലായ്മ അതിരൂക്ഷമായ ഒരു സാമൂഹ്യ പ്രശ്നമായി മാറികൊണ്ടിരിക്കുന്നു.

## പട്ടിക - 3
## തൊഴിലെടുക്കുന്നവരുടെ എണ്ണം

| | | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | മുഖ്യതൊഴിലുകൾ | 7294 | 2892 | 10186 |
| 2 | ഭാഗികം തൊഴിലുകൾ | 265 | 373 | 638 |
| | മൊത്തം | 7559 | 3265 | 10824 |
| | തൊഴിൽ പങ്കാളിത്ത നിരക്ക് | 48.23% | 20.09% | 33.91% |

## പാലക്കാട് ജില്ല

### പുതുപ്പരിയാരത്തിന്റെ സ്ഥാനം



# 5
# വികസന മേഖലകൾ



സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ
സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ
ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമേ ഭാരതത്തിൻെറ
സ്വാതന്ത്ര്യം പൂർണമാകൂ........

- മഹാത്മജി

ധോണി മലയിൽ
നിന്നുത്ഭവിച്ച്
ഒഴുകുന്ന എരുവിൽ
തോട് പഞ്ചായത്തിൻെറ
ഹൃദയഭാഗത്തിലൂടെ
ഒഴുകി വാർക്കാട്
പ്രദേശത്തു വെച്ച്
അതിർത്തിരേഖ പോലെ
ഒഴുകിപോകുന്ന
കൽപ്പാത്തി പുഴയിൽ
സംഗമിക്കുന്നു.

# കൃഷി ജലസേചനം

കൃഷിഭൂമി നികത്തി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുന്ന പ്രവണത ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു.



# 5.1
# കൃഷിയും ജലസേചനവും

## കൃഷി

പച്ചപരവതാനി വിരിച്ച വയലോലകളും കുന്നുകളും, താഴ്‌വരകളും ഇടകലർന്ന പ്രകൃതിരമണീയമായ ഒരു കാർഷികഗ്രാമമാണ് നമ്മുടെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്. കർഷകപ്രസ്ഥാനങ്ങളുടേയും, കർഷകത്തൊഴിലാളികളുടേയും ഈറ്റില്ലവും.

ഒരാൾ പൊക്കത്തിൽ വളർന്നു നിന്നിരുന്ന ചെമ്പാൻ, ചെങ്കഴമ പാടങ്ങൾ അപ്രത്യക്ഷമായെങ്കിലും ഇന്നും ഇവിടത്തെ കർഷകർ നെല്ല് തന്നെയാണ് മുഖ്യമായും കൃഷിചെയ്യുന്നത് തെങ്ങ്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ എന്നിവയും ഇടവിളകളായ് കൃഷിചെയ്യാറുണ്ട്. മുൻതലമുറക്കാർ മുഖ്യജീവിതോപാധിയായി കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുകളും ചെയ്തുവരുന്നു. പുത്തൻ തലമുറക്കാർക്ക് മണ്ണിനോടുള്ള ആത്മീയബന്ധം കുറഞ്ഞുവരുന്നതായി കാണുന്നു.

**കൃഷിഭൂമി നികത്തി ഹൗസ്പ്ലോട്ടുകളാക്കി വില്ക്കുന്ന പ്രവണത ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ വില്ക്കപ്പെടുന്ന ഭൂമിക്ക് പൊന്നുംവില കിട്ടുമെന്നുള്ളതുകൊണ്ട് കർഷകർക്ക് വളരെ ആദായപ്രദവുമാണിത്. ഇത് ആസൂത്രണ പദ്ധതികളെ തകിടം മറിക്കുന്നു. വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണ് ഈ പ്രശ്നം.**

പടിഞ്ഞാറൻ അതിർത്തിയിൽ 250 മീറ്റർ ഉയരമുള്ള കമ്പമലയും 222 മീറ്റർ ഉയരമുള്ള വള്ളിക്കോടൻ മലയുമാണ് ഈ പഞ്ചായത്തിലെ മലമ്പ്രദേശങ്ങൾ. ധോണിമലയിൽനിന്നും ഉത്ഭവിച്ചു ഒഴുകുന്ന എരുവിൽ തോട് പഞ്ചായത്തിന്റെ ഹൃദയഭാഗത്തി ലൂടെ ഒഴുകി വാർക്കാട് പ്രദേശത്തു വച്ച് അതിർത്തിരേഖപോലെ ഒഴുകി പോകുന്ന കല്പാത്തി പുഴയിൽ സംഗമിക്കുന്നു.

പഞ്ചായത്തിലെ കൃഷിയോഗ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം ആകെ വിസ്തീർണ്ണ ത്തിന്റെ 60.3% മാത്രമാണ്. ഇതിൽ ഒന്നാം വിളയായും, രണ്ടാം വിളയായും 64.85% പ്രദേശത്തും നെല്ല് കൃഷി ചെയ്യുന്നു. ആകെയുള്ള രണ്ടാംസ്ഥാനത്ത്. കൂടാതെ കശുമാവ്, മരച്ചീനി, കുരുമുളക്, റബർ, ഇഞ്ചി, കവുങ്ങ് എന്നീ വിളകളും ഉണ്ട്.
[പട്ടിക - 4 കാണുക]

## നെൽകൃഷി

പഞ്ചായത്തിൽ ആകെ 1547 കർഷക കുടുംബങ്ങളാണുള്ളത്. ഇതിൽ 80% കുടുംബങ്ങളും നെല്ല് അടിസ്ഥാനവിളയായി സ്വീകരിച്ചിരിക്കുന്നവരാണ്. ഒന്നാംവിളയായി 1014 ഹെക്ടർ സ്ഥലത്തും, രണ്ടാം വിളയായി 962 ഹെക്ടർ സ്ഥലത്തും നെല്ല് കൃഷി ചെയ്യുന്നുണ്ട്. ജലസേചനത്തിനുള്ള അപര്യാപ്തതകൊണ്ട് പഞ്ചായത്തിൽ മൂന്നാംവിള നടക്കുന്നില്ല. ഹ്രസ്വകാല വിളയായ നെല്ല് വിളവെടുപ്പിനുശേഷം പാടങ്ങൾ സാധാരണയായി തരിശായി ഇടുകയാണ് പതിവ്. ഒന്നാംവിളയിൽ നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 4200 Kg യും രണ്ടാം വിളയിൽ 2800 Kg ഉം ആണ്. സങ്കരയിനം വിത്തുകളോടാണ് കൃഷിക്കാർക്ക് ഏറെ ആഭിമുഖ്യം. പ്രധാനമായും ഉപയോഗിക്കുന്ന സങ്കരയിനം വിത്തുകൾ പവിഴം, ജ്യോതി, ജയ, ആതിര, സ്വർണപ്രഭ എന്നിവയാകുന്നു. വിളവ് വർദ്ധിപ്പിക്കാൻ വേണ്ടിയും ജലലഭ്യതയുടെ കുറവും കണക്കിലെടുത്ത് മൂപ്പു കുറഞ്ഞ പുതിയതരം വിത്തനങ്ങൾ കർഷകർ സ്വീകരിച്ചെങ്കിലും അനുഭവസ്ഥരുടെ അഭിപ്രായം. പുതിയതരം രോഗങ്ങളും, കീടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ പല കാരണങ്ങൾകൊണ്ടും നെൽകൃഷി ആദായകരമല്ലാതായി തോന്നുന്നതുകൊണ്ട് കർഷകർ നെല്ല് ഉപേക്ഷിച്ച് മറ്റു നാണ്യവിളകളിലേക്ക് കൂടുമാറ്റം ഇഷ്ടപ്പെടുന്നു.

പാലക്കാട് നഗരത്തോട് വളരെയടുത്തു കിടക്കുന്ന പഞ്ചായത്ത് എന്ന നിലയ്ക്കും; റെയിൽ, റോഡ്, വൈദ്യുതി എന്നീ സൗകര്യങ്ങൾ സുലഭമായതുകൊണ്ടും കൃഷിഭൂമി നികത്തി ഹൗസ്പ്ലോട്ടുകളാക്കി വില്ക്കുന്ന പ്രവണത ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ വില്ക്കപ്പെടുന്ന ഭൂമിക്ക് പൊന്നുംവില കിട്ടുമെന്നുള്ളതുകൊണ്ട് കർഷകർക്ക് വളരെ ആദായപ്രദവുമാണിത്. ഇത് ആസൂത്രണ പദ്ധതികളെ തകിടം മറിക്കുന്നു. വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണ് ഈ പ്രശ്നം.

# വിള വിസ്തീർണം ഉൽപാദനവും

പട്ടിക - 4

| നമ്പർ | വിള | വിസ്തീർണം ഹെക്ടറിൽ | ശതമാനം | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 1014 | 33.45 | 4258.8 ടൺ | 4200 കി. ഗ്രാം |
| 2 | നെല്ല് (രണ്ടാം വിള) | 962 | 31.40 | 2693.6 ടൺ | 2800 കി. ഗ്രാം |
| 3 | നെല്ല് (മൂന്നാം വിള) | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | പയർ | 30 | 0.99 | 150 | 5 ടൺ |
| 5 | പച്ചക്കറികൾ | 10 | 0.35 | 50 | 5 ടൺ |
| 6 | തെങ്ങ് | 364 | 12.10 | 21.112 ലക്ഷം(എണ്ണം) | 5800 എണ്ണം |
| 7 | വാഴ | 200 | 6.8 | 1500 ടൺ | 7.5 ടൺ |
| 8 | മരച്ചീനി | 5 | 0.15 | 100 ടൺ | 20 ടൺ |
| 9 | കുരമുളക് | 10 | 0.35 | 23 ടൺ | 280 കി. ഗ്രാം |
| 10 | കശുമാവ് | 25 | 0.80 | 20 ടൺ | 800 കി. ഗ്രാം |
| 11 | മാവ് | 12 | 0.39 | 240 ടൺ | 20 ടൺ |
| 12 | റബ്ബർ | 344 | 11.50 | 326.8 ടൺ | 950 ടൺ |
| 13 | കവുങ്ങ് | 15 | 0.44 | 30 ലക്ഷം (എണ്ണം) | 2 ലക്ഷം (എണ്ണം) |
| 14 | ഇഞ്ചി | 40 | 1.30 | 168 ടൺ | 4.2 ടൺ |
| | ആകെ | 3031 | 100 | | |

## കർഷകരുടെ കൈവശഭൂമി വിസ്തീർണം




ചിത്രം – 5

# ഭൂവിനിയോഗം



കൃഷിയോഗ്യ നിലം
(60.30%
തരിശുഭൂമി
(4.80%)
പാറയും കൃഷി
യോഗ്യമല്ലാത്തവയും
(2.5%)
പാഴ്‌വൃക്ഷങ്ങൾ
ചെടികൾ
(18.00)
റോഡ്, തോട്
കുളം (10%)
പുരയിടം
(4.40%)


ചിത്രം - 4

## തെങ്ങ്.

പഞ്ചായത്തിലെ ആകെയുള്ള കൃഷിസ്ഥലത്തിൽ 364 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു. ഹെക്ടറിന് 5800 നാളികേരം ഉല്പാദിപ്പിക്കുന്നു. നെൽക്കൃഷി ലാഭകരമല്ലാത്തതുകൊണ്ട് ദീർഘകാല വിളയായ തെങ്ങിനോട് കർഷകർ താല്പര്യം പ്രകടിപ്പിക്കുന്നു. പഞ്ചായത്തിൽ ഒരു കേര വികസന സമിതി റജിസ്റ്റർ ചെയ്തിട്ടുണ്ട്. കൃഷി ഭവൻ മുഖാന്തിരം പഞ്ചായത്തിലെ തെങ്ങ് കൃഷിക്കാർക്ക് സമഗ്രനാളികേര വികസന പദ്ധതിപ്രകാരം (1994 to' 97) ആനുകൂല്യങ്ങൾ നൽകിവരുന്നു. നാളികേരത്തിന്റെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതിപ്രകാരം 94-95 വർഷത്തിൽ 7 കിണറുകളും, 3 പമ്പുസെറ്റും സബ്സിഡിയോടുകൂടി വിതരണം ചെയ്തിട്ടുണ്ട്. 95-96 വർഷത്തിൽ 16 പമ്പുസെറ്റുകളും, 11 കിണറും, 2 മരുന്നുതെളിയന്ത്രവും ഒരു തെങ്ങുകയറ്റുയന്ത്രവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയുണ്ടായി. മണ്ടചീയൽ, കൊമ്പൻചെല്ലി ആക്രമണം എന്നിവ സാധാരണയായി അനുഭവപ്പെടുന്ന രോഗങ്ങളാണ്. കൃഷിഭവൻ മുഖാന്തിരം 93-94 സാമ്പത്തിക വർഷത്തിൽ 75 സങ്കരയിനം തെങ്ങിൻ തൈകളും 94-95 വർഷത്തിൽ 135 തൈകളും വിതരണം ചെയ്തിട്ടുണ്ട്. (ചിത്രം - 3 കാണുക)

## റബ്ബർ

ആദായകരമായ മേഖല എന്നതുകൊണ്ട് തന്നെ പഞ്ചായത്തിൽ റബറും ഒരു പ്രധാന വിളയിനമായി കൃഷിചെയ്തുവരുന്നു. മൊത്തം കൃഷിസ്ഥലത്തിന്റെ 11.5% വും ( 344ഹെക്ടർ) റബർ കൈയ്യടക്കുന്നു. പഞ്ചായത്തിലെ 1,7,8,12 വാർഡു കളിലാണ് ഈ കൃഷികൂടുലായും ഉള്ളത്. റബർബോർഡു മുഖാന്തിരം കൂടുതൽ പ്രോത്സാഹനം നൽകുന്നതു കൊണ്ടും, വിപണനസാധ്യതയുള്ളതു കൊണ്ടുമാണ് റബ്ബർകൃഷി വ്യാപകമാകുന്നത്. ഉല്പാദനക്ഷമത 950 kg ഹെക്ടർ.

## കശുമാവ്

പഞ്ചായത്തിലെ 25 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിചെയ്യുന്നുണ്ട്. പഞ്ചായത്തിലെ 1,8,12 വാർഡുകളിലാണ് ഈ കൃഷി സുലഭമായി കാണുന്നത്. ഹെക്ടറിന് 800 kg കശുവണ്ടി ഉല്പാദിപ്പിക്കപ്പെടുന്നു. മുതൽമുടക്ക് വളരെ കുറഞ്ഞതും പതിനഞ്ചുവർഷത്തോളം വിളവെടുപ്പ് ലഭിക്കാത്തതുമായ ഈ കൃഷി ചെറിയ കുന്നുകളും, കുന്നിൻ ചരിവുകളും, തരിശുഭൂമികളുമുള്ള നമ്മുടെ പഞ്ചായത്തിൽ പ്രോത്സാഹനം ലഭിക്കേണ്ട ഒരു വിളയാണ്. നാമമാത്രമായ വളപ്രയോഗവും, നിശ്ചിതസമയത്തെ മരുന്നു തളിയും മാത്രം ശ്രദ്ധിച്ചാൽ മതിയാകും. കൂടാതെ സീസണിൽ സുലഭമായി കിട്ടുന്ന കശുമാങ്ങ സംഭരിക്കാനും, അവ സംസ്ക്കരിച്ച് ഉല്പന്നങ്ങളാക്കി വിപണനം ചെയ്യാനും ആരും ശ്രദ്ധിക്കുന്നതായി കാണുന്നില്ല.

## പയറുവർഗ കൃഷി.

തെങ്ങിൻ തോപ്പിലും, വയലിലും ഇടവിളയായി കൃഷിചെയ്യാവുന്നതും വളരെ കൂടുതൽ പരിചരണം ആവശ്യമില്ലാത്തതുമായ കൃഷിയാണിത്. നമ്മുടെ പഞ്ചായത്തിൽ 30 ഹെക്ടർ സ്ഥലത്ത് ഈ കൃഷി ചെയ്യുന്നുണ്ട്. 7,11 വാർഡുകളിലാണ് കൂടുതലായി കണ്ടുവരുന്നത്. ചെറുപയർ, മുതിര, ഉഴുന്ന്, തുവര, എന്നിവയാണ് ഈ വർഗത്തിലെ വിവിധ ഇനങ്ങൾ. നെൽപ്പാടങ്ങളുടെ വരമ്പുകളിൽ കൃഷിചെയ്തിരുന്ന തുവര ഇന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. മണ്ണിൽ നൈട്രജന്റെ അളവ് വർദ്ധിപ്പിക്കാൻ കഴിവുള്ളതും ധാരാളം പ്രോട്ടീൻ അടങ്ങിയതുമായ ഈ കൃഷി നമ്മുടെ പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതു തന്നെയാണ്.

## പച്ചക്കറി.

അടുക്കള തോട്ടത്തിലെ അരസെൻറ് തുടങ്ങി വയലുകളിൽ ഏക്കർ കണക്കിന് ചെയ്യാവുന്ന ഒരു കൃഷിയാണ് പച്ചക്കറിക്കൃഷി. ഈ കൃഷികൊണ്ടു മാത്രം അഭിവൃദ്ധി പ്രാപിച്ച അനേകം കുടുംബങ്ങൾ തന്നെയുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഏകദേശം ഒരേക്കർ സ്ഥലത്ത് പാവൽ കൃഷി ചെയ്ത് 28,000/ – രൂപ ആദായമുണ്ടാക്കിയ കർഷകനുമുണ്ട്. ഈ പഞ്ചായത്തിൽ 10 ഹെക്ടർ സ്ഥലത്ത് ഈ കൃഷിചെയ്തുവരുന്നു. ഹെക്ടറിന് അഞ്ച് ടണ്ണാണ് ഉല്പാദനം. പാവൽ, പടവലം, വഴുതിന, പച്ചമുളക്, വെണ്ട, മത്തൻ, കുമ്പളം, ചേന എന്നിവയാണ് പ്രധാനമായവ. മറ്റുള്ളവയും ചെറിയതോതിലാണെങ്കിലും കൃഷി ചെയ്യുന്നുണ്ട്. ഈ കുറവിന് കാരണം ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയാണ്. ഇടനിലക്കാരിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിന് വേണ്ടിയും ഉപഭോക്താവിന് ന്യായമായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാനും ഉദ്ദേശിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്ത് തലത്തിൽ തുടങ്ങിയ **"അവിയൽ"** എന്ന പച്ചക്കറി സംഭരണ വിതരണ കേന്ദ്രം ഇരുകൂട്ടർക്കും ആശാവഹമായി പ്രവർത്തിക്കുന്നുണ്ട്.

ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് അന്നന്ന് ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനകേന്ദ്രത്തിലെത്തിക്കുന്നതിന് ഒരു പിക്കപ്പ് വാനോ - ട്രെയിലർ ഘടിപ്പിച്ച ജീപ്പോ സ്വന്തമായി ഉണ്ടാവണം.

## പഴവർഗകൃഷി

ഏകദേശം 100 ഹെക്ടർ സ്ഥലത്ത് പഴവർഗങ്ങൾ കൃഷിചെയ്തുവരുന്നു. വാഴ, മാവ്, പൈനാപ്പിൾ എന്നിവയാണ് പ്രധാനം. വാഴയിനത്തിൽ നേന്ത്രവാഴയ്ക്കുതന്നെയാണ് പ്രമുഖസ്ഥാനം. കുന്നൻ, പാളയംകോടൻ, പൂവൻ എന്നിവയും ഉണ്ട്. വാഴയുടെ ഉല്പാദനക്ഷമത ഹെക്ടറിന് 7.5 ടൺ ആണ്. പ്രകൃതിക്ഷോഭം മാത്രമാണ് കർഷകരുടെ ലാഭേച്ഛയ്ക്ക് കടിഞ്ഞാണിടുന്നത് വിള ഇൻഷുറൻസ് അല്പം ആശ്വാസകരമാണ്.

ഇപ്പോൾ വികസിച്ചുവരുന്ന ഒരു കൃഷിയാണ് മാവ്. 40 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി ചെയ്യുന്നുണ്ട്. പ്രധാനമായ ഇനം 'നീലം' ആണ്. ഹെക്ടറിന് 20 ടൺ ഉല്പാദനം ഉണ്ട്. ജനശ്രദ്ധയും, തരിശുഭൂമിയും പ്രയോജനപ്പെടുത്തിക്കൊണ്ട് ഇത് കൂടുതൽ വിപുലപ്പെടുത്താം.

രോഗങ്ങൾ വളരെ കുറവും, സാമാന്യം ജലദൗർലഭ്യമുള്ളിടത്തുപോലും കൃഷിചെയ്യാവുന്നതുമായ ഒന്നാണ് പൈനാപ്പിൾ. ആദായം സുനിശ്ചിതമാണ്. എങ്കിലും നമ്മുടെ പഞ്ചായത്തിൽ അപൂർവ്വമായി ചില പ്രദേശങ്ങളിൽ മാത്രമേ പൈനാപ്പിൾ കൃഷി കണ്ടുവരുന്നുള്ളൂ. പ്രോത്സാഹനക്കുറവും, കൃഷിരീതിയെക്കുറിച്ചുള്ള അറിവില്ലായ്മയുമാണ് കൂടുതൽ കർഷകരെ ഇതിലേക്കാകർഷിക്കാത്തതിന് കാരണം.

സീസണിൽ മാത്രം സുലഭമായി ലഭിക്കുന്ന മറ്റൊരു പഴമാണ് ചക്ക. വീടുവളപ്പുകളിൽ മാത്രമേ പ്ലാവുകളുള്ളൂ. എങ്കിലും വീടുകളിൽ ചെന്ന് ചെറുകിട കച്ചവടക്കാർ ചക്കപ്പഴം നേരിട്ട് സംഭരിച്ച് മറ്റു ഭാഗങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നത് പതിവു കാഴ്ചയാണ്. പഴവർഗങ്ങളുടെ സംഭരണവും, സംസ്ക്കരണവും, വിപണവും അടിയന്തിരശ്രദ്ധ പതിയേണ്ട വിഷയങ്ങളാണ് ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്.

## കുരുമുളക്

കുരുമുളകു കൃഷി വളരെ നന്നായി ചെയ്യുകയും ആ കൃഷിമാത്രം ആശ്രയിക്കുകയും ചെയ്യുന്ന കർഷകർ നമുക്കുണ്ട്. പുളിയം പുള്ളിയിൽ ഒരു കർഷകൻ ഈ കൃഷിയിലൂടെ 68 സെൻറ് ഭൂമിയിൽ നിന്നും 40000/- രൂപ ആദായമുണ്ടാക്കിയിട്ടുണ്ട്. കുരുമുളകു ചെടികളെ ബാധിക്കുന്ന ധ്രുതവാട്ടം, സാവധാനവാട്ടം എന്നീരോഗങ്ങൾ ബോർഡോമിശ്രിതത്തിൻെറയും മറ്റു കീടനാശിനികളുടേയും സമയാസമയങ്ങളിലുള്ള പ്രയോഗം മൂലം നേരിടാവുന്നതെയുള്ളൂ. 10 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ ഈ കൃഷി ചെയ്യുന്നുണ്ട്.

## ഇഞ്ചി

നല്ല നീർവാർച്ചയുള്ള സ്ഥലവും, നല്ല വിത്തിനങ്ങളുടെ തെരെഞ്ഞെടുക്കലും ശ്രദ്ധിച്ചാൽ തന്നെ വളരെ ലാഭകരമായ ഒരു കൃഷിയാണ് ഇഞ്ചി. നമ്മുടെ പഞ്ചായത്തിൽ 40 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷിചെയ്യുന്നുണ്ട്. മഞ്ഞളിപ്പും, ചീയലുമാണ് ഈ കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ. അധികരിച്ച രാസവളപ്രയോഗവും, കീടനാശിനികളും വളരെ ദോഷകരമാണ്. മണ്ണിൻെറ ഘടനയെ തകിടം മറിക്കുകയും, മിത്രകീടങ്ങളേപ്പോലും നശിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ തകരാറിലാകുന്നു.

## മറ്റു കൃഷികൾ

5 ഹെക്ടർ സ്ഥലത്തായി മരച്ചീനികൃഷി ചെയ്യുന്നുണ്ട്. ഉല്പാദിപ്പിക്കപ്പെട്ട കപ്പ കച്ചവടക്കാർ മറ്റു സ്ഥലങ്ങളിലേക്ക് കയറ്റിക്കൊണ്ടുപോകുന്നതാണ് പതിവ്.

കൂടാതെ 15 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിയുണ്ട്. കർഷകർ കൂർക്കകൃഷിയോട് കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. പാടങ്ങളിൽ പലതും ഇപ്പോൾ കൂർക്ക കൃഷിചെയ്യുന്നു. മധുരക്കിഴങ്ങും പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കൃഷിചെയ്യുന്നുണ്ട്. പട്ടുനൂൽ പുഴു വളർത്തുന്നതിനുവേണ്ടിയുള്ള മൾബറി കൃഷി നമ്മുടെ പഞ്ചായത്തിൽ ഒരു പരാജയമായിരുന്നു. ഇപ്പോൾ പ്രാധാന്യം ഏറിവരുന്ന ഒരു കൃഷിയാണ് പുഷ്പകൃഷി. പ്രധാനമായും കുറ്റിമുല്ല കൃഷിയാണ് സാധാരണ കർഷകരെ സഹായിക്കാൻ ഏറെ ഉപകരിക്കുന്നത്. വളരെ പ്രോത്സാഹനം ലഭിക്കേണ്ട ഒരു കൃഷിയാണ് ഇത്.

## രാസവളം

കർഷകർ ഇപ്പോൾ കൂടുതലായി രാസവളങ്ങളെയാണ് ആശ്രയിക്കുന്നത്. പുതുപ്പരിയാരം സഹകരണസംഘവും മറ്റു മൂന്നു സ്വകാര്യവിതരണക്കാരും രാസവളം വില്ക്കുന്നുണ്ട്. നെൽകൃഷിക്ക് 80% ഉം രാസവളങ്ങളാണ് ഇടുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടക്കുന്നത്. അമിതവും, അനാവശ്യവുമായ വളത്തിൻെറ ഉപയോഗം കൃഷിചെലവു വർദ്ധിപ്പിക്കുന്നുണ്ട്. ജൈവവളങ്ങളുടെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്നു.

## ജൈവവളം

കൃഷിയിൽ അതിൻെറ പ്രാധാന്യം വിളവിനും, മണ്ണിൻെറ ഘടന സംരക്ഷിക്കുന്നതിനും, ചെടി

യുടെ കരുത്തും രോഗപ്രതിരോധശേഷി നേടുന്നതിനുമാണ്. ജൈവവളങ്ങളുടെ പ്രാധാന്യംകാർഷികമേഖല ഉറ്റു നോക്കുന്ന ഒരു വിഷയമാണ്.

രാസവളം ശീലിച്ചു കഴിഞ്ഞ കർഷക സമൂഹത്തെ പൂർവ്വികരുടെ മാർഗത്തിലേയ്ക്കു തന്നെ തിരിച്ച് നയിയ്ക്കേണ്ടിവരുന്ന അവസ്ഥയുണ്ടാക്കിയിരിക്കുകയാണ് രാസവളങ്ങളുടെ വിലവർദ്ധനവ്. ഓരോ വീട്ടിലും ഒരു കമ്പോസ്റ്റുകുഴിയെങ്കിലും ഉണ്ടായിരിയ്ക്കേണ്ടതാണ്.

## മണ്ണിര കമ്പോസ്റ്റ്

വളരെ ചെലവുകുറഞ്ഞ രീതിയിൽ ജൈവവളം തയ്യാറാക്കാൻ ഈ കമ്പോസ്റ്റ് ഉപകരിക്കും. മണ്ണിരയുടെ ലഭ്യതയ്ക്കും, സാങ്കേതിക വിവരങ്ങൾക്കും മലമ്പുഴയിൽ RATTC എന്ന ഒരു സ്ഥാപനമുണ്ട്.

## ബയോഗ്യാസ്

ചാണകത്തിന്റെ സ്വാഭാവിക ഗുണനിലവാരം നഷ്ടപ്പെടാതെ തന്നെ പാചകത്തിനുള്ള ഇന്ധനം ലഭിക്കാനും വിളകൾക്ക് വളമായി ഉപയോഗിക്കാനും സഹായിക്കുന്നതാണ് ബയോഗ്യാസ് പ്ലാൻറുകൾ. രണ്ടു കന്നുകാലികളെങ്കിലും ഉള്ള ഒരാൾക്ക് പ്ലാൻറ് നിർമ്മിക്കാവുന്നതാണ്. ഗ്യാസുല്പാദനത്തിനുശേഷം ലഭിക്കുന്ന ചാണകസ്ലറി മണ്ണുമായി എളുപ്പം ചേരുന്നതും ഗുണനിലവാരം കൂടിയതുമാണ്. കൃഷിഭവൻ ഇതിന് സബ്സിഡി നൽകുന്നുണ്ട്. പട്ടികജാതി പട്ടികവർഗക്കാർക്ക് സൗജന്യമായും പ്ലാൻറ് നിർമ്മിച്ചു കൊടുക്കുന്നുണ്ട്. 95-96 വർഷത്തിൽ ഇങ്ങനെ 4 പ്ലൻറുകൾ നൽകിയിട്ടുണ്ട്.

## ജീവാണു വളപ്രയോഗം

വളരെ സൂക്ഷ്മമായ ബാക്ടീരിയ, ഫംഗസ് മുതലായവ മണ്ണിന്റെ പോഷകഗുണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വളമായി ചുരുങ്ങിയ അളവിൽ മണ്ണിൽ നിക്ഷേപിക്കുന്ന രീതിയാണ് ഇത്. ജീവാണുവളത്തിൽ ജീവാണുക്കൾ എത്രനാൾ കേടുകൂടാതെ ജീവിക്കുന്നു എന്നത് വളരെ പ്രധാനമാണ്. അതിനാൽ കാലാവധി കഴിഞ്ഞതോ രാസവളങ്ങൾ, കീടനാശിനികൾ എന്നിവയോടൊപ്പമോ സൂക്ഷിക്കുകയോ ചെയ്താൽ ജീവാണുക്കൾ നശിക്കുകയാൽ ചെടിക്ക് പ്രയോജനം ലഭിക്കുകയില്ല. ഓരോ വിളയ്ക്കും അനുയോജ്യമായ ജീവാണുക്കൾ അടങ്ങിയ ജീവാണുവളം തന്നെ പ്രത്യേകം ഉപയോഗിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിൽ ഒരു ഡിപ്പോ തുറക്കുന്നത് നല്ലതാണ്.

## വളച്ചെടികൾ

ഡയിഞ്ച, കൊഴിഞ്ഞൽ എന്നിവയാണ് സാധാരണയായി വളച്ചെടികളായി ഉപയോഗിക്കുന്നത്. കളകളുടെ വളർച്ച നിയന്ത്രിക്കുന്നതിനും, മണ്ണ് സംരക്ഷിക്കുന്നതിനും, ഈർപ്പം നഷ്ടപ്പെടാതിരിക്കാനും ഇവ സഹായകമാണ്. തെങ്ങിൻ തോട്ടങ്ങളിലും, റബർ തോട്ടങ്ങളിലും നെൽവയലുകളിൽ കൃഷിയിറക്കുന്നതിന് മുമ്പും വിതച്ചാൽ ആവശ്യത്തിനുള്ള നല്ല ജൈവവളമായി. നമ്മുടെ പഞ്ചായത്തിലെ ചില കർഷകർ പാടങ്ങളിൽ ഡയിഞ്ച വിതയ്ക്കാറുണ്ടെങ്കിലും കൂടുതൽ ശ്രദ്ധ കാണിക്കുന്നില്ല എന്നതാണ് വാസ്തവം.

## കീടനാശിനി

പ്രധാനമായും നെല്ല്, ഇഞ്ചി, പച്ചക്കറികൾ എന്നീ വിളകൾക്കാണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. വർദ്ധിച്ചതോതിലുള്ള കീടനാശിനി പ്രയോഗംമൂലം ഉല്പന്നത്തിന്റെ ഗുണമേൻമ നഷ്ടപ്പെടുന്നു. കീടനാശിപ്രയോഗത്തിൽ കൃഷിക്കാർക്ക് വേണ്ടത്ര പരിചയമോ, പരിജ്ഞാനമോ ഇല്ല. അതിനാൽ കീടനാശിനികളുടെ ഉപയോഗം പരമാവധി നിയന്ത്രിക്കപ്പെടണം.

## കൂലിനിരക്ക്

പഞ്ചായത്തിലെ 6129 കുടുംബങ്ങളിൽ 1547 എണ്ണവും കർഷകകുടുംബങ്ങളാണ്. ആകെ ജനസംഖ്യയിൽ 766 കർഷകരും 3289 കർഷകത്തൊഴിലാളികളുമാണ്. കർഷകത്തൊഴിലാളികളിൽ 1476 പേർ പുരുഷൻമാരും 1813 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ മൊത്തം തൊഴിലാളികളിൽ ഏറ്റവും കൂടുതൽ (32.29%) കർഷകത്തൊഴിലാളികളാണ്. പുരുഷന് ലഭിക്കുന്ന ഏറ്റവും കൂടുതൽ കൂലി 70 രൂപയും സ്ത്രീക്ക് 30 രൂപയുമാണ്. മറ്റു തൊഴിൽമേഖലകളെ അപേക്ഷിച്ച് കർഷകത്തൊഴിലാളികളുടെ കൂലി കുറവായതിനാൽ അവർ മറ്റു മേഖലകളിലേക്ക് പ്രത്യേകിച്ച് കെട്ടിട നിർമ്മാണത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

## കാർഷിക വായ്പ

ഈ പഞ്ചായത്തിലെ കൃഷിയാവശ്യത്തിനുള്ള വായ്പകൾക്കു വേണ്ടി കർഷകർ പ്രധാനമായും ആശ്രയിക്കുന്നത് പുതുപ്പരിയാരം സർവ്വീസ് സഹകരണ ബാങ്കിനെയാണ്. മറ്റു ദേശസാത്കൃത ബാങ്കുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും കർഷകർക്ക് വായ്പ നൽകുന്നതിൽ വൈമനസ്യം കാണിക്കുന്നു.

## കാർഷിക ഉപകരണങ്ങൾ

ഹ്രസ്വകാലവിളയായ നെൽകൃഷിയെ സംരക്ഷിക്കണമെങ്കിൽ കൃഷിപ്പണി സമയബന്ധിതമായും ചിട്ടയോടും കൂടി നടത്തേണ്ടതുണ്ട്. അതിനാൽ ആധുനിക യന്ത്രവത്ക്കരണത്തിൻെറ സഹായത്തോടെ മാത്രമേ ഇന്ന് നല്ലരീതിയിൽ കൃഷി ചെയ്യാൻ പറ്റുകയുള്ളൂ. അതുകൊണ്ടു തന്നെ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം എന്നിവയുടെ പ്രാധാന്യം ഏറിവരുന്നു.

നമ്മുടെ പഞ്ചായത്തിൽ 12 പാടശേഖര കമ്മിറ്റികൾ ഉണ്ട്. ഓരോ കമ്മിറ്റിക്കും ഓരോ ട്രാക്ടറെങ്കിലും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ കൃഷി ഭവൻ പാടശേഖരകമ്മിറ്റിക്ക് ട്രാക്ടർ വാങ്ങാൻ ഒരു ലക്ഷം രൂപവരെ സബ്സിഡിയായി നൽകുന്നുണ്ട്. ബാക്കിതുക പാടശേഖരകമ്മിറ്റിക്ക് ശേഖരിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. പാടശേഖര സമിതിയുടെ സമ്മതത്തോടെ ¼ ഭാഗം സബ്സിഡിയായി വ്യക്തികൾക്ക് നൽകുയാണെങ്കിൽ പ്രസ്തുത പാടശേഖരത്തിന് ഇത് പ്രയോജനപ്പെടുത്താൻ കഴിയും.

പഞ്ചായത്തിൽ ചില സ്വകാര്യ വ്യക്തികളുടെ ഉടമയിലുള്ള ഏകദേശം 15 ട്രാക്ടറുകളും 2 ട്രില്ലറുകളുമാണ് കൃഷി പണിക്കായി കർഷകർ ആശ്രയിക്കുന്നത്. സീസൺ സമയത്ത് പുറത്തുനിന്നും ഉയർന്ന വാടകകൊടുത്തും ഇവ ഉപയോഗിക്കേണ്ടി വരുന്നു.

## വിള ഇൻഷുറൻസ്

വരൾച്ച, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റ്, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾമൂലം നാശനഷ്ടമുണ്ടാകുന്ന വിളകൾക്കാണ് ഇൻഷുറൻസ് പദ്ധതി ഉള്ളത്. 1994-95 വർഷത്തിൽ 4143 രൂപ പ്രീമിയമായി അടച്ചപ്പോൾ നഷ്ടപരിഹാരമായി അഞ്ച് കർഷകർക്ക് 17,800 രൂപ ലഭിക്കുകയുണ്ടായി.

## പാടശേഖര സമിതികൾ

കൃഷിക്കാരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി 12 പാടശേഖര സമിതികൾ കൃഷിഭവൻ മുഖാന്തിരം രൂപീകരിച്ചിട്ടുണ്ട്. അതിൽ ഭൂരിപക്ഷം സമിതികളും ചെറുകിട കർഷകരെ സഹായിക്കുന്ന രീതിയിലല്ല പ്രവർത്തിക്കുന്നത്.

## പ്രശ്നങ്ങൾ, സാദ്ധ്യതകൾ

1. കൃഷിക്ക് ആവശ്യമായ കാർഷികോപകരണങ്ങളുടെ ലഭ്യത കുറവ് ഒരു പ്രധാന പ്രശ്നമാണ്.

വ്യക്തികൾക്ക് കാർഷികോപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ വായ്പ സംവിധാനങ്ങളും സബ്സിഡിയും ലഭ്യമാക്കുക. സഹകരണ സംഘങ്ങൾ മുഖേന ട്രാക്ടർ, ട്രില്ലർ എന്നിവ വാടകക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

2. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

നെല്ല്, നാളികേരം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനചെലവിന് അനുസരിച്ച് താങ്ങു വില നിശ്ചയിച്ച് സംഭരിക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിലും പുതുപ്പരിയാരം സർവീസ് സഹകരണ ബാങ്ക് തലത്തിലും ഏർപ്പെടുത്താവുന്നതാണ്.

3. കാർഷിക വിഭവങ്ങൾ വിളവെടുപ്പ് കാലത്ത് സംഭരിക്കുകയും കേടുകൂടാതെ സൂക്ഷിച്ച് ആവശ്യാനുസരണം വിതരണം ചെയ്യാനുമുള്ള സംവിധാനം ഉണ്ടാവണം.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന 'അവിയൽ' പോലുള്ള സംരഭങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി വിപുലീകരിക്കാവുന്നതാണ്.

4. പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആവശ്യമാണ്.

പഞ്ചായത്ത്, കൃഷിഭവൻ, ബഹുജനസംഘടനകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ജനകീയ പച്ചക്കറികൃഷി പരിപാടി നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

5. കാർഷികരംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന പദ്ധതികൾ ആവശ്യമാണ്.

കാർഷികോൽപ്പന്നങ്ങളുടെ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. അലങ്കാര സസ്യകൃഷി, പുഷ്പകൃഷി, ഔഷധ സസ്യകൃഷി, കൂൺ കൃഷി എന്നിവയിൽ പരിശീലനം നൽകി കൂടുതൽ പേരെ ഈ കൃഷികളിലേക്ക് ആകർഷിക്കാവുന്നതാണ്.

6. കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ കർഷകർക്ക് പ്രയോജനമാകുന്നരീതിയിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൻെറ കേന്ദ്രസ്ഥാനത്ത് എല്ലാ പ്രദേശത്തുള്ളവർക്കും സൗകര്യപ്രദമാവുന്ന സ്ഥലത്ത് ഓഫീസ് മാറ്റേണ്ടതാണ്.

7. അലഞ്ഞുതിരിയുന്ന കന്നുകാലികൾ കൃഷിക്ക് ഭീഷണിയായിരിക്കുന്നു. ഇതിന് പരിഹാരമുണ്ടാവണം.

കന്നുകാലികളെ യഥേഷ്ടം കയറൂരിവിടുന്ന നടപടി കൃഷിക്കാർക്ക് ദോഷകരമാവുന്നതുകൊണ്ട് ഇത് നിയന്ത്രിക്കേണ്ടതാണ്.

8. പാടശേഖര സമിതികളുടെ പ്രവർത്തനം ചെറുകിട കർഷകർക്ക് പ്രയോജനപ്പെടുത്തില്ല.

പാടശേഖര സമിതികളുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്ത് കൂടുതൽ കാര്യക്ഷമത യുള്ളതാക്കി തീർക്കണം.

## മറ്റ് നിർദ്ദേശങ്ങൾ

1. എല്ലാ കാർഷിക സബ്സിഡികളും ബന്ധപ്പെട്ട കൃഷിക്കാരുമായി ചർച്ചചെയ്ത് പുനരാവിഷ്ക്കരിക്കേണ്ടതാണ്.
2. കശുവണ്ടി ശേഖരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
3. കൃഷി ആവശ്യത്തിനുള്ള വായ്പകൾ ചുരുങ്ങിയ പലിശക്ക് ദേശസാത്കൃത ബാങ്കുകൾ നൽകേണ്ടതാണ്.
4. നിലവിലുള്ള വിള ഇൻഷൂറൻസ് പദ്ധതി ഓരോ കർഷകർക്കും ഗുണകരമായ രീതിയിൽ നടപ്പിൽ വരുത്തുക.

## ജലസേചനം

നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാർ ജലത്തിന് പ്രധാനമായും ഒന്നാംവിളക്ക് കാലവർഷത്തേയും രണ്ടാം വിളക്ക് തുലാവർഷത്തേയുമാണ് ഒരു പരിധിവരെ ആശ്രയിക്കുന്നത്. കൂടാതെ പഞ്ചായത്തിൽ മലമ്പുഴ ജലസേചന പദ്ധതിയിൻ കീഴിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കനാൽ വഴിലഭിക്കുന്ന വെള്ളവും, എരുവരിതോടും അതിലേക്ക് എത്തുന്ന കൈയ്ചാലുകളിലൂടെ ലഭിക്കുന്ന വെള്ളവും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്. ചെറുതും വലുതുമായ പഞ്ചായത്തിൻെറയും സ്വകാര്യ വ്യക്തികളുടെയുമായി 45 ഓളം കുളങ്ങളും ഉണ്ട്. ഇവയിൽ പലതും ഏക്കറുകളോളം വലുപ്പുമുള്ളതാണ്. 20 ഓളം കുളങ്ങൾ വളരെയധികം ജലലഭ്യതയുള്ളതും കൃഷിക്ക് പ്രയോജനപ്പെടുന്നവയുമാണ്.

## ചെറുകിട ജലസേചന തോടുകൾ

| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം | ശരാശരി വീതി |
|---|---|---|---|
| 1 | എരിവരിതോട് | 8 km | 2 m |
| 2 | വാർക്കാട് തോട് | 3 km | 2 m |
| 3 | കല്ലംചിറ തോട് | 2.5 km | 2 m |

## പഞ്ചായത്തിലെ പ്രധാന കുളങ്ങളുടെ എണ്ണം

| വാർഡ് | കുളങ്ങളുടെ എണ്ണം |
|---|---|
| 1 | 5 |
| 2 | 1 |
| 3 | ഇല്ല |
| 4 | 3 |
| 5 | 4 |
| 6 | 5 |
| 7 | 12 |
| 8 | 3 |
| 9 | 3 |
| 10 | 4 |
| 11 | 3 |
| 12 | 2 |
| ആകെ | 45 |

## പ്രശ്നങ്ങൾ സാദ്ധ്യതകൾ

### വള്ളിക്കോട് ഭാഗം

1. കാരാപാടം, കരിയച്ചുള്ളതോട്ടിൽ ചില ഭാഗങ്ങളിൽ രണ്ടുവശവും മറ്റ് ഭഗങ്ങളിൽ വയൽ സൈഡും കല്ലുകെട്ടി സിമൻറ് ചെയ്താൽ തോടിൻെറ സൈഡുകൾ പൊട്ടി ഏക്കറുകണക്കിന് കൃഷിനശിക്കുന്നത് തടയാൻ കഴിയും. കരിയച്ചുള്ളി മണ്ണാംപറ്റ തോട്ടിൻെറ ഏകദേശം 3 കിലോമീറ്റർവരെ ഇരുവശവും കല്ല് കെട്ടി അരകിലോമീറ്റർ ഇടവിട്ട് ഓരോ ഓവ് വീതം നിർമ്മിച്ചാൽ ഈ പ്രദേശത്തെ കൃഷിയ്ക്ക് ഗുണകരമാണ്.
2. തെക്കേമുറി കല്ലംചിറയിൽ പഴയ ചെക്കു ഡാം നന്നാക്കിയെടുക്കുകയും അതിനോട് ചേർന്നുള്ള റിയൽവേ ബിക്കസ് സ്ഥലം വയൽ ഭാഗത്ത് കരിങ്കല്ല് 2 മീറ്റർ പൊക്കത്തിൽ കെട്ടുകയും ചെയ്താൽ നെൽകൃഷിയും ഒപ്പം വേനൽ പള്ളവും എല്ലാ കർഷകർക്കും ചെയ്യാനാവും.
3. പാർലോടിഭാഗത്ത് പാഴായികിടക്കുന്ന പഞ്ചായത്തുകുളവും, വള്ളാട്ടുകുളവും വൃത്തിയാക്കിയെടുത്താൽ 2 ഹെക്ടർ പച്ചക്കറി കൃഷി നടത്തുവാൻ കഴിയും.

4. പൂള ഓവിൽ നിന്നും പോകുന്ന വെള്ളം ചാലുകൾ നിർമ്മിച്ച് ഭാരതപുഴയിൽ എത്തിച്ചാൽ വർഷകാലങ്ങളിൽ വെള്ളകെട്ടുമൂലമുണ്ടാകുന്ന കൃഷിനാശം തടയുവാൻ കഴിയും.
5. കുരുവൻകോട് വരെ എത്തിനിൽക്കുന്ന കാഡാ പദ്ധതി കനാൽ റെയിൽവേ ലൈൻ വരെ വികസിപ്പിച്ചാൽ കൂടുതൽ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്നതാണ്.

### വെണ്ണക്കര, കാവിൽപ്പാട് ഭാഗം

1. മലമ്പുഴവെള്ളം പുതുപ്പരിയാരം വെണ്ണക്കര വഴിയ്ക്കുവരുന്ന ചെറിയ കനാലിൽ കുറച്ചു ഭാഗം മാത്രമേ കോൺക്രീറ്റ് ഇട്ടിട്ടുള്ളു. ബാക്കി ഭാഗം മണ്ണിടിഞ്ഞ് അടഞ്ഞു പോകുന്നതിനാൽ കൃഷി സ്ഥലത്തേയ്ക്ക് വെള്ളം എത്താതെ പോകുന്നു. ഇരുവശവും കോൺക്രീറ്റ് ചെയ്താൽ ജലനഷ്ടം ഒഴിവാക്കി ഈ പ്രശ്നത്തിനു പരിഹാരം കാണാം.
2. വെണ്ണക്കരയിലെ ഫീൽഡ് പോത്തിയുടെ അവസാനത്തിൽ ഉള്ള കൾവർട്ടിന്റെ ഓവ് ചോറുതായതിനാൽ വെള്ളം നിറഞ്ഞ് കവിഞ്ഞ് പാഴായിപോകുന്നു. ഓവ് വലുതാക്കി ഇത് പരിഹരിക്കാവുന്നതാണ്.
3. കാവിൽപ്പാട് മാങ്ങോട് വഴിയ്ക്കുവരുന്ന തോട് കർഷകർ കൈയേറുകയും തോടിന്റെ ഇരുവശങ്ങളിലുമുണ്ടായിരുന്ന കൈത വെട്ടി നശിപ്പിച്ചതിന്റെ ഫലമായി തോടിന്റെ വശങ്ങൾ പൊട്ടി തെയ്യാലം പറമ്പിന് സമീപത്തുള്ള 500 ഏക്കറിലധികം വരുന്ന കൃഷി മഴക്കാലത്ത് നശിച്ചുപോകുന്നുണ്ട്.

അകത്തേത്തറ പഞ്ചായത്തിൽ നിന്ന് ലെവക്കോട് വഴി ഒഴുകിവരുന്ന ഈ തോട് നഗരത്തിലെ അഴുക്കുകളും ആവാഹിച്ചാണ് വരുന്നത്. തൂർന്നുകൊണ്ടിരിക്കുന്ന ഈ തോടിന്റെ ആഴം കൂട്ടുകയും ഇരുകരകളും ആവശ്യമായ സ്ഥലങ്ങളിൽ കോൺക്രീറ്റ് ചെയ്തും കൈതവച്ചു പിടിപ്പിച്ചും ശക്തിപ്പെടുത്തി കാവിൽപ്പാട് മാങ്ങോട് കളത്തിനു സമീപം ഒരു ചെക്ക്ഡാം നിർമ്മിച്ചാൽ ആ പ്രദേശത്തെ കൃഷിക്ക് കൂടുതൽ പ്രയോജനപ്പെടും. വേനൽക്കാലത്ത് എല്ലാ വർഷവും ചെക്ക് ഡാമിൽ അടിഞ്ഞു കൂടുന്ന വളക്കൂറുള്ള മണ്ണ് എടുത്ത് പരിസരത്തുള്ള കൃഷിക്ക് പ്രയോജനപ്പെടുത്താം.

### കരിങ്കണ്ണി, മുട്ടികുളങ്ങരഭാഗം

1. കണ്ണങ്കോട് ഭാഗം ജലക്ഷാമം നേരിടുന്ന പ്രദേശമാണ്. കണ്ണങ്കോട് തോട്ടിൽ ഒരു ചെറിയ ബണ്ട് കെട്ടിയാൽ ഏകദേശം 30 ഏക്കർ കൃഷി ഭൂമിക്ക് ജലലഭ്യത ഉറപ്പുവരുത്താം.
2. 15/800 സ്ല്യൂയിസ് കാഡ കനാൽ മാളേക്കാട് നിന്നും ഒന്നരകിലോമീറ്റർ കിഴക്കോട്ട് ജലസേചനത്തിന് എത്തുന്നില്ല. കനാൽവ്യാസം കൂട്ടിയാൽ ആവശ്യമായ വെള്ളം ആ പ്രദേശങ്ങളിൽ എത്തിക്കാവുന്നതാണ്.
3. കരിങ്കണ്ണി പാടശേഖരത്തിലെയും, മുട്ടിക്കുളങ്ങര പാടശേഖരത്തിലെയും ചില കൃഷിസ്ഥലങ്ങളിൽ ജലലഭ്യതയുടെ പ്രശ്നമുണ്ട്

കരിങ്കണ്ണിത്തോട്ടിൽ അവസാനഭാഗത്ത് പാലപ്പൊറ്റയിൽ ഒരു ക്രോസ്ബാർ കെട്ടി എരുവൽ തോടിൽ ഇപ്പോൾ പൂർത്തിയായ അണയിൽ നിന്നും വെള്ളം ക്രോസ്ബാറിൽ എത്തിച്ചാൽ ഈ പ്രദേശത്തുള്ള 100 ഏക്കറിലധികം സ്ഥലത്തുള്ള ജലദുർലഭ്യത പരിഹരിക്കാം.

4. കരിങ്കണ്ണിതോടിന്റെ സമീപത്തുള്ള 150 ഏക്കറിലധികം വരുന്ന കൃഷി വർഷക്കാലത്തം വെള്ളം കയറി നശിച്ചുംപോകുന്നു. കരിങ്കണ്ണിതോടിന്റെ പാർശ്വഭിത്തികൾ ഫലപ്രദമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാം.
5. പന്നിയംപാടം മദ്രസയുടെ ഭാഗത്തു കൂടി പോകുന്ന കനാലിന്റെ സൈഡ് കെട്ടുകയും മദ്രസയുടെ ഭാഗത്ത് ഒരു തടയണ കെട്ടുകയും ചെയ്ത് എരുവിൽ തോടുമായി ബന്ധിപ്പിച്ചാൽ വേനൽക്കാലത്ത് ആ പാടശേഖരത്തിന് ആവശ്യമായ ജലം ലഭിക്കുന്നതാണ്.

### ധോണി, നെച്ചുപ്പുള്ളി, പുളിയംപുള്ളി

1. ധോണി അക്വാഡേറ്റ് പാലം മുതൽ അരുമണി, കൂനങ്കാട്, അരിപാറ, ഞാറക്കോട്, കിഴക്കേക്കര എന്നീപ്രദേശങ്ങളിൽ കനാലുകളോ മറ്റ് ജല സാദ്ധ്യതകളോ ഇപ്പോൾ ഇല്ല. ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം വഴി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.
2. നൊച്ചുപ്പുള്ളി പാടശേഖരത്തിലെ കൃഷിസ്ഥലങ്ങളിൽ വരൾച്ച നേരിടുന്ന പ്രശ്നമുണ്ട്. ആനപ്പാറ ഭാഗത്തുള്ള ഒന്നര ഏക്കറിനുമേൽ വിസ്താരമുള്ള കുളാകുളം വൃത്തിയാക്കിയെടുത്താൽ 100 ഏക്കറോളം കൃഷി സ്ഥലത്തിന് ഇതിന്റെ പ്രയോജനം ലഭ്യമാക്കാം.
3. പുളിയംപുള്ളി ഭാഗത്തുള്ള കൃഷിക്കാർ കൃഷി ആവശ്യത്തിനായി കൂടുതലും മലവെള്ളത്തെയാണ് ആശ്രയിക്കുന്നത്. ഈ

വെള്ളം സംഭരിക്കുവാൻ ഇപ്പോൾ സംവിധാനങ്ങൾ ഇല്ല.

പുളിയം പുള്ളി തോട്ടിൽ ചെക്ക് ഡാം കെട്ടി വെള്ളം സംഭരിച്ച് ഉപയോഗിക്കാവുന്നതാണ്.

**മറ്റ് പ്രദേശങ്ങൾ**

1. 5-ാം വാർഡിൽ മാങ്ങോടിനുസമീപം ടിപ്പുസുൽത്താൻ റോഡിനു സമീപത്തുള്ള പുഴയിൽ നിന്ന് മോട്ടോർ പമ്പ് സ്ഥാപിച്ചാൽ ആ പ്രദേശത്തുള്ള ജലദൗർലഭ്യം പരിഹരിക്കാവുന്നതാണ്.
2. കല്ലംചിറ ചെക്ക് ഡാം പണിപൂർത്തിയാകുന്നതോടെ ചാലയ്ക്കൽ തോട്ടിലേക്ക് വെള്ളം തിരിച്ചുവിട്ട് സൈഡ് ക്രോൺക്രീറ്റ് ചെയ്ത് പാലപൊറ്റയിൽ ക്രോസ്ബാർ നിർമ്മിച്ച് ഫലപ്രദാമയ ജലവിതരണ സംവിധാനം പ്രയോജനപ്പെടുത്തിയാൽ 200 ഹെക്ടറിലേറെ സ്ഥലത്ത് വെള്ളം എത്തിക്കാൻ കഴിയും.
3. വാർക്കോട് ചെക്ക്ഡാമിൽനിന്നും റെയിലിന് തെക്ക് ഭാഗത്തേക്ക് ഏകദേശം 100 ഏക്കർ കൃഷി ഇടത്തിലേക്ക് പോകുന്ന കൈ ചാലുകൾ ഇപ്പോൾ മൺതിട്ടകൾ കൊണ്ടുള്ളതാണ്. എല്ലാ വർഷവും പുനർനിർമ്മാണ ചിലവ് ഒഴിവാക്കാനും ജലനഷ്ടം പരിഹരിക്കാനും ഇത് സിമന്റ് ചെയ്ത് സംരക്ഷിക്കേണ്ടതാണ്.
4. 2-ാം വാർഡിൽ മണ്ണാകടവ് തോട്ടിൽ ഒരു ക്രോസ്ബാർ നിർമ്മിച്ചാൽ കൃഷിക്കും മറ്റു വളരെ പ്രയോജനകരമാണ്.
5. വാർക്കാട് നടക്കാവിൽ നിന്ന് തുടങ്ങുന്ന കാഡാ കനാൽ ചെക്ക് ഡാമിൽ എത്തിച്ച് ജലവിതരണം നടത്തുക.
6. തോട്ടക്കരയിൽ നിന്ന് കാഡാ കനാൽ 250 മീറ്റർ നീട്ടിയാൽ കൂടുതൽ കൃഷിക്ക് ഉപയോഗപ്രദമാകും.
7. വാളേക്കാട് നിന്ന് തുടങ്ങുന്ന കാഡ കനാൽ പ്ലാച്ചിക്കാട് വരെ നീട്ടിയാൽ ആ കൃഷിക്ക് ഇന്ന് നേരിടുന്ന ജല ദൗർലഭ്യം പരിഹരിക്കാം.
8. പാനപ്പന്തൽ സ്ക്കൂളിനടുത്തുള്ള കനാൽ ഓവ് പലപ്പോഴും അടഞ്ഞുപോകുന്നതിനാൽ പല പ്രദേശത്തും കൃഷിക്ക് വെള്ളം എത്തുന്നില്ല. ഓവ് മാറ്റി ആ ഭാഗത്ത് കൾവെർട്ട് നിർമ്മിച്ചാൽ ഈ പ്രശ്നം ഒഴിവാക്കാം.



# മൃഗസംരക്ഷണം

# മത്സ്യബന്ധനം

# 5-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

**മൃഗസംരക്ഷണം**

സംസ്ഥാനത്തിലെ കന്നുകാലി സമ്പത്തിന്റെ 90% ഉൾക്കൊള്ളുന്നത് ഗ്രാമപ്രദേശങ്ങളിലാണ്. മൃഗസംരക്ഷണത്തിൽ മുഖ്യപങ്കാളികളാകുന്നത് ഗ്രാമങ്ങളിലെ കർഷക തൊഴിലാളികളും കർഷരും ആയതിനാൽ ഗ്രാമീണജനതയുടെ ജീവിതനിലവാരം ഉയർത്താൻ മൃഗസംരക്ഷണത്തിന് പ്രാധാന്യംനൽകേണ്ടത് അത്യാവശ്യമാണ്.

ഉല്പാദനക്ഷമതയുള്ള കന്നുകാലികളെ സംരക്ഷിക്കാൻ കാലിത്തീറ്റ, ശാസ്ത്രീയപരിപാലനം, ശാസ്ത്രീയ ചികിത്സാരീതി എന്നിവ ലഭ്യമാക്കണം. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യമായി ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവ ഊർജ്ജിതപ്പെടുത്തണം.

നമ്മുടെ ഗ്രാമപഞ്ചായത്തിൽപ്പെട്ട സ്ഥലങ്ങൾ കന്നുകാലികളെ വളർത്താനും സംരക്ഷിക്കാനും അനുയോജ്യമായ പ്രദേശമാണ്. വർഷത്തിൽ ഒരു കൃഷിമാത്രം ഉണ്ടായിരുന്ന കാലഘട്ടത്തിൽ വിളവെടുപ്പ് കഴിഞ്ഞാൽ കന്നുകാലികൾക്ക് സ്വതന്ത്രമായ് മേഞ്ഞുനടക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ നെൽകൃഷി രണ്ടാംവിള എടുക്കുവാൻ തുടങ്ങിയതോടെയും മിക്ക കൃഷിയിടങ്ങളും നികത്തി വീടുവെച്ചതിന്റെ ഫലമായും നമ്മുടെ കാലിസമ്പത്ത് കുറയാൻ തുടങ്ങി.

പശു, ആട്, എരുമ, ഉഴവുകാള, പോത്ത് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനവളർത്തു മൃഗങ്ങൾ. കോഴി, താറാവ്, പ്രാവ് എന്നിവയാണ് പ്രധാന വളർത്തു പക്ഷികൾ. നമ്മുടെ പഞ്ചായത്തിൽ 1236 പശുക്കളും, 1012 ആടുകളും, 156 ഉഴവുകാളകളും, 77 എരുമകളും, 86 പോത്തുകളും, 1017 കോഴികളുമാണ് ഉള്ളത്. വ്യാപകമല്ലെങ്കിലും ചിലവീടുകളിൽ മുയലുകളെയും വളർത്തുന്നുണ്ട്. പഞ്ചായത്തിൽ മിക്കവീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

**വളർത്തുമൃഗങ്ങളുംപക്ഷികളും**

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പശു (നാടൻ ) | 485 |
| | (സങ്കര) | 751 |
| 2 | കാള(നാടൻ) | 158 |
| | (സങ്കര) | 398 |
| 3 | എരുമ | 77 |
| | പോത്ത് | 86 |
| 4 | ആട് | 1012 |
| 5 | പട്ടി | 1977 |
| 6 | കോഴി(പൂവൻ) | 2872 |
| | (പിട) | 7303 |
| 7 | താറാവ് | 45 |
| 8 | മറ്റുപക്ഷികൾ | 62 |

കൃഷി ഇടങ്ങളിലെവിസ്തൃതി കുറയുകയും ഉഴവിനും മറ്റും ആധുനിക യന്ത്രങ്ങൾവരുകയും ചെയ്തപ്പോൾ കാളകളുടെയും പോത്തുകളുടെയും എണ്ണം വളരെയധികം കുറഞ്ഞു. കാലിത്തീറ്റ വില ക്രമാതീതമായി വർദ്ധിക്കുകയും തീറ്റപ്പുല്ലിൻെറ ലഭ്യത കുറയുകയും ചെയ്തതോടെ കർഷകർ കന്നുകാലികളുടെ എണ്ണം കുറയ്ക്കാൻ നിർബന്ധിതരായി. 1996ലെ സാമ്പത്തിക സർവ്വെ പ്രകാരം പ്രതിദിനം 2872 ലിറ്റർ പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ വില്ക്കാൻ സംവിധാനം ഇല്ലാത്തതിനാൽ കർഷകർ കാലി വളർത്തലിന് വിമുഖത കാണിക്കുന്നുണ്ട്. പഞ്ചായത്തിൽ മൂന്ന് ആപ്ക്കോസ് മാതൃകയിലുള്ള പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ ക്ഷീര കർഷകർക്കും ഉപയോഗപ്പെടുന്നില്ല. ഒന്നാം വാർഡിൽസൊസൈറ്റി ഉണ്ടെങ്കിലും അതിൻെറ പ്രയോജനം ഒരുപ്രദേശത്ത് മാത്രമെ ലഭിക്കുന്നുള്ളു.

പഞ്ചായത്തിൽഒരു മൃഗാശുപത്രിയും ഒരു കൃത്രിമ ബീജസങ്കലന ഉപകേന്ദ്രവുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. മൃഗാശുപത്രി പന്നിയം പാടത്ത് പഞ്ചായത്ത് വാടക നൽകുന്ന കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 7, 8, 11, 12 എന്നീ വാർഡുകളിലുള്ളവർക്കാണ് ഇതിൻെറ പ്രയോജനം കൂടുതൽ ലഭിക്കുന്നത്. കൃത്രിമ ബീജസങ്കലന പഠനകേന്ദ്രം പ്രവർത്തിക്കുന്നത് കാവിൽപാടാണ്. കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിട്‌വീക്കം, കുളമ്പ് രോഗം, ഉദരരോഗം എന്നിവയാണ്. രോഗപ്രതിരോധ നടപടികളെകുറിച്ചും ശുചിത്വത്തെ സംബന്ധിച്ചും വിദഗ്ദ്ധചികിത്സ നൽകുന്നതിനെകുറിച്ചും കർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിൽ ചികിത്സിച്ച് മാറ്റുന്നതിന് തടസ്സമാണ്.

കന്നുകാലിവളർത്തുന്നവർക്ക് അതിനോടനുബന്ധിച്ച് ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയാണെങ്കിൽ വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനം ഇതിൽനിന്ന് ലഭിക്കുന്നതാണ്. ഇതിൻെറ സ്ലറി നല്ലൊരു ജൈവവളമാണ്. 10 ഗോബർ ഗ്യാസ് പ്ലാൻറുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

കോഴിവളർത്തൽ മിക്കവാറും എല്ലാവീടുകളിലും ഉണ്ടെങ്കിലും ഉല്പാദന ശേഷി കുറഞ്ഞ നാടൻ ഇനങ്ങളാണ് കൂടുതൽ.

പഞ്ചായത്ത് തലത്തിൽ അടുത്ത കാലത്ത് വിതരണം നടത്തിയ ആസ്ട്രോവൈറ്റ് ഇനത്തിൽപെട്ട കോഴികൾ രോഗപ്രതിരോധ ശക്തി കൂടിയതും അത്യുല്പാദനശേഷി ഉള്ളവയും ഈ പ്രദേശത്തിന് അനുയോജ്യമായവയുമാണ്.

സാധാരണ കണ്ടുവരുന്ന രോഗങ്ങൾ സംബന്ധിച്ച വിവരണം (ചാർട്ട് 2) കാണുക

**പ്രശ്നങ്ങൾ-സാദ്ധ്യതകൾ**

1 -മൃഗാശുപത്രിയുടെപ്രവർത്തനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളുടെ കുറവ് ഉണ്ട്.

* സൗകര്യപ്രദമായ സ്ഥലത്ത് മൃഗാശുപത്രിക്ക് സ്വന്തംകെട്ടിടം നിർമ്മിച്ച് ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2 -പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലെ മൃഗചികിത്സ സൗകര്യങ്ങളുടെ അപര്യാപ്തത.

* പശുവളർത്തൽ ഏറ്റവും കൂടുതൽ ഉള്ള വള്ളിക്കോട് മുരളി, നൊച്ചിപ്പുള്ളി എന്നിവിടങ്ങളിൽ സബ്സെൻററുകൾ സ്ഥാപിക്കുക.

3 -കാലിത്തീറ്റയുടെ വിലകൂടുതലും പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവും കാലിവളർത്തലിന് തടസ്സമായിനിൽക്കുന്നു.

* സഹകരണസംഘങ്ങൾവഴി കർഷകർക്ക് മിതമായ വിലക്ക് കാലിത്തീറ്റലഭ്യമാക്കുക.
* കുറഞ്ഞചിലവിൽ കാലിത്തീറ്റയും കോഴിത്തീറ്റയും ഉല്പാദിപ്പിക്കുന്നതിനുള്ള നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക. ധോണി ഫാമിലെ പുല്ലുൽപ്പാദന കേന്ദ്രത്തിൻെറ സാദ്ധ്യത പ്രയോജനപ്പെടുത്തി കൊണ്ട് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുക.

4 ക്ഷീരവിപണനത്തിനുള്ള സാദ്ധ്യത വളരെകുറവാണ്.

* പഞ്ചായത്തിന്റെ മൊത്തംപ്രദേശത്ത് പ്രവർത്തനാധികാരമുള്ള ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പാൽ ഉപയോഗപ്പെടുത്തി കൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ക്ഷീരവ്യവസായ സഹകരണ സംഘങ്ങളോടനുബന്ധിച്ച് സ്ഥാപിച്ചാൽ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാവുന്നതാണ്.

5 അത്യുല്പാദനശേഷിയുള്ള കോഴി കുഞ്ഞുങ്ങളുടെ ലഭ്യതകുറവ് നേരിടുന്നുണ്ട്.

* അത്യുല്പാദനശേഷിയുള്ള രോഗപ്രതിരോധ ശക്തിയും ഉള്ളകോഴികുഞ്ഞുങ്ങളെ വിതരണംചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

* ആട്, പന്നി, മുയൽ എന്നിവ വ്യാപാര അടിസ്ഥാനത്തിൽ വളർത്താൻ ആവശ്യമായ പ്രോത്സാഹനം നല്കുക.

**മത്സ്യബന്ധനം**

മത്സ്യകൃഷി നടത്തുന്ന കർഷകർ ഈപഞ്ചായത്തിൽ വളരെ കുറച്ചു മാത്രമേയുള്ളു. എന്നാൽ മത്സ്യകൃഷിക്ക് അനുയോജ്യമായ ധാരാളം കുളങ്ങൾ ഉള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. ഇപ്പോൾ ചെറുതും വലുതുമായി 45 ഓളം കുളങ്ങൾ ഈപ്രദേശങ്ങളിലുണ്ട്. മത്സ്യകൃഷി നടത്തുന്നതിനുള്ള പരിജ്ഞാന ക്കുറവ് സാമ്പത്തിക ബുദ്ധിമുട്ടുമുള്ളതു കൊണ്ടുണ്ട് കർഷകർ ഈ രംഗത്ത് കടന്നുവരാൻ വിമുഖത കാണിക്കുന്നുണ്ട്. ഇതിനാവശ്യമായ സാങ്കേതിക വിദ്യയും പരിജ്ഞാനവും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. പച്ചക്കറി വിളകളുടെ വിപണന കേന്ദ്രമായ അവിയലിന്റെ മാതൃകയിൽ ഒരു മത്സ്യവിപണന കേന്ദ്രവും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്താവുന്നതാണ്.

പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത്

# മൃഗങ്ങളിലെ രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| | ദഹനസംബന്ധമായവ<br>Digestive disorders | 87 | 2 | 40 | - | 4 | 154 | - |
| | ശ്വാസകോശസംബന്ധം<br>Respiratory Diseases | 8 | - | 1 | - | - | 1 | - |
| | ഉപാപചയ സംബന്ധം<br>Metabolic Diseases | 2 | - | - | - | - | - | - |
| | ത്വക് രോഗങ്ങൾ<br>Skin Diseases | 37 | - | 16 | - | 2 | 2 | - |
| | ധാതുലവണങ്ങളുടെ അഭാവം<br>Deficiency Diseases | 48 | - | 5 | - | - | 18 | - |
| | പരാദരോഗങ്ങൾ<br>Parasitic Diseases | 105 | 6 | 2 | - | 1 | 27 | - |
| | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological Disorders | 17 | 2 | - | - | - | - | - |
| | വന്ധ്യത<br>Infertility | - | - | - | - | - | - | - |
| | അകിടുവീക്കം<br>Mastitis | 12 | - | - | - | - | - | - |
| | മുടന്തൻപനി<br>Ephemeral Fever | 9 | - | - | - | - | - | - |
| | പകർച്ച വ്യാധികൾ<br>Contagion Diseases | - | - | - | - | - | - | - |

ചാർട്ട് 2



# വ്യവസായം

# 5-3
# വ്യവസായം

വ്യാവസായികമായി കേരളത്തിന്റെ പിന്നോക്കാവസ്ഥ പുതുപ്പരിയാരം പഞ്ചായത്ത് പ്രദേശത്തും കാണപ്പെടുന്നു. വ്യവസായത്തുറകളിൽ ഭൂരിപക്ഷവും ചെറുകിടവ്യവസായ സ്ഥാപനങ്ങളും, സൂക്ഷ്മ യൂണിറ്റുകളും (Tiny Unit) ആണ്. കുടിൽ, പരമ്പരാഗത, കൈത്തറി മേഖലകളിലുള്ള യൂണിറ്റുകൾ താരതമ്യേന കുറവാണ്. ഒരു ഇടത്തരം യൂണിറ്റുള്ളത് പൊതു മേഖലയിലാണ്. വൻകിട സ്ഥാപനങ്ങൾ തീരെ ഇല്ല. രണ്ട് വ്യവസായ യൂണിറ്റുകൾ സഹകരണമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

വ്യവസായത്തുറകളിൽ പണിയെടുക്കുന്ന ഭൂരിപക്ഷം പേരും ക്ഷയിച്ചു കൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണ്. ഇത്തരം യൂണിറ്റുകളിൽ പണി എടുക്കുന്നവർക്ക് താരതമ്യേന വരുമാനവും, ഉത്പാദനക്ഷമതയും കുറഞ്ഞതാണ്.

പ്രധാന ജോലിക്കാരായി 10186 പേരുള്ളതിൽ 7294 പുരുഷൻമാരും 2892 സ്ത്രീകളുമാണ്. പണിയെടുക്കുന്ന ഭൂരിപക്ഷം ആളുകളും കാർഷിക മേഖലയിലാണ്. കാർഷിക മേഖലയിൽ സ്ത്രീകളാണ് പണിയെടുക്കുന്നവരിൽ കൂടുതലെങ്കിൽ വ്യവസായമേഖലയിൽ അവരുടെ എണ്ണം വളരെകുറവാണ്. കുടിൽ, കുടിലേതരവ്യവസായങ്ങളിൽ 1117 പുരുഷൻമാരും 93 സ്ത്രീകളുമടക്കം 1210 പേർ ജോലി ചെയ്യുന്നുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം 21092 ആണ്. ഭാഗകമായി തൊഴിലുള്ള 638 പേരുണ്ട്. 33.91 ആണ് തൊഴിൽ പങ്കാളിത്തനിരക്ക്. 112 പേർതൊഴിലില്ലായ്മാ വേതനം വാങ്ങുന്നവരായിട്ടുണ്ട്,

ആകെ 80 വ്യവസായ യൂണിറ്റുകളാണ് എസ്.എസ്.ഐ. യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. 1992 വരെ 58 എണ്ണവും, അതിനുശേഷം 1996 വരെ 22 എണ്ണവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 61 എണ്ണം പൂർണ്ണമായോ, ഭാഗികമായോ പ്രവർത്തിക്കുന്നവയാണ്. 19 യൂണിറ്റുകൾ പ്രവർത്തന രഹിതമായിട്ടുള്ളതായി കാണുന്നു.

പ്രവർത്തിക്കുന്ന 55 യൂണിറ്റിൽ 1 – 5 വരെ എണ്ണത്തിൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. 6 യൂണിറ്റിൽ 5 – 10 വരെയുള്ള തൊഴിലാളികൾ പണിചെയ്യുന്നു. ഒരെണ്ണത്തിൽ 10ന് മുകളിലും തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ ഭൂരിപക്ഷംപേരും സ്ഥിരം തൊഴിലാളികളാണെന്ന് പറയുന്നുണ്ടെങ്കിലും ഇവരുടെ തൊഴിൽ ദിനങ്ങൾ കുറവാണ്. അസ്ഥിരത്തൊഴിലാളികളുടെ വിവരം ശരിക്കും ലഭിക്കുന്നില്ല. പല സ്ഥാപനങ്ങളിലും സ്ഥിരം തൊഴിലാളികളുണ്ടെന്ന് അറിയുന്നു.

സർക്കാർ കണക്കനുസരിച്ച് ഒരു എസ്.എസ്.ഐ. യൂണിറ്റിൽ ശരാശരി 4പേരും ആവരേജ് ഇൻവെസ്റ്റ്മെൻറ് 1 – 5 ലക്ഷം രൂപയും ആണ്.

പഞ്ചായത്തിൽ എസ്.എസ്.ഐ.യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ സ്ഥിതി വിവരപ്പട്ടിക താഴെകൊടുക്കുന്നു.

**ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

പഞ്ചായത്തിന്റെ ഇന്നത്തെ വ്യാവസായിക പിന്നോക്കാവസ്ഥ മാറ്റി എടുത്ത് മുന്നോട്ട് പോവണമെങ്കിൽ ഇതുമായി ബന്ധപ്പെട്ട വസ്തുതകൾപരിശോധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വ്യാവസായികവളർച്ചയുടെ നട്ടെല്ലാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. ഇതിന്റെ ശോചനീയാവസ്ഥ മാറ്റിയെടുക്കുക എന്നതാണ് വ്യാവസായിക വികസനത്തിനുള്ള ഒരു സുപ്രധാന പോംവഴി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | രജിസ്റ്റർ ചെയ്ത വർഷം | | | | | | ഉപയോഗിക്കുന്നവ | ഉപേക്ഷിച്ചവ | തൊഴിലാളികളുടെ എണ്ണം (ശരാശരി) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 92 വരെ | 92-93 | 93-94 | 94-95 | 95-96 | | | | 1-5 | 5-10 | 10ൽ കൂടുതൽ |
| 1 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | — | × | — | | — |
| 2 | പാലക്കാട് ജില്ലാ [illegible] സഹകരണ സംഘം | ✓ | — | — | — | — | | ✓ | — | — | — | — |
| 3 | [illegible] | ✓ | — | — | — | — | | ✓ | — | — | ✓ | — |
| 4 | പാലക്കാട് ജില്ലാ [illegible] | ✓ | — | — | — | — | | ✓ | — | — | ✓ | ✓ |
| 5 | [illegible] | ✓ | — | — | — | — | | — | × | — | — | — |
| 6 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 7 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | — | × | — | — | — |
| 8 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | ✓ | — | — | — | — |
| 9 | [illegible] | ✓ | — | — | — | — | | — | × | — | ✓ | — |
| 10 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | — | × | — | — | — |
| 11 | വി.പി.ആർ റൈസ് മിൽ | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 12 | [illegible] റൈസ് മിൽ | ✓ | — | — | — | — | | — | × | — | — | — |
| 13 | [illegible] റൈസ് മിൽ | ✓ | — | — | — | — | | — | × | — | — | — |
| 14 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 15 | [illegible] റൈസ് മിൽ | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 16 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 17 | [illegible] | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 18 | [illegible] | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 19 | [illegible] | ✓ | — | — | — | — | | — | × | — | — | — |
| 20 | [illegible] റൈസ് മിൽ | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 21 | [illegible] | ✓ | — | — | — | — | | — | × | — | — | — |
| 22 | [illegible] | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 23 | [illegible] | ✓ | — | — | — | — | | — | × | — | — | — |
| 24 | [illegible] | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 25 | [illegible] മിൽ | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 26 | [illegible] | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 27 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | — | × | — | — | — |
| 28 | [illegible] ഇൻഡസ്ട്രീസ് | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 29 | [illegible] | ✓ | — | — | — | — | | ✓ | — | ✓ | — | — |
| 30 | [illegible] | ✓ | — | — | — | — | | ✓ | — | ✓ | — | — |

പട്ടിക - [illegible]

| ക്ര നമ്പർ | സ്ഥാപനത്തിന്റെ പേര് | രജിസ്റ്റർ ചെയ്ത വർഷം | | | | | | പ്രവർത്തിക്കുന്നു | പ്രവർത്തനം നിലച്ചു | തൊഴിലാളികളുടെ എണ്ണം (ഏകദേശം) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 92-93 | 93-94 | 94-95 | 95-96 | 96-97 | | | | 1-5 | 5-10 | 10ന് മുകളിൽ |
| 31 | ഭഗവതി മെറ്റൽ വർക്സ് | ✓ | – | – | – | – | | ✓ | – | – | ✓ | – |
| 32 | [illegible] മെറ്റൽ വർക്സ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 33 | ജോസ് എഞ്ചി. വർക്സ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 34 | മിനി [illegible] ഇൻഡസ്ട്രീസ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 35 | [illegible] | ✓ | – | – | – | – | | – | ✗ | – | – | – |
| 36 | [illegible] ഇൻഡസ്ട്രീസ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 37 | ലക്ഷ്മി [illegible] ഇൻഡ. | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 38 | [illegible] | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 39 | SJB ഫുഡ് ഇൻഡസ്ട്രീസ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 40 | PCM [illegible] | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 41 | [illegible] | ✓ | – | ✓ | – | – | | ✓ | – | ✓ | – | – |
| 42 | പി.പി. ഫർണിച്ചർ | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 43 | [illegible] ഇൻഡ. | ✓ | – | – | – | – | | ✓ | – | – | ✓ | – |
| 44 | [illegible] ടെയിലറിംഗ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 45 | [illegible] പ്രിന്റേഴ്സ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 46 | [illegible] | ✓ | – | – | – | – | | – | ✗ | – | – | – |
| 47 | [illegible] ഗാർമെന്റ്സ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 48 | [illegible] സർവീസ് സെന്റർ | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 49 | [illegible] ഇൻഡ. വർക്സ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 50 | [illegible] ഇൻഡസ്ട്രീസ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 51 | [illegible] | ✓ | – | – | – | – | | – | ✗ | – | – | – |
| 52 | കൈരളി ഫർണിച്ചർ | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 53 | [illegible] മെറ്റൽ വർക്സ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 54 | [illegible] | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 55 | [illegible] പ്രിന്റിംഗ് പ്രസ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 56 | [illegible] | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 57 | [illegible] വർക്സ് | ✓ | – | – | – | – | | ✓ | – | ✓ | – | – |
| 58 | [illegible] | ✓ | – | – | – | – | | – | ✗ | – | – | – |
| 59 | [illegible] ഇൻഡ. | – | ✓ | – | – | – | | ✓ | – | ✓ | – | – |
| 60 | [illegible] | – | ✓ | – | – | – | | ✓ | – | – | ✓ | – |

| ക്രമ നമ്പർ | ഏജൻസിയുടെ പേര് | രജിസ്റ്റർ വർഷം | | | | | പ്രവർത്തനം | | ജോലിക്കാരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 92ന് മുൻപ് | 92-93 | 93-94 | 94-95 | 95-96 | ഉണ്ട് | ഇല്ല | 1-5 | 5-10 | 10ന് മുകളിൽ |
| 61 | മെഴ്‌ലാ ഗാർമെന്റ്സ് | — | ✓ | — | — | — | — | × | — | — | — |
| 62 | വിക്ടറി ഷോപ്പ് | — | ✓ | — | — | — | ✓ | — | ✓ | — | — |
| 63 | ദാസ് ഇലക്ട്രിക്കൽ റിപ്പയേഴ്സ് | — | — | ✓ | — | — | ✓ | — | ✓ | — | — |
| 64 | ന്യൂ വെസ്റ്റേൺ ഫുഡ് പ്രൊഡക്ട്സ് | — | — | ✓ | — | — | ✓ | — | ✓ | — | — |
| 65 | സായ്ഗാൻ ഫുഡ് പ്രൊഡക്ട്സ് | — | — | ✓ | — | — | — | × | — | — | — |
| 66 | ന്യൂ ധന്യ ഇലക്ട്രിക്കൽസ് | — | — | ✓ | — | — | ✓ | — | ✓ | — | — |
| 67 | ജ്ഞാനകുമാർ പ്ലാസ്റ്റിക്സ് | — | — | ✓ | — | — | ✓ | — | ✓ | — | — |
| 68 | വിജയ് ഏജൻസീസ് | — | — | ✓ | — | — | — | × | — | — | — |
| 69 | കൂടത്ത് ടയർ റീട്രേഡിംഗ് യൂണിറ്റ് | — | — | — | ✓ | — | ✓ | — | ✓ | — | — |
| 70 | സിൽവർ ഫ്രെയിംസ് | — | — | — | ✓ | | ✓ | — | ✓ | — | — |
| 71 | കാർത്തിക ഗാർമെന്റ്സ് | — | — | — | — | ✓ | ✓ | — | ✓ | — | — |
| 72 | ലേഡീസ് ഗാർമെന്റ്സ് | — | — | — | — | ✓ | ✓ | — | ✓ | — | — |
| 73 | ശേഖർ - ഇലക്ട്രിക്സ് | — | — | — | — | ✓ | ✓ | — | ✓ | — | — |
| 74 | ഷാനി ബോഡി വർക്സ് | — | — | — | — | ✓ | ✓ | — | ✓ | — | — |
| 75 | അച്ചുക്കുട്ടി ബോഡി വർക്സ് | — | — | — | — | ✓ | ✓ | — | ✓ | — | — |
| 76 | ജോർജ്ജിൻ പ്ലാസ്റ്റിക് വർക്സ് | — | — | — | — | ✓ | — | × | — | — | — |
| 77 | സംഘം റെഡിമെയ്ഡ് യൂണിറ്റ് | — | — | — | — | ✓ | ✓ | — | ✓ | — | — |
| 78 | കാസിം ബേക്കറി കമ്പനി | — | — | — | — | ✓ | ✓ | — | ✓ | — | — |
| 79 | സോളാർ കോൺക്രീറ്റ് വർക്സ് | — | — | — | — | ✓ | ✓ | — | ✓ | — | — |
| 80 | സ്വാതി ഇലക്ട്രോണിക്സ് ടിവി റിപ്പയർ വർക്സ്. | — | — | — | — | — | — | — | — | — | — |
| | ആകെ | 58 | 4 | 6 | 2 | 10 | 61 | 19 | 54 | 6 | 1 |

47

## പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതിപ്രകാരം ( പി. എം. ആർ. വൈ) വായ്പ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ (പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത്)

| പദ്ധതി | വർഷം | അപേക്ഷകർ എണ്ണം | ശുപാർശ ചെയ്തത് | | തിരികെ അയച്ചത് | പാസ്സാക്കിയത് | | വ്യവസായ യൂണിറ്റ് | ബാങ്ക് |
|---|---|---|---|---|---|---|---|---|---|
| | | | എണ്ണം | തുക (ല) | | എണ്ണം | തുക (ല) | | |
| പി. എം. ആർ. വൈ | 95 – 96 | 1 | 1 | 0.15 | – | 1 | 0.15 | ടി. വി റേഡിയോ സർവീസിങ്ങ് | ബാങ്ക് ഓഫ് ബറോഡ പാലക്കാട് |
| " | " | 7 | 7 | 2.90 | – | 4 | 1,25 | ഓട്ടോറിക്ഷകൾ സ്റ്റേഷനറിക്കട ഡയറി യൂണിറ്റ് | ഇന്ത്യൻ ബാങ്ക് തൊറപ്പാളയം |
| " | " | 17 | 17 | 6.50 | – | 7 | 3.32 | ഓട്ടോറിക്ഷ ഇഞ്ചക്ഷൻ മോൾഡിങ്ങ് തുണിക്കട ലെയ്ത്ത് കെട്ടിട സാമഗ്രികൾ വിൽപന | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പുതുപ്പരിയാരം |
| " | " | 8 | 8 | 3.47 | – | 6 | 3.10 | ഓട്ടോറിക്ഷകൾ പിക് - അപ് വാൻ പലചരക്ക് കട സിമൻറ് കച്ചവടം | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഹേമാബിക നഗർ |
| ആകെ | | 33 | 33 | 13.02 | – | 18 | 7.82 | | |

# INDUSTRIAL ESTATE - LAND SKETCH



ഇൻഡ. എസ്റ്റേറ്റിനകത്തെ വ്യവസായ യൂണിറ്റുകളുടെ സ്ഥിതിവിവരം. പട്ടിക – 3

| | സ്ഥാപനത്തിൻെറ പേര് | ഉൽപ്പന്നം | തൊഴിലാളി എണ്ണം | | | ആകെ | രൂപ 500 – 1000 | രൂപ 1000– 1500 | രൂപ 1000 മുകളിൽ |
|---|---|---|---|---|---|---|---|---|---|
| | | | പുരു | സ്ത്രീ | പ: ജ/ പ:വ. | | | | |
| 1 | 'കെൽ' | ഇലക്ട്രിക് സ്വിച്ച് ഗിയറുകൾ, ഫ്യൂസുകൾ | 137 | 16 | 5 | 158 | | ✓ | ✓ |
| 2 | പേസ് എഞ്ചിനീയറിങ്ങ് | പമ്പ് സെറ്റുകൾ | 7 | 2 | – | 9 | ✓ | ✓ | |
| 3 | ഷാജി ഇൻഡസ്ട്രീസ് | സ്റ്റൗ, സ്റ്റീൽ കസേരകൾ | 7 | – | – | 7 | ✓ | | |
| 4 | ഭാരത് എക്യുപ്മെൻറ്സ് | ലാബ് ഉപകരണങ്ങൾ ഇൻകുബേറ്ററുകൾ | 5 | 2 | – | 7 | ✓ | | |
| 5 | പ്രിയ ഇൻഡസ്ട്രീസ് | ട്രിക് ടയർഫ്ളാപ്പ് | 4 | – | 1 | 5 | ✓ | | |
| 6 | മഫ്സൽ എൻറർപ്രൈസസ് | അലുമനീയം ഉപകരണ നോൺ ഫെറസ് കാസ്റ്റിങ്ങ് | 9 | – | – | 9 | ✓ | | |
| 7 | ശേഖർ പ്രസ്റ്റീൽസ് | ടേബിൾ ടോപ്പ് ഗ്രൈൻഡർ | 3 | – | – | 3 | ✓ | | |
| 8 | രാഹുൽ ഇൻഡസ്ട്രീസ് | അലുമനീയം ഉപകരണങ്ങ | 8 | – | – | 8 | ✓ | | |
| 9 | ദുർഗ ഇൻഡസ്ട്രീസ് | പി. വി. സി. പൈപ്പുകൾ | – | – | – | – | | | |
| 10 | രംഗനാഥ ഇൻഡസ്ട്രീസ് | റബർ മോൾഡഡ് കോംപണൻറ്സ് | 2 | – | – | 2 | ✓ | | |
| 11 | വിഗ്നേഷ് ഇൻഡസ്ട്രീസ് | ഹള്ളർ സ്ക്രീൻസ്(ചെല്ലട | 9 | – | – | 9 | ✓ | ✓ | |
| 12 | ബി. കെ. റബർ വർക്സ് | റബർ ഹോസുകൾ | 6 | – | 1 | 7 | ✓ | | |
| 13 | മുട്ടത്ത് സ്റ്റാർച്ച് പ്രൊഡക്ട്സ് | പുളിങ്കുരു പൗഡർ | 1 | 4 | – | 5 | ✓ | | |
| 14 | ഡേവിസൺ റബർ ഇൻഡസ്ട്രീസ് | റബർ മോഡൽസ് പ്രൊഡക്ടസ് | 6 | – | – | 6 | ✓ | | |
| 15 | സെഞ്ചുറി മെറ്റൽസ് | വയർ നെയിൽസ് (മൊട്ടു സൂചി) | 3 | – | – | 3 | ✓ | | |
| 16 | ടെക്നോ അലോയ്ഡ് | അലുമിനീയം കാസ്റ്റിങ്ങ് | 3 | – | – | 3 | ✓ | | |
| 17 | ഫേബ്രിക്ക – മെറ്റ | സ്റ്റീൽ ഫേബ്രിക്കേഷൻ | 2 | – | – | 2 | | ✓ | |
| 18 | ഹരിശ്ചന്ദ്ര ഇൻഡസ്ട്രീസ് | ഹള്ളർ സ്ക്രീൻ | 3 | – | – | 3 | ✓ | | |
| 19 | അജയ് കെമിക്കൽസ് | ലാബ് ഉപകരണങ്ങൾ | 3 | 2 | – | 5 | ✓ | | |
| 20 | ഗുരുകൃപ ഇൻഡസ്ട്രീസ് | കളിമണ്ണ്, ബോറോക്സ് പൗഡർ | 8 | – | | 6 | ✓ | | |
| 21 | പാലക്കാട് കോ-ഓപ്പ. വുഡ് ഇൻഡ. | വുഡ് ഫർണിച്ചറുകൾ | 7 | – | – | 7 | | ✓ | |
| 22 | സിഡ്കോ മെറ്റീരിയൽ ഡിപ്പോ | സി. ആർ., എച്ച്. ആർ, ജി. ഐ ഷീറ്റ്, മെഴുക് ടൈറ്റാനിയം, വിൽപന | 7 | – | – | 7 | | | ✓ |
| 23 | ലിവിൽ പ്ളാസ്റ്റിക്സ് | പ്ളാസ്റ്റിക് സാധനങ്ങൾ | ഉത്പാദനം ആരംഭിച്ചിട്ടില്ല | | | | | | |
| | ആകെ | | 240 | 26 | 7 | 273 | 17 | 5 | 2 |

6. എസ്റ്റേറ്റിനകത്തും എസ്റ്റേറ്റിലേയ്ക്ക് വരുന്നതുമായ റോഡുകൾ അറ്റകുറ്റപ്പണി അത്യാവശ്യമാണ്. എഫ്.സി. ഐ. ലേയ്ക്കുള്ള ലോറികൾ റോഡരികിൽ നിറുത്തിയിടുന്നത് പലപ്പോഴുംമാർഗ്ഗ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇത് ഒഴിവാക്കണം.

**സാദ്ധ്യതകൾ**

1. കിണറും, പമ്പിംഗ് സ്റ്റേഷനും സംരക്ഷിക്കുന്നതിന് ഒരുസ്ഥിരം പമ്പ് ഓപ്പറേറ്ററെ നിയമിക്കണം.
2. എസ്റ്റേറ്റിനകത്ത് കുഴൽ കിണർ, മറ്റ് രീതിയിലുള്ള കിണർ കുഴിച്ചാൽ വെള്ളം കിട്ടുന്ന സ്ഥലമുണ്ടോയെന്ന് ശാസ്ത്രീയമായിവീണ്ടും പരിശോധിക്കാവുന്നതാണ്. ലക്ഷംവീട് കോളനിയിൽ സ്ഥാപിതമായിട്ടുള്ള ടാങ്കിൽനിന്നും വ്യവസായസ്ഥാപനങ്ങളിലേക്ക് കുടിവെള്ളത്തിനായി 'ടാപ്പ്' സ്ഥാപിക്കാവുന്നതാണ്.
3. മലമ്പുഴയിൽ സ്ഥാപിച്ച ഇലക്ട്രിക് സബ്സ്റ്റേഷനിൽനിന്ന് പ്രത്യേക ഫീഡർ ലൈൻ എടുക്കാവുന്നതാണ്. ട്രാൻസ്ഫോർമറും വെയ്ക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
4. വെറുതെ കിടക്കുന്ന സ്ഥലം വ്യവസായ സംരഭകർക്ക് നൽകാവുന്നതാണ്. 5 ഏക്കർ സ്ഥലത്ത് ചുരുങ്ങിയത് 25 എസ്. എസ്. ഐ. യൂണിറ്റെങ്കിലും തുടങ്ങാൻ സാദ്ധ്യതയുണ്ട്.
5. പൂട്ടിക്കിടക്കുന്ന കമ്പനികളിലെ ഉടമകളെ നേരിൽകണ്ട് ചർച്ച ചെയ്ത് തുടങ്ങാൻ സാദ്ധ്യതയുള്ളത് തുടങ്ങുകയോ, സാദ്ധ്യതതീരെയില്ലാത്തത് ഒഴിപ്പിച്ചെടുത്ത് പുതിയ സംരംഭകർക്ക് നൽകുകയോ ചെയ്യാവുന്നതാണ്.
6. എഫ്.സി.ഐ.ലോറികൾ മാർഗ്ഗതടസ്സമാവാതിരിക്കാൻ ലോറി പാർക്ക് ചെയ്യാനുള്ള സ്ഥലം കണ്ടെത്താൻ എഫ്.സി.ഐ.യോട് ആവശ്യപ്പെടാവുന്നതാണ്.

**പഞ്ചായത്തിലെ ആദ്യകാല സഹകരണമേഖലയിലെ വ്യവസായം-പാലക്കട് ജില്ലാ കോ-ഓപ്പറേറ്റീവ് മെറ്റൽവർക്സ്**

പഞ്ചായത്തിലെ ആദ്യകാല വ്യവസായ സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് മെറ്റൽ വർക്സ്. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത ജവാന്മാരെ പുനഃപധിവസിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് 1.10.1946ന് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് മെറ്റൽവർക്സ് എന്ന പേരിൽ സഹകരണ മേഖലയിൽ സ്ഥാപനം രജിസ്റ്റർ ചെയ്തത്. ചെമ്പ് ഉത്പന്നങ്ങളായിരുന്നു ആദ്യകാലത്ത് ഉണ്ടാക്കിയിരുന്നത്. 31.5-1947ലാണ് കമ്പനിയിൽ ഉപാദനം ആരംഭിച്ചത്. കമ്പനി ഇന്ന് പലവിധ വെല്ലുവിളികളെ നേരിടുന്നുണ്ടെങ്കിലും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. ഇലക്ട്രിക് ലൈൻ മെറ്റീരിയൽസും, സ്റ്റീൽ ഫർണീച്ചറുകളും, ഫാബ്രിക്കേഷൻ പണികളുമാണ് ഇന്ന് പ്രധാനമായും നടക്കുന്നത്. 5.65 ഏക്കർസ്ഥലം കമ്പനിക്ക് സ്വന്തമായുണ്ട്.12 ജീവനക്കാരിൽ 2 പേർ വനിതകളാണ്. 1000-1500/-കയ്ക്കും അതിന് മുകളിലും ശമ്പളംപറ്റുന്ന 8 ജീവനക്കാരുണ്ട്. ശരാശരി വാർഷിക ടേണോവർ 10ലക്ഷം രൂപയാണ്. സ്ഥാപനത്തിന്റെ 50-ാം വാർഷികം അടുത്ത വർഷം കൊണ്ടാടാൻ നിശ്ചയിച്ചിരിക്കയാണ്.

**പഞ്ചായത്തിലെ വ്യവസായം സംബന്ധിച്ച പ്രശ്നങ്ങളും സാദ്ധ്യതകളും**

**പ്രശ്നങ്ങൾ**

1 സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് ഇന്നുള്ള ബാങ്കിന്റെ 'സർവ്വീസ് ഏരിയസംവിധാനം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതിനാൽ പ്രദേശത്തെ ഏറ്റവും അടുത്തുള്ള ബാങ്കിൽ നിന്ന് വായ്പ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

2. പഞ്ചായത്തിലെ തെക്കേപ്പറമ്പ് പ്രദേശം അടക്കമുള്ള സ്ഥലങ്ങളിലെ സാങ്കേതിക യോഗ്യതയുള്ള യുവജനങ്ങൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനം ഉണ്ടാവണം.
3. തൊഴിൽസംരംഭകർക്ക് മെച്ചപ്പെട്ട പരിശീലനം ലഭിക്കുന്നില്ല.
4. പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ചന്ദനത്തിരി, മെഴുകുതിരി, സോപ്പ്, റീഫിൽ, പ്ളാസ്റ്റിക് ഉപകരണങ്ങൾ കളിക്കോപ്പുകൾ, കുട്ടനെയ്ത്ത് മുതലായവയ്ക്കായി ചെറുകിട യൂണിറ്റുകൾ ആരംഭിക്കണം.

**സാദ്ധ്യതകൾ**

1. ജില്ലാലീഡു ബാങ്കുമായിബന്ധപ്പെട്ട പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമോ എന്ന്പരിശോധിക്കണം
2. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ സാങ്കേതിക വിദ്യാഭ്യാസമുള്ളവരുടേതടക്കം വിവരങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സഹകരണാടിസ്ഥാനത്തിലോ, അല്ലാതെയോ രൂപീകരിക്കുന്ന യൂണിറ്റുകളിലേക്ക് യോഗ്യത നോക്കി മുൻഗണനാപ്രകാരം ആളെ എടുക്കാവുന്നതാണ്.
3. വ്യവസായ സംരംഭകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകാൻ സംരംഭകരുടെ ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതും പരിശീലന കേന്ദ്രം നിശ്ചയിച്ച് പരിശീലനത്തിന് അയക്കാവുന്നതാണ്.
4. ഇക്കാര്യത്തിൽ പ്രാവിണ്യം നേടിയവരെ സർവ്വെയിലൂടെ കണ്ടെത്തി യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

**വ്യവസായം സംബന്ധിച്ച നിർദ്ദേശങ്ങൾ**

**നിർദ്ദേശങ്ങൾ**

**വാർഡ്**

II പരമ്പരാഗതമായി ആശാരി, കരുവാൻ (കൊല്ലപ്പണി) സമുദായത്തിൽപ്പെട്ട 2-ാം വാർഡിൽ താമസിക്കുന്ന അമ്പതോളം കുടുംബങ്ങളെ ഉൾപ്പെടുത്തി വ്യവസായ സ്ഥാപനം അരംഭിക്കണം.

IV ഇൻഡ. എസ്റ്റേട്രിലെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് മെറ്റൽവർക്സ്. ടിമ്പർ വർക്സ് എന്നിവയുടെ കീഴിലുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലം പുതിയ വ്യവസായ സംരംഭകർക്ക് നൽകണം.

V സഹകരണാടിസ്ഥാനത്തിൽ ഇഷ്ടികച്ചൂള വ്യവസായത്തിന് രൂപം നൽകണം.

VI വെണ്ണക്കര തെക്കേ പറമ്പിലുള്ള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിലുള്ള നൂൽനൂൽപ്പ്കേന്ദ്രം ആവശ്യമായസഹായം നൽകി തകർച്ചയിൽ നിന്ന് കരകയറ്റണം.

IX കമ്മാന്തറയിലെ പരമ്പരാഗത തൊഴിലായ ഓട്ടു പാത്രനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് സഹകരണാടിസ്ഥാനത്തിൽ യൂണിറ്റിന് രൂപം നല്കണം. ഏകദേശം 200-ഓളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുവാൻ സഹായിക്കും.

X മേലേപുറം എന്ന സ്ഥലത്ത് തുന്നൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

XI ചുടുകട്ട, സിമൻറ് ബ്ളോക്കുകൾ മുതലായവ നിർമ്മിക്കുന്ന യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

XII ധോണി, ചോളോട് ഭാഗത്ത് തേനീച്ച വളർത്തലിൽ ഏർപ്പെട്ടവർക്ക് ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ സ്ഥാപനം ആരംഭിക്കണം.

XII വാളേക്കാട് ഭാഗത്ത് സോപ്പ് നിർമ്മാണത്തിലേർപ്പെട്ടവർക്ക് ആവശ്യമായ പരിശീലനവും ധനസഹായവും നൽകണം.

# വിദ്യാഭ്യാസം

# 5-4
# വിദ്യാഭ്യാസം

പഞ്ചായത്തിൽ ഇപ്പോൾ 5 എയ്ഡഡ് സ്കൂളുകളും 3 സർക്കാർ സ്കൂളുകളുമാണ് ഉള്ളത്. ഈ വിദ്യാലയങ്ങളിലായി 4192 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 2119 ആൺകുട്ടികളും 2073 പെൺകുട്ടികളുമാണ്. അദ്ധ്യാപകരുടെ എണ്ണം 124 ആണ്. കൂടാതെ ഇംഗ്ലീഷ് മീഡിയത്തോടുള്ള ആഭിമുഖ്യം കാരണവും മെച്ചപ്പെട്ട പഠന നിലവാരം തേടിയും ഒട്ടനവധി കുട്ടികൾ നമ്മുടെ പഞ്ചായത്തിലുള്ള അൺ-എഡഡ് സ്കൂളായ സെൻറ് തോമസ് കോൺവെൻറ്, പാലക്കാട് പട്ടണത്തിലൂടെ മറ്റ് സ്കൂളുകൾ എന്നിവയിലേക്കും പോകുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് കോളേജുകളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഔപചാരിക വിദ്യാലയങ്ങൾക്കു പുറമെ ചുരുക്കം ചില ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളും, ട്യൂട്ടോറിയൽ സ്ഥാപനങ്ങളും, നഴ്സറിസ്കൂളുകളും മതപഠനത്തിനുള്ള മദ്രസ്സകളുമാണ് പഞ്ചായത്തിലുള്ളത്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. പഞ്ചായത്ത് ഹൈസ്ക്കൂളിലെ S.S.L.C വിജയശതമാനം ഓരോ വർഷം കഴിയും തോറും കുറഞ്ഞുവരുകയാണ്. 1996 മാർച്ചിൽ പരീക്ഷ എഴുതിയ 245 പേരിൽ 55 പേർ മാത്രമാണ് വിജയിച്ചത്. വിജയം 22.50 ശതമാനം.

(ചാർട്ട് - 1, ഗ്രാഫ് - 1 കാണുക)

നിരവധി വസ്തുതകൾ പഠനനിലവാരം താഴുന്നതിന് കാരണമായി ചൂണ്ടിക്കാണിക്കുവാൻ കഴിയും. വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത ഏറ്റവും വലിയ പോരായ്മയാണ്. 80 വർഷം മുമ്പ് ആരംഭിച്ച പുതുപ്പരിയാരം G.L.P സ്ക്കൂൾ ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ അതിൻെറ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കുട്ടികൾക്കായി മൂത്രപ്പുര ഇല്ലാത്ത പഞ്ചായത്തിലെ ഏക സ്കൂളും ഇതാണ്. വൈദ്യുതി ഇല്ലാത്ത 3 സ്ക്കൂളുകളും കളിസ്ഥലമില്ലാത്ത 2 സ്ക്കൂളും കുടിവെള്ളം ലഭ്യമല്ലാത്ത 2 സ്ക്കൂളും പ്രത്യേകസ്റ്റാഫ് റൂം ഇല്ലാത്ത 5 സ്ക്കൂളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

(ചാർട്ട് - 2, ചാർട്ട് - 3 കാണുക)

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും അവരുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിലാണ് ചേർക്കുന്നത്. എന്നാൽ വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ ബോധപൂർവ്വം നടന്ന ശ്രമങ്ങൾ ഇടത്തരക്കാരിൽ പോലും ചെലുത്തിയ സ്വാധീനത്തിൻെറ ഫലമായി അൺ-എയ്ഡഡ് സ്ക്കൂളുകളിലേക്ക് കുട്ടികളെ അയക്കുന്ന പ്രവണത കൂടികൊണ്ടിരിക്കുന്നു. ഇതിൽ നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന 80 ശതമാനം അദ്ധ്യാപകരും ഉൾപ്പെടുന്നു എന്ന വസ്തുത ഖേദകരം തന്നെ.

(ചാർട്ട് - 4 കാണുക)

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വിദ്യാലയങ്ങളുടെയും പങ്കാളിത്തത്തോടുകൂടി ഇവിടത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള സ്കൂൾകോംപ്ലക്സ് പരിപാടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പഞ്ചായത്ത് ഹൈസ്ക്കൂൾ ആണ് ഈ പരിപാടിയുടെ നേതൃ സ്ക്കൂൾ.

പഞ്ചായത്തിലെ മുട്ടികുളങ്ങരയ്ക്കടുത്തുള്ള മേരിലാൻറിൽ പ്രവർത്തിക്കുന്ന 'ജ്യോതി നിലയം' എന്ന സ്ക്കൂളിൽ 80 ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ പഠിക്കുന്നുണ്ട്.

### A.L.P സ്ക്കൂൾ, നെച്ചുപ്പിള്ളി

1920 - ൽ ആരംഭിച്ച ഈ സ്ക്കൂളിൽ 134 ആൺകുട്ടികളും 132 പെൺകുട്ടികളുമായി ആകെ 266 പേർ പഠിക്കുന്നു. ഇതിൽ 49 പേർ SC/ST വിഭാഗത്തിൽ പെട്ടവരാണ്. എട്ട് അദ്ധ്യാപകരാണ് ഈ സ്ക്കൂളിൽ ഉള്ളത്. ഏഴ് പതിറ്റാണ്ട് പിന്നിട്ട ഈ സ്ക്കൂളിന് ഇന്നും കക്കൂസും സ്റ്റഫ് റൂമും ഇല്ല. സ്ക്കൂളിൻെറ സ്ഥലപരിമിതി യു.പി. സ്ക്കൂളായി ഭാവിയിൽ ഉയർത്തുന്നതിനും തടസ്സമായി നിൽക്കുന്നു.

# എസ്. എസ്. എൽ. സി. വിജയശതമാനം
## പഞ്ചായത്ത് ഹൈസ്കൂൾ



# വിദ്യാലയ ഭൗതിക സൗകര്യങ്ങൾ

ചാർട്ട് – 2

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കുടിവെള്ളം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | എ. എൽ. പി. സ്കൂൾ, നൊച്ചിപ്പുള്ളി | 55 | 266 | 8 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | എ. യു. പി. സ്കൂൾ, വള്ളിക്കോട് | 70 | 750 | 20 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | എ. യു. പി. സ്കൂൾ മുട്ടികുളങ്ങര | 80 | 658 | 20 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 4 | എം. എം. യു. പി. സ്കൂൾ പുതുപ്പരിയാരം | 42 | 533 | 19 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | ജി. എൽ. പി. സ്കൂൾ പുതുപ്പരിയാരം | 50 | 488 | 14 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 6 | ജി. വെൽഫയർ സ്കൂൾ, ഒലവക്കോട് | 150.6 | 312 | 10 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | ജി. എൽ. പി. സ്കൂൾ കാവിൽപ്പാട് | 21 | 221 | 8 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 8 | സി. ബി. കെ. എം. പി എച്ച്. എസ്. പുതുപ്പരിയാരം | 450 | 964 | 25 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

### A.U.P സ്ക്കൂൾ വള്ളിക്കോട്

379 ആൺകുട്ടികളും 371 പെൺകുട്ടികളും കൂടി 750 വിദ്ധ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ക്കൂളിൽ 20 അദ്ധ്യാപകർ ഉണ്ട്. 117 വിദ്യാർത്ഥികൾ SC/ST വിഭാഗത്തിൽ പെട്ടവരാണ്. സ്റ്റാഫ് റൂം, ലാബോറട്ടറി, ലൈബ്രറി, മൂത്രപുര, കക്കൂസ്, പാചകമുറി, വൈദ്യുതി, കളിസ്ഥലം, കുടിവെള്ളം മുതലായ ഭൗതിക സൗകര്യങ്ങൾ പരിമിതമായെങ്കിലും ഉള്ള പഞ്ചായത്തിലെ വിദ്യാലയങ്ങളിലൊന്നാണ് ഇത്. പഠനനിലവാരത്തിലും കലാരംഗത്തും കായികരംഗത്തും ഏറെകുറെ ശോഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്ക്കൂളിൽ പഠിക്കുന്നുണ്ട്.

### A.U.P സ്ക്കൂൾ മുട്ടികുളങ്ങര

658 കുട്ടികൾ ഇപ്പോൾ ഈ സ്ക്കൂളിൽ പഠിക്കുന്നുണ്ട്. 328 ആൺകുട്ടികളും 330 പെൺകുട്ടികളുമുണ്ട്. SC/ST വിഭാഗത്തിൽ 171 വിദ്യാർത്ഥികൾ പഠിക്കു ന്നുണ്ട്. 20 അദ്ധ്യാപകർ ഉണ്ട്. കുടിവെള്ളത്തിന് ഇപ്പോൾ ഏതൊരുവിധ സംവിധാനവും നിലവിലില്ല. പ്രത്യേക സ്റ്റാഫ് റൂമും ഇപ്പോൾ ഇല്ല.

### M.M.U.P സ്ക്കൂൾ പുതുപ്പരിയാരം

246 ആൺകുട്ടികളും 287 പെൺകുട്ടികളും കൂടി 533 കുട്ടികൾ ഈ സ്ക്കൂളിൽ പഠിക്കുന്നുണ്ട്. ഇതിൽ 58 കുട്ടികൾ SC/ST വിഭാഗത്തിൽപ്പെട്ടവരാണ്. 19 അദ്ധ്യാപകർ ഉണ്ട്. വൈദ്യുതി ഒഴികെയുള്ള ഭൗതിക സൗകര്യങ്ങൾ പരിമിതമായ തോതിൽ ഈ സ്ക്കൂളിൽ ഉണ്ട്.

### ഗവൺമെൻറ് വെൽഫയർ സ്ക്കൂൾ

312 വിദ്യാർത്ഥികൾ ഇപ്പോൾ ഈ സ്ക്കൂളിൽ പഠിക്കുന്നുണ്ട്. ഇതിൽ 158 ആൺകുട്ടികളും 154 പെൺകുട്ടികളുമാണ്. SC/ST വിഭാഗത്തിൽ 11 അദ്ധ്യാപകരാണ് ഉള്ളത്. അദ്ധ്യാപകർക്ക് പ്രത്യേകം സ്റ്റാഫ് മുറി ഇപ്പോൾ ഇല്ല. വിദ്യാർത്ഥികളുടെ എണ്ണം വർഷംതോറും കുറഞ്ഞു വരുന്നതായി കാണുന്നു.

### G.L.P സ്ക്കൂൾ, പുതുപ്പരിയാരം

488 കുട്ടികൾ ഈ സ്ക്കൂളിൽ പഠിക്കുന്നു. ഇതിൽ 254 ആൺകുട്ടികളും, 234 പെൺകുട്ടികളുമാണ്. 70 കുട്ടികൾ SC/ST വിഭാഗത്തിൽപ്പെടുന്നു. അദ്ധ്യാപക രുടെ എണ്ണം 14 ആണ്. 80 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ വിദ്യാലയം ഇന്നും ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൂത്രപ്പുര, വൈദ്യുതി, സ്റ്റാഫ് റൂം, കളിസ്ഥലം എന്നിവ ഇല്ലാത്ത സ്ക്കൂളാണിത്.

### G.L.P സ്ക്കൂൾ, കാവിൽപ്പാട്

1925 - ൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ 221 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 113 ആൺകുട്ടികളും 108 പെൺകുട്ടികളുമുണ്ട്. SC/ST വിഭാഗത്തിലുള്ള 52 പേർ ഉണ്ട്. 9 അദ്ധ്യാപകരുണ്ട്. കുടിവെള്ളം, കളിസ്ഥലം, സ്റ്റാഫ് റൂം വൈദ്യുതി തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഇല്ലാത്ത സ്ക്കൂളാണിത്. ഓപ്പറേഷൻ ബ്ളാക്ക് ബോർഡ് പദ്ധതി പ്രകാരം 1988 - ൽ അനുവദിച്ച കെട്ടിടത്തിൻെറ പണി വളരെക്കാലം സ്തംഭനാവസ്ഥയിലായിരുന്നു. ബഹുജന പങ്കാളിത്തത്തോടുകൂടി അതിൻെറ നിർമ്മാണപ്രവർത്തനം വീണ്ടും ആരംഭിച്ചിട്ടുണ്ട്.

### സി.ബി.കെ.എം പഞ്ചായത്ത് ഹൈസ്ക്കൂൾ

26 കുട്ടികളുമായി 1984 സെപ്തംബർ 26 ന് ഒരു വാടകകെട്ടിടത്തിലാണ് ഇതിൻെറ പ്രവർത്തനം ആരംഭിച്ചത്. യശഃശരീരനായ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. സി.ബി.കുഞ്ഞിപ്പയുടെ നിതാന്ത പരിശ്രമഫലമായാണ് ഈ സ്ക്കൂൾ ആരംഭിച്ചത്. ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ 15 ഡിവിഷനുകളിലായി 964 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 507 ആൺകുട്ടികളും 457 പെൺകുട്ടികളുമാണ്. അദ്ധ്യാപകരുടെ എണ്ണം 25 ആണ്. കുട്ടികളുടെ എണ്ണം ഓരോവർഷം കഴിയുംതോറും വർദ്ധിപ്പിക്കുന്നതിനാൽ ഭൗതിക സൗകര്യങ്ങളും അതിനനുസരിച്ച് വർദ്ധിക്കേണ്ടിയിരിക്കുന്ന S.S.L.C വിജയശതമാനം വളരെ കുറവാണ്.

### സാക്ഷരത

കേരള സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തോടനുബന്ധിച്ച പ്രവർത്തനങ്ങൾ കാര്യമായി സംഘടിപ്പിക്കാൻ കഴിഞ്ഞ പഞ്ചായത്താണിത്. 1991 - ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 73.35 ശതമാണ്. ഇതിൽ പുരുഷൻമാരുടേത് 79.29 ശതമാനവും സ്ത്രീകളുടേത് 67.62 ശതമാനവുമാണ് പഞ്ചായത്തിലെ സാക്ഷരതാനിരക്ക് സംസ്ഥാന നിരക്കിനെക്കാൾ വളരെ പിന്നലാണ് നിരക്ഷരരെ സാക്ഷരരാക്കുന്നതിനും വനസാക്ഷരർ വീണ്ടും നിരക്ഷരരാവാതിരിക്കുന്നതിനും വേണ്ടി തുടർസാക്ഷരതാപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

## (ചാർട്ട് - 5)
## സാക്ഷരതാ നിരക്ക് (സെൻസസ് 1991)

| ക്രമനമ്പർ | | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | ജനസംഖ്യ | 15672 | 16244 | 31916 |
| 2 | സാക്ഷരർ | 12426 | 10984 | 23410 |
| 3 | ശതമാനം | 79.29 | 67.62 | 73.35 |

### അംഗനവാടികൾ

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ 35 അംഗനവാടികൾ ഇപ്പോൾ പഞ്ചായത്തിൽ ഉണ്ട്. 3 മുതൽ 5 വയസ്സുവരെ പ്രായമുള്ള ശരാശരി 20 കുട്ടികൾ വീതം ഓരോന്നിലുമുണ്ട്. ഓരോ അംഗൻവാടിയിലും ഒരു ടീച്ചറും ഒരു ഹെൽപ്പറും വീതമാണുള്ളത്. ഇവിടങ്ങളിൽ വേണ്ടത്ര കളിക്കോപ്പുകളോ പഠനോപകരണങ്ങളോ ഇല്ല. ഇവയിൽ പലതിനും സ്വന്തമായ കെട്ടിടമോ സ്ഥലമോ ഇല്ല. പ്രീ- പ്രൈമറി വിദ്യാഭ്യാസത്തിൽ അംഗൻവാടികൾക്ക് വളരെ പ്രധാന പങ്ക് വഹിക്കുവാൻ കഴിയേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. എല്ലാ സ്കൂളുകളിലും കുടിവെള്ളം എത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.
2. ഗവൺമെന്റ് വെൽഫയർ സ്കൂൾ, കാവിൽപാട് എൽ.പി. സ്കൂൾ എന്നിവ യു.പി. സ്കൂളായി ഉയർത്തണം.
3. പുതുപ്പരിയാരം ജി.എൽ.പി. സ്കൂളിന് സ്വന്തം കെട്ടിടം ആവശ്യമാണ്.
4. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമാണ്.
5. പഞ്ചായത്ത് സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
6. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലേയും PTA - കളുടെ പ്രവർത്തനം സജീവമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഉണ്ടാവണം.
7. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ബഹുജന സംഘടനകളുടെയും, സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ ശക്തിപ്പെടുത്തേണ്ടതാണ്.
8. കുടിലംപൊറ്റ ഭാഗത്തുള്ള ആദിവാസി കുട്ടികൾ ഇപ്പോൾ സ്കൂളുകളിൽ പോകുന്നില്ല. ഇവിടെ ബോധവൽക്കരണപ്രവർത്തനം ആവശ്യമാണ്.
9. മാതൃസംഗമങ്ങൾ എല്ലാ സ്കൂളുകളിലും സംഘടിപ്പിക്കേണ്ടതാണ്.

# കുട്ടികളുടെ എണ്ണം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് സ്കൂൾ | കുട്ടികളുടെ എണ്ണം | | | എസ്. സി/എസ്.ടി കുട്ടികൾ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | എ. എൽ. പി. സ്കൂൾ, നൊച്ചിപ്പുള്ളി | എയിഡഡ് | 134 | 132 | 266 | 27 | 22 | 49 |
| 2 | എ. യു. പി. സ്കൂൾ, വള്ളിക്കോട് | എയിഡഡ് | 379 | 371 | 750 | 54 | 63 | 117 |
| 3 | എ. യു. പി. സ്കൂൾ, മുട്ടിക്കുളങ്ങര | എയിഡഡ് | 328 | 330 | 758 | 81 | 90 | 171 |
| 4 | എം. എം. യു. പി. സ്കൂൾ, പുതുപ്പരിയാരം | എയിഡഡ് | 246 | 287 | 533 | 23 | 35 | 58 |
| 5 | ജി. എൽ. പി. സ്കൂൾ, പുതുപ്പരിയാരം | സർക്കാർ | 254 | 234 | 488 | 37 | 33 | 70 |
| 6 | ജി. വെൽഫയർ എൽ. പി. സ്കൂൾ, ഒലവക്കോട് | സർക്കാർ | 158 | 164 | 312 | 50 | 34 | 84 |
| 7 | ജി. എൽ. പി. സ്കൂൾ, കാവിൽപ്പാട് | സർക്കാർ | 113 | 108 | 221 | 27 | 25 | 52 |
| 8 | സി. ബി. കെ. എം. പി. എച്ച്. എസ്, പുതുപ്പരിയാരം | എയിഡഡ് | 507 | 457 | 964 | 60 | 48 | 108 |
| | ആകെ | | 2119 | 2073 | 4192 | 359 | 350 | 709 |

ചാർട്ട് – 2

# കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്ലാസ് | ആൺകുട്ടികൾ | | | എസ്. സി. എസ്. ടി. കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | എസ്.സി/ എസ്. ടി | | | മറ്റുള്ളവർ | | | എസ്.സി/ എസ്. ടി | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 219 | 244 | 463 | 58 | 54 | 112 | – | – | – | – | – | – | 2 | – | 2 | 4 | 1 | 5 | 7 |
| 2 | 252 | 258 | 510 | 42 | 52 | 94 | 2 | 3 | 5 | 16 | 12 | 28 | – | 1 | 1 | 3 | 10 | 13 | 14 |
| 3 | 263 | 240 | 503 | 53 | 48 | 101 | 5 | 3 | 8 | 19 | 17 | 36 | 3 | – | 3 | 2 | 4 | 6 | 9 |
| 4 | 254 | 243 | 467 | 40 | 43 | 83 | 4 | 2 | 6 | 25 | 12 | 37 | – | 1 | 1 | – | 1 | 1 | 2 |
| 5 | 235 | 216 | 451 | 52 | 39 | 91 | 13 | 5 | 18 | 15 | 12 | 27 | 1 | – | 1 | 2 | 1 | 3 | 4 |
| 6 | 173 | 216 | 389 | 32 | 35 | 67 | 5 | 5 | 10 | 10 | 14 | 24 | 1 | – | 1 | 2 | 2 | 4 | 5 |
| 7 | 216 | 199 | 415 | 22 | 32 | 54 | 3 | 8 | 11 | 42 | 21 | 63 | – | – | – | 1 | 1 | 2 | 2 |
| 8 | 198 | 188 | 386 | 24 | 17 | 41 | 7 | 1 | 8 | 26 | 15 | 41 | 4 | – | 4 | 9 | 4 | 13 | 17 |
| 9 | 184 | 150 | 334 | 22 | 16 | 38 | 4 | 2 | 6 | 19 | 18 | 37 | 2 | 1 | 3 | 14 | 9 | 23 | 26 |
| 10 | 125 | 119 | 244 | 14 | 15 | 29 | – | – | – | – | – | – | – | – | – | – | – | – | – |

ചാർട്ട് – 3

# ആരോഗ്യം
# കുടിവെള്ളം
# പരിസരശുചിത്വം



ആരോഗ്യമുള്ള ജനത ഒരു സമൂഹത്തിൻെറ
ഏറ്റവും വലിയ സമ്പത്താണ്

# 5-5
# ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

## ആരോഗ്യം

ആരോഗ്യമുള്ള ജനത ഒരു സമൂഹത്തിന്റെ ഏറ്റവും പ്രധാന സമ്പത്താണ്. ആരോഗ്യ പ്രശ്ന ങ്ങളിൽ ഏതാനും പാരമ്പര്യ വൈദ്യകുടുംബങ്ങളെ യാണ് പഴയ കാലങ്ങളിൽ ജനങ്ങൾ ആശ്രയിച്ചി രുന്നത്. ഈ പഞ്ചായത്തിലെ മുട്ടികുളങ്ങര പ്രദേശ ത്തുള്ള കളത്തിൽ കുടുംബാംഗങ്ങൾ പാരമ്പര്യ രീതി യിൽ തയ്യാറാക്കുന്ന മുട്ടികുളങ്ങര എണ്ണ ഒടിവ്, ചതവ്, ഉളുക്ക്, എന്നിവയ്ക്ക് ഇന്നും ഫലപ്രദവും പ്രസിദ്ധവു മാണ്. അല്ലത്ത് കുടുംബക്കാരുടെ അല്ലത്ത് എണ്ണ നീർവീഴ്ചക്ക് ഫലപ്രദമാണെന്ന് ജനങ്ങൾ വിശ്വസി ക്കുന്നു. അത്താണി പറമ്പ് മേലേപ്പുറം എന്ന സ്ഥല ത്തിനടുത്തുള്ള 'കൂട്ടുപുര ഇറച്ചി' എന്നറിയപ്പെടുന്ന എണ്ണയും ഇറച്ചിയും അടങ്ങുന്ന ചികിത്സാരീതി ബാലചികിത്സക്ക് പ്രസിദ്ധമാണ്.

ഇപ്പോൾ പഞ്ചായത്തിൽ സംസ്ഥാന സർക്കാർ ഒരു പ്രൈമറി ഹെൽത്ത് സെൻററും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 7 സബ്സെൻററു കളും ഒരു ആയുർവേദ ഡിസ്പെൻസറിയുമാണ് പ്രധാന ആരോഗ്യ സ്ഥാപനങ്ങൾ. പഞ്ചായത്തിൽ സ്വകാര്യ. ആശുപത്രികൾ ഒന്നും തന്നെ പ്രവർത്തി ക്കുന്നില്ല. ഹോമിയോ ചികിത്സാ സൗകര്യം ഇപ്പോൾ ലഭ്യമല്ല.

### പ്രാഥമിക ആരോഗ്യ കേന്ദ്രം.

ആധുനിക ചികിത്സ സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ 1961- ൽ കൊണ്ടുവരുന്നതിന് മുൻ കൈ എടുത്തത് പുതുപ്പരിയാരം ഗ്രാമ സേവ സംഘമായിരുന്നു. 1965 - ൽ അല്ലത്ത് കുടുംബം സംഭാവന ചെയ്ത സ്ഥത്ത് ലയൺസ് ക്ലബ്ബ് ഒരു കെട്ടിടം പണിയുകയും അത് 1971- ൽ സർക്കാറിനു കൈമാറുകയും ചെയ്തു.

പ്രാഥമിക ആരോഗ്യകേന്ദ്രം 1971 മുതൽ ഈ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. 1988 - ൽ പഞ്ചായത്ത് സമിതി 10 കിടക്കകളുള്ള ഒരു കെട്ടിടം നിർമ്മിക്കുകയുണ്ടായി. എന്നാൽ അത് ഉപയോഗപ്രദ മാക്കുന്നതിനുവേണ്ട മറ്റ് സൗകര്യങ്ങൾ ഇല്ലാതെ വന്നത് രോഗികളെ കിടത്തി ചികിത്സിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത അവസ്ഥ യുണ്ടാക്കി.

പ്രാഥമിക ആരോഗ്യകേന്ദ്രവുമായി ബന്ധ പ്പെട്ട് ഒരു സിവിൽ സർജൻ ഉൾപ്പെടെ 17 ഉദ്യോഗസ് ഥരാണ് ഇപ്പോൾ ഉള്ളത്. 7 സബ്സെൻററുകൾ ഇപ്പോൾ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 5000 പേർക്ക് ഒരു സബ്സെൻറർ എന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സൗജന്യമായി സ്ഥലം ലഭിക്കാത്തതിനാൽ 3,10 എന്നീ വാർഡുകൾ ക്കായി മുരളിയിൽ അനുവദിച്ച സബ്സെൻററിന് കെട്ടിടം പണിയുവാൻ കഴിഞ്ഞിട്ടില്ല. പല സ്ഥലത്തും IPP പ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിലാണ് സബ്സെൻററുകൾ പ്രവർത്തിക്കുന്നത്. പുരുഷൻ മാരെക്കാൾ സ്ത്രീകൾ ഏറ്റവും കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറെ നിയമിക്കേണ്ടത് ആവശ്യമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭിക്കുന്നില്ല. പ്രവർത്തി ദിവസങ്ങളിൽ ഏകദേശം 120 പേർ ഈ കേന്ദ്രത്തിൽ ചികിത്സക്കായി എത്താറുണ്ട്. ആവശ്യത്തിനനുസരിച്ച് മരുന്നുകൾ ആശുപത്രിക്ക് അനുവദിച്ച് കിട്ടാറില്ല.

ആരോഗ്യ സംവിധാനങ്ങൾ വെറും രോഗ ചികിത്സയല്ല. രോഗപ്രതിരോധ പ്രവർത്തനങ്ങളും രോഗനിയന്ത്രണങ്ങളും, ബോധവൽക്കരണ പ്രവർ ത്തനങ്ങളും ചേർന്നതാവണം ഒരു ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനമേഖല. ആ അർത്ഥ ത്തിലുള്ള ഒന്നായി നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ വളർത്തുവാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

## പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം, പുതുപ്പരിയാരം | 2 | 12 |
| 2 | ആരോഗ്യ ഉപകേന്ദ്രം, നൊച്ചുപ്പിള്ളി | 1 | 1 |
| 3 | ആരോഗ്യ ഉപകേന്ദ്രം, കാവിൽപ്പാട് | 5 | 1 |
| 4 | ആരോഗ്യ ഉപകേന്ദ്രം, വെണ്ണക്കര | 6 | 1 |
| 5 | ആരോഗ്യ ഉപകേന്ദ്രം, വള്ളിക്കോട് | 7 | 1 |
| 6 | ആരോഗ്യ ഉപകേന്ദ്രം, മുട്ടിക്കുളങ്ങര | 8 | 1 |
| 7 | സർക്കാർ ആയുർവേദ ഡിസ്പെൻസറി | 6 | 4 |

ആശുപത്രിയ്ക്ക് വേണ്ട ഡോക്ടറുടെ ക്വാർട്ടേഴ്സ്, നഴ്സസ് ക്വാർട്ടേഴ്സ്, ലേബർ റൂം എന്നിവയ്ക്കായുള്ള പദ്ധതി പഞ്ചായത്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ 3475 അമ്മമാരാണ് ഉള്ളത്. ഇവരിൽ 2370 പേർ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവരാണ്. ഒരു വയസ്സിനു താഴെ പ്രായമുള്ള 365 കുട്ടികൾ ഉണ്ട്. ഇതിൽ 275 കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നൽകിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 1995-96 ൽ പകർച്ചവ്യാധി ഇനത്തിൽപെട്ട 40 ജലജന്യ രോഗമുള്ളവരും 2 വായുജന്യ രോഗമുള്ളവരും ചികിത്സക്കായി എത്തിയിരുന്നു.

### പ്രശ്നങ്ങൾ സാദ്ധ്യതകൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടറുടെ സേവനം എല്ലാ ദിവസവും ലഭിക്കുന്നില്ല എന്ന പ്രശ്നം പരിഹരിക്കപ്പെടണം.
2. 1988 പണിപൂർത്തിയാക്കിയ 10 കിടക്കകളുള്ള കെട്ടിടം ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല. ഇതിനുവേണ്ടിയുള്ള അനുബന്ധ സൗകര്യങ്ങൾ ഉണ്ടാവേണ്ടതായിട്ടുണ്ട്. എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ചെലവഴിച്ച് കാലാതാമസമില്ലാതെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്ന ശ്രമം നടക്കുന്നുണ്ട്.
3. ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിൻെറ മേൽക്കൂര ജീർണ്ണാവസ്ഥയിലാണ്. അത് അടിയന്തിരമായി പരിഹരിക്കണം.
4. ആശുപത്രിയുടെ പ്രവർത്തന സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പല ഉപകരണങ്ങളും ഇല്ല എന്ന പോരായ്മ പരിഹരിക്കണം.
5. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിഷചികിത്സയ്ക്കും അത്യാഹിത ചികിത്സക്കും ക്ഷയരോഗ ചികിത്സക്കും വേണ്ട സൗകര്യം ഏർപ്പെടുത്തണം.
6. ആരോഗ്യസബ്സെൻററുകളിൽ ഇന്ന് പരിമിതമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിൻെറ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ PHC യിൽ നിന്ന് വളരെ അകലെയാണ്. അതിനാൽ ഡോക്ടർ ഉപകേന്ദ്രങ്ങളിൽ സന്ദർശിക്കുക യാണെങ്കിൽ അത് ജനങ്ങൾക്ക് വളരെ സൗകര്യ പ്രദമാണ്.
7. കുഷ്ഠരോഗത്തിൻെറ ചികിത്സക്കായി PHC യോടനുബന്ധിച്ച് ഒരു കേന്ദ്രം ആരംഭിക്കണം.
8. മുരളിയിൽ അനുവദിച്ച സബ്സെൻററിന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള ശ്രമം നടത്തണം.
9. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി വിവിധ രാഷ്ട്രീയപാർട്ടികൾ, സന്നദ്ധ സംഘടനകൾ, മഹിളാ സമാജങ്ങൾ, താല്പര്യമുള്ള വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തി കൊണ്ടുള്ള ആശുപത്രി വികസന സമിതി ഉണ്ടാക്കാവുന്നതാണ്.
10. ആശുപത്രിയിൽ ശുദ്ധജലത്തിൻെറ ലഭ്യതയ്ക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കപ്പെടണം.

11. ഹോമിയോ ഡിസ്പെൻസറി പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

## ആയുർവേദ ഡിസ്പെൻസറി

1980 - ൽ അമ്പികാലയം ലക്ഷ്മിക്കുട്ടിയമ്മ സംഭാവന ചെയ്ത സ്ഥലത്ത് ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചു. ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 4 ജീവനക്കാരാണ് ഇപ്പോൾ ഉള്ളത്. ദിവസവും ശരാശരി 45 പേർ ചികിത്സക്കായി ഇവിടെ എത്താറുണ്ട്. ഇവരിൽ 50 ശതമാനം പേർ വാതസംബന്ധമായ രോഗമുള്ളവരാണ്. കൂടാതെ ആസ്മ രോഗികളും ത്വക്ക് രോഗികളും ചികിത്സക്കായി ഡിസ്പെൻസറിയുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തുന്നുണ്ട്. ഒരുവർഷം 16,000 രൂപയുടെ മരുന്ന് വിതരണം ചെയ്യുന്നു. ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനുവേണ്ടി നാട്ടുകാർ ഒരു വികസന സമിതി ഉണ്ടാക്കി പ്രവർത്തനം നടത്തുന്നുണ്ട്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. ആവശ്യത്തിന് മരുന്നുകൾ ഇപ്പോൾ ലഭിക്കുന്നില്ല എന്ന പോരായ്മ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ഓരോ മാസവും 8000 രൂപയുടെ മരുന്നെങ്കിലും ലഭ്യമാക്കേണ്ടതുണ്ട്.
2. കഷായ ചൂർണ്ണങ്ങൾ തയ്യാറാക്കുന്നതിനു വേണ്ടിയുള്ള അടുക്കള, പാത്രങ്ങൾ എന്നിവയുടെ കുറവ് പരിഹരിക്കപ്പെടേണ്ടതാണ്.
3. മരുന്നുകൾ സൂക്ഷിക്കുന്നതിന് വേണ്ടി ഒരു സ്റ്റോർ റൂം ആവശ്യമാണ്.
4. ഡിസ്പെൻസറിയോടനുബന്ധിച്ച് ഒരു ആശുപത്രികെട്ടിടം നിർമ്മിച്ച് രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഭാവിയിൽ ഏർപ്പെടുത്താവുന്നതാണ്.

## കുടിവെള്ളം

കുടിവെള്ളത്തിനായി നമ്മുടെ പഞ്ചായത്തിലെ അറുപത് ശതമാനം ജനങ്ങളും ആശ്രിയിക്കുന്നത് കിണറുകളെയാണ്. ഇന്ന് പഞ്ചായത്തിലുള്ള ഏകദേശം 2100 കിണറുകളിൽ മുഴുവൻ കാലത്തും 860 കിണറുകളിൽ ഭാഗികമായും വെള്ളം ലഭിക്കുന്നവയാണ്. ഒരു കിലോമീറ്റർ ചുറ്റളവിൽ ഏകദേശം 80 കിണറുകൾ ഇപ്പോൾ ഉണ്ട്. പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനായി പുതുപ്പരിയാരം പഞ്ചായത്ത് ഓഫീസിന് മുൻവശത്ത് 1971- ൽ PHED പണികഴിപ്പിച്ച് കമ്മീഷൻ ചെയ്ത 68,000 ലിറ്ററിൻെറ ഒരു ടാങ്കും കേരള വാട്ടർ അതോറട്ടി എസ്റ്റേറ്റ് ലക്ഷംവീട് കോളനിയിൽ സ്ഥാപിച്ച 6 ലക്ഷം ലിറ്ററിൻെറ ഒരു ടാങ്കും ഉണ്ട്. പഞ്ചായത്തിൽ 25 കുഴൽകിണറുകളാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിൽ 19 എണ്ണവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 38 പൊതു കിണറുകളുള്ളതിൽ 5 എണ്ണം ഉപയോഗശൂന്യമായി കിടക്കുന്നു.

പഞ്ചായത്തിൽ 1973- ൽ PHED ശുദ്ധജല വിതരണത്തിൻെറ ഭാഗമായി 23 പൊതുടാപ്പുകൾ സ്ഥാപിക്കുകയുണ്ടായി. ഒരു നീണ്ട കാലത്തിനു ശേഷം 1995 അവസാനമാണ് വീണ്ടും പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ഉണ്ടായത്. 30 പൊതുടാപ്പുകൾ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു. 135 ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ധ്രുതഗതിയിൽ നടന്നുവരുന്നു. ഭൂരിപക്ഷം വരുന്ന കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഇപ്പോഴും ശുദ്ധജലവിതരണ പദ്ധതി എത്തിയിട്ടില്ല. പഞ്ചായത്തിലെ 4 വാർഡുകളിൽ (2,3,4,6) മാത്രമാണ് ഭാഗികമായി ഇപ്പോൾ പൊതു ടാപ്പ് സൗകര്യം ലഭ്യമായിട്ടുള്ളത്.

**പഞ്ചായത്തിലെ 7-ാം വാർഡിൽ വള്ളിക്കോട് പടിഞ്ഞാറെ പാളയത്ത് ഒരു സന്നദ്ധസംഘടനയുടെ നേതൃത്വത്തിൽ ഒരു പൊതു കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് 5 ടാങ്കുകളിൽ നിറക്കുകയും അത് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന ഒരു പദ്ധതി 1990 - ൽ ആരംഭിച്ചു. ഏകദേശം 160 കുടുംബങ്ങൾക്ക് ഇതിൻെറ പ്രയോജനം ലഭിക്കുന്നുണ്ട്. മാതൃകാപരമായ ഒരു പ്രവർത്തനമാണിത്.**

### ശുദ്ധജല സ്രോതസ്സുകൾ

| വാർഡ് | പൊതുകിണറുകൾ |
|---|---|
| 1 | 2 |
| 2 | 6 |
| 3 | 4 |
| 4 | 4 |
| 5 | 5 |
| 6 | 1 |
| 7 | 5 |
| 8 | 2 |
| 9 | 2 |
| 10 | ഇല്ല |
| 11 | 4 |
| 12 | 2 |
| ആകെ | 37 |

പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതി 1981 ലെ എസ്റ്റിമേറ്റിനെ ആസ്പദമാക്കിയുള്ളതാണ്. മുനിസി പ്പാലിറ്റിക്കടുത്തുള്ള പഞ്ചായത്തായതിനാൽ ജനസാന്ദ്രതയുടെ കാര്യത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. എന്നാൽ ഒരു ദശകത്തിനു മുമ്പ് രൂപംകൊടുത്ത പൈപ്പ് ലൈൻ സംവിധാനം കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ വെള്ളം എത്തിക്കുവാൻ ആപര്യാപ്തമാണ്. പഞ്ചായത്തിലെ കുടിവെള്ളക്ഷാമമുള്ള പലപ്രദേശങ്ങളും ഇപ്പോൾ നടപ്പിലാക്കിവരുന്ന ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ 14.745 കിലോ മീറ്റർ നീളമുള്ള വിതരണ ശ്യംഖലയാണ് കേരള വാട്ടർ അതോറിട്ടി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 12.50 കിലോമീറ്റർ വിതരണകുഴൽ ഇപ്പോൾ ഇട്ടുകഴിഞ്ഞു.

### പഞ്ചായത്തിലെ പൊതുജലവിതരണ ടാപ്പുകൾ

| വാർഡ് | ഒന്നാംഘട്ടം എണ്ണം | രണ്ടാംഘട്ടം പൂർത്തിയായത് എണ്ണം |
|---|---|---|
| 2 | 20 | 2 |
| 3 | - | 4 |
| 4 | 2 | 5 |
| 5 | 1 | 19 |
| ആകെ | 23 | 30 |

രണ്ടാംഘട്ടത്തിൽ പൂർത്തിയാക്കനുള്ളത് 135 എണ്ണം പഞ്ചായത്ത് ഹൈസ്ക്കൂളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി 1995 ലെ വരൾച്ചാദുരിതാശ്വാസ ഫണ്ടിൽ നിന്നുള്ള 50,000 രൂപയും പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള 25, 000 രൂപയും ചെലവഴിച്ച് പൈപ്പ് ലൈൻ സക്കൂളുവരെ എത്തിച്ചു.

### പ്രശ്നങ്ങൾ സാധ്യതകൾ

1. ഒന്നാം വാർഡിലെ കുന്നത്തുപുര അമ്പലത്തിനു സമീപം അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഒരു പൊതു കിണർ ആവശ്യമാണ്.

2. വേലൻകാട്, നായർതറ, വാക്കിൽ പറമ്പ്, മണ്ണാൻ തറ, ആശാരിതറ, താഴെ മുരളി എന്നിവിടങ്ങളിൽ കുടിവെള്ളത്തിനായി ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുണ്ട്. ഇപ്പോൾ നടപ്പിലാക്കി വരുന്ന ശുദ്ധജലവിതരണ പദ്ധതിവഴി പൊതു ടാപ്പുകൾ സ്ഥാപിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്. ഈ വാർഡിലുള്ള വാക്കിൽ പറമ്പിലെ പൊതുകിണർ ഉപയോഗ ശൂന്യമായി കിടക്കുന്നത് നന്നാക്കേണ്ടതാണ്.

3. മൂന്നാം വാർഡിലെ നായാടി കോളനി, പുള്ളുവത്തറ, ഓട്ടൂർക്കാട് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെ ലഭ്യത പ്രശ്നമാണ്.

   നായാടികോളനി, പുള്ളുവതറ എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കണം. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓട്ടൂർകാടിലെ പമ്പ് ഹൗസിൽ നിന്ന് ആപ്രദേശത്ത് ശുദ്ധജലവിതരണം വളരെ എളുപ്പത്തിൽ എത്തിക്കുവാൻ കഴിയുന്നതാണ്.

4. നാലാം വാർഡിൽ FCI കോളനിയ്ക്കടുത്തും, പാങ്ങൽ ഹരിജൻ കോളനി നിവാസികൾക്കും കുന്നുംപുറത്തുള്ളവർക്കും കുടിവെള്ളലഭ്യതയുടെ കാര്യത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പൊതു ടാപ്പുകൾ സ്ഥാപിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താവുന്നതാണ്.

5. പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതി റെയിൽവെ ലൈൻ മുറിച്ച് കടക്കുവാൻ സാധിക്കാത്തതിനാൽ 5.9 വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനു മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ വാർഡുകളിൽപെട്ട കാവിൽപ്പാട് കമ്മാന്തറ, പൊട്ടകുളം, മണ്ണാൻ പറമ്പ് പുലക്കുന്നം പറമ്പ് എന്നീ പ്രദേശങ്ങൾ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. ഇരുപ്പശ്ശേരിയിൽ വേനൽകാലത്തും വറ്റാത്ത സുലഭമായി വെള്ളം ലഭിക്കുന്ന ഒരു കുളമുണ്ട്. അതിനു സമീപത്തുള്ള പൊതുകിണറിൽനിന്ന് ഒരു ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് ജലവിതരണം നടത്തിയാൽ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താവുന്നതാണ്.

6. പഞ്ചായത്തിലെ 6-ാം വാർഡിൽ ശുദ്ധജല പ്രശ്നം പരിഹരിക്കപ്പെടാത്ത വെണ്ണക്കരയിലെ മറ്റ് ഭാഗങ്ങളിലേക്ക് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കേണ്ടതുണ്ട്. പ്രൈമറി ഹെൽത്ത് സെൻററിനു മുൻവശത്തുള്ള

പൊതുടാപ്പ് റോഡിന് മറുവശത്ത് മാറ്റി സ്ഥാപിച്ചാൽ അത് പയ്യൽ പ്രദേശത്തുള്ളവർക്ക് ഇന്ന് നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കുവാൻ കഴിയും.

7. പാറലോടി, കുരുവൻകോട്, പാലയ്ക്കൽ പറമ്പ് ചൂഴിയംപാറ IHDPകോളനി, കുന്നത്ത്, മൂച്ചിക്കൽ എന്നിവിടങ്ങളിൽ കുടിവെള്ളപ്രശ്നമുണ്ട്. പാർലോടി പാടത്ത് ഒരു പൊതു കിണറുണ്ടാക്കിയാൽ കമ്പയിൽ ഒരു ടാങ്ക് കെട്ടി ജലവിതരണം നടത്തിയാൽ പാർലോടി കരുവൻകോട്, കമ്പ (പറളി പഞ്ചായത്ത് ) കുന്നത്ത്, ചൂഴിയം പാറ,IHDP കോളനി എന്നിവിടങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. വളവിൽതൊടിയിലുള്ള പൊതുകിണറിൽനിന്ന് വെള്ളം പമ്പ് ചെയ്ത് എത്തിക്കുകയാണെങ്കിൽ പാലയ്ക്കൽ പറമ്പിലെ ശുദ്ധജലക്ഷാമവും തീർക്കാവുന്ന താണ്. മുച്ചിക്കൽ പ്രദേശത്ത് ഒരു പൊതുകിണർ സ്ഥാപിച്ചാൽ ജനങ്ങളുടെ സഹകരണത്തോട് ടാങ്ക് നിർമ്മിച്ച് പ്രശ്നം പരിഹരിക്കാം.

8. 8-ാം വാർഡിലെ തെക്കേതിൽ കൊടിയംകാട്, ചുള്ളിപ്പൊറ്റ, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതി ഈ പ്രദേശത്തേയ്ക്ക് വ്യാപിപ്പിച്ച് പ്രശ്നം പരിഹരിക്കേണ്ടതാണ്. കൊടിയം കാടുള്ള പൊതുകിണർ വൃത്തിയാക്കി ഉപയോഗ പ്രദമാക്കേണ്ടതാണ്.

9. 10-ാം വാർഡിലെ അത്താണിപ്പറമ്പ്, മേലേപുറം, കൂട്ടപുര എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇവിടങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

10. 11-ാം വാർഡിൽ കഴുപറമ്പ്, പുഴക്കൽ എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. പുഴക്കൽ പ്രദേശത്ത് ഒരു പൊതു കിണർ നിർമ്മിച്ചും പൈപ്പുവഴി ശുദ്ധജലമെത്തിച്ചും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ് കരുവാൻ പറമ്പിലും തോട്ടക്കര ഭാഗത്തുമുള്ള കുടിവെള്ള പ്രശ്നവും പരിഹരിക്കപ്പെടണം. കല്ലം പറമ്പ് കുഴൽ കിണറിൽ നിന്ന് ടാങ്ക് കെട്ടി പൈപ്പ് ഇട്ടാൽ കരുവൻപറമ്പിലും തോട്ടക്കര ഭാഗത്തും വെള്ളം എത്തിക്കാം. പുലിക്കോട് മുതൽ പന്നിയംപാടം വരെയും കുടിവെള്ളം എത്തിക്കണം.

11. 12-ാം വാർഡിലെ ധോണി, വാളേക്കാട് ഭാഗങ്ങളിൽ കുടിവെള്ള ലഭ്യതകുറവുണ്ട്. ധോണി, ചോളോട് എന്നിവിടങ്ങളിൽ ഓരോ പൊതുകിണർ നിർമ്മിക്കേണ്ടത് ആവശ്യമാണ്. കല്ലം പറമ്പിലെ കുഴൽകിണറിൽ വെള്ളം ധാരാളമുണ്ട്. ഒരു ടാങ്ക് നിർമ്മിച്ച് പൈപ്പ് ഇടുകയാണെങ്കിൽ അതിനടുത്തുള്ള വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

12. പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത എല്ലാ സ്ക്കൂളിലും കുടിവെള്ളം എത്തിക്കുവാനുള്ള നടപടി ഉണ്ടാവണം.

മുട്ടികുളങ്ങര സ്ക്കൂളിൽ ശുദ്ധജലവിതരണ പദ്ധതിയിൽ പൊതു ടാപ്പ്സ്ഥാപിച്ചും കാവിൽപ്പാട് സ്ക്കൂളിൽ ആ പ്രദേശത്തേക്ക് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിലൂടെയും കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്.

13. ശുദ്ധജലക്ഷാമം നേരിടുന്ന എല്ലാ പ്രദേശങ്ങളിലും വെള്ളം എത്തിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുന്നതോടൊപ്പം വീടുകൾക്കുള്ള പൈപ്പ് കണക്ഷന്റെ ആവശ്യവും പരിഹണിക്കപ്പെടേണ്ടതാണ്.

14. പഞ്ചായത്തിനു മുന്നിലുള്ള ടാങ്കിൽ നിന്ന് 110 mm ന്റെ പൈപ്പ് ലൈൻ ഇടുന്നതിലൂടെ മാത്രമെ പുലിക്കോട്, മുട്ടികുളങ്ങര തുടങ്ങിയ സ്ഥലങ്ങളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുവാൻ കഴിയുകയുള്ളൂ.

## പരിസര ശുചിത്വം

എതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ മാനദണ്ഡം അവിടത്തെ ജനങ്ങളുടെ ആരോഗ്യമാണ്. പൊതുജനാരോഗ്യം നിലനിർത്താൻ അവശ്യം വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം, മതിയായ രോഗ പ്രതിരോധ പ്രവർത്തനങ്ങളും രോഗചികിത്സാ സൗകര്യങ്ങളും എന്നിവയാണ്. ഇവയിൽ പ്രധാനപ്പെട്ട ഒരു ഘടകമാണ് പരിസര ശുചിത്വം.




വ്യക്തിപരമായും, വീടിനകത്തും കുറെയൊക്കെ ശുചിത്വം പാലിക്കുന്നവരാണ് കേരളീയരെങ്കിലും നമ്മുടെ ചുറ്റുപാടിനെ ശുചിയാക്കുന്ന കാര്യത്തിൽ കൂടുതൽ താല്പര്യം കാണിക്കാറില്ല. പൊതു സ്ഥലങ്ങളിലും റോഡുവക്കിലും മലമൂത്ര വിസർജ്ജനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ചെറുതല്ല. മൊത്തം രോഗാതുരതയിൽ 70 ശതമാനവും പരിസരജന്യരോഗങ്ങളാണ്.

കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ 30 ലക്ഷം വീടുകളിൽ 20 ലക്ഷം വീടുകളിലും കക്കൂസുകൾ ഇല്ല. വർദ്ധിച്ചുവരുന്ന വീടുകളുടെ അനുപാതത്തിൽ കക്കൂസുകളുടെ എണ്ണം വർദ്ധിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ IRDP സർവ്വേപ്രകാരം കണ്ടെത്തിയ ദാരിദ്ര്യരേഖക്ക് താഴെയുള്ള 1890 പേരിൽ 1390 പേർക്കും 'കക്കൂസ്' സൗകര്യം ഇല്ല. ഇവരിൽ വിവിധ പദ്ധതിയിലൂടെ കക്കൂസ് നിർമ്മിക്കുവാൻ കഴിഞ്ഞത് 38 പേർക്ക് മാത്രമാണ്.

ഒഴിഞ്ഞ പ്രദേശങ്ങളും പാതയോഗങ്ങളും മലവിസർജ്ജനത്തിനായി എന്നും പലരും ഉപയോഗിക്കുന്നുവെന്നുള്ളത് ഈ പ്രശ്നത്തിന്റെ രൂക്ഷതയെയാണ് കാണിക്കുന്നത്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കക്കൂസ് ഇല്ലാത്ത ധാരാളം വീടുകൾ ഉണ്ട്. ഭാരിച്ച ചെലവ് വഹിച്ച് സാമ്പത്തികമായ പിന്നോക്കം നിൽക്കുന്നവർക്ക് കക്കൂസുകൾ നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണിന്നുള്ളത്.

കക്കൂസ് ഇല്ലാത്ത എല്ലാവർക്കും അത് നിർമ്മിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ ഏജൻസികൾ സന്നദ്ധപ്രവർത്തകർ എന്നിവരുടെ സാമ്പത്തിക പഞ്ചായത്തിൽ ഒരു ബൃഹത്തായ പദ്ധതിക്ക് നമ്മുടെ പഞ്ചായത്തിൽ രൂപം കൊടുക്കണം. ആവശ്യമായ ബോധവൽക്കരണവും ഉപഭോക്താവിന്റെ പങ്കും ഈ പരിപാടിക്ക് ഉറപ്പു വരുത്തുകയും ചെയ്യണം.

പാലക്കാട് പട്ടണത്തോട് തൊട്ടുകിടക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ അഴുക്കുവെള്ളം, ഖരമാലിന്യങ്ങൾ, മാലിന്യങ്ങൾ വിസർജ്ജ്യ വസ്തുക്കൾ എന്നിവ മൂലമുള്ള മലിനീകരണ പ്രശ്നമുണ്ട്. ഇവിടങ്ങളിൽ ചില പ്രത്യേക കാലങ്ങളിൽ ജലജന്യവും ബഹുജന പങ്കാളിത്തത്തോടുകൂടിയുള്ള ബോധവൽക്കരണ പ്രവർത്തനം ഈ രംഗത്ത് കൂടുതൽ ആവശ്യമാണ്.

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

1. ഒലവക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്ന് തെയ്യാലം പറമ്പ് വഴി വരുന്ന അഴുക്കുവെള്ളം വളരെയധികം പരിസരമലിനീകരണം ഉണ്ടാക്കുന്നുണ്ട്.

   ഇത് ഒഴിവാക്കുന്നതിന് അഴുക്ക് ചാൽ പദ്ധതി ഇവിടെ നടപ്പിലാക്കേണ്ടതാണ്.

2. മുട്ടികുളങ്ങര KAP ക്യാമ്പിന്റെ സെപ്ടിക്ക് ടാങ്കിൽ നിന്ന് വരുന്ന ദുർഗന്ധം വമിക്കുന്ന അഴുക്കുവെള്ളം ക്യാമ്പിനുതൊട്ടുപുറകിലുള്ള പാടങ്ങളിലേക്ക് ഒഴുകി പരിസരമലിനീകരണം ഉണ്ടാക്കുന്നുണ്ട്.

   ഇത് ഒഴിവാക്കുന്നതിനുവേണ്ടി ക്യാമ്പ് അധികൃതർ വേണ്ട ശാസ്ത്രീയ ശുദ്ധീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാലിത്തൊഴുത്തിൽ നിന്നും ഹോട്ടലുകളിൽ നിന്നും ഒഴുകി എത്തുന്ന മലിനജലം പൊതുനിരത്തുകളെ വൃത്തിഹീനമാക്കുന്നുണ്ട്.

   ഇത് തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം പൊതുജനാരോഗ്യത്തിന് കാര്യമായ ഭാഷിണി ഉയർത്തുന്ന പ്രശ്നമാണ്. പേപ്പട്ടി വിഷബാധ

തടയുന്നതിനുവേണ്ടി അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ച് ഇല്ലാതാക്കുക. വളർത്തു നായ്ക്കൾക്ക് ലൈസൻസും പ്രതിരോധ കുത്തിവെയ്പുകളും നിർബന്ധമാക്കുക.

5. പൊതു സ്ഥലങ്ങളിൽ മലവിസർജ്ജനം മൂലമുള്ള മലിനീകരണപ്രശ്നം ചില ഭാഗങ്ങളിലുണ്ട്.

   വിവിധ ഏജൻസികളുടെ സാമ്പത്തിക സഹായങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ നടപ്പിലാക്കണം.

6. പഞ്ചായത്തിലെ ചില പൊതു ശ്മശാനങ്ങളുടെ പലഭാഗങ്ങളും സ്വകാര്യവ്യക്തികൾ കൈയ്യേറിയിരിക്കുകയാണ്.

   കൈയ്യേറ്റക്കാരെ ഒഴിവാക്കി ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കുക.

## മറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, പെട്ടികടകൾ എന്നിവിടങ്ങളിൽ വിൽക്കപ്പെടുന്ന പാനീയങ്ങളും ആഹാരപദാർത്ഥങ്ങളും ആരോഗ്യ നിയമങ്ങൾക്ക് വിധേയമക്കണം.

2. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ചപ്പുചവറുകളും മാലിന്യങ്ങളും കുന്നുകൂടി കൊതുക്, ഈച്ച എന്നിവ വർദ്ധിക്കുന്നത് ഒഴിവാക്കാൻ അവ യഥാസമയം നീക്കം ചെയ്യേണ്ടതാണ്.

3. അഴുക്കുചാലുകൾ യഥാസമയം വൃത്തിയാക്കേണ്ടതാണ്.

4. കല്ലേകുളങ്ങരയിലെ ചന്തമാലിന്യങ്ങൾ നീക്കം ചെയ്യണം.

5. പുളിച്ചിക്കോട്, വാളേക്കാട്, മുട്ടികുളങ്ങര എന്നീ പ്രദേശക്കാർക്ക് പൊതു ശ്മശാനം ആവശ്യമാണ്.

6. ഒലവക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്തു നിന്നും പാലക്കാട് മുനിസിപ്പാലിറ്റിയിൽ നിന്നും ഒഴുകിവരുന്ന മലിനജലവും പഞ്ചായത്തിനുള്ളിലെ വിവിധപ്രദേശങ്ങളിലെ മലിനജലവും മുഖേനയുണ്ടാകുന്ന ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

"ശരീരശേഷിയുള്ള ഒരു പുരുഷനോ സ്ത്രീക്കോ
ജോലിയോ ഭക്ഷണമോ
കിട്ടാതിരിക്കുന്നിടത്തോളം കാലം ഭക്ഷണം
കഴിക്കുന്നതിനോ വിശ്രമിക്കുന്നതിനോ
നമുക്ക്
ലജ്ജ തോന്നേണ്ടതാണ്."

ഗാന്ധിജി

# 5-6
# റോഡുകൾ, ഊർജ്ജം

## റോഡുകൾ

ഇച്ഛാശക്തിയുള്ള ഒരു ജനതയാണ് നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. ഐക്യബോധത്തിന്റെ കരുത്തും നാടിന്റെ പുരോഗതിയിൽ റോഡുകൾ വഹിക്കുന്ന പങ്കും മനസ്സിലാക്കിയവരായിരുന്നു നമ്മുടെ പൂർവ്വികർ. 1961 ൽ പഞ്ചായത്ത് രൂപം കൊണ്ട നാൾമുതൽ ഉൾക്കർഷ ബോധത്തോടെ റോഡുകൾ നിർമ്മിച്ചുവരുന്നു. മാവനശേഷി സമാഹരിച്ച് നിർമ്മിച്ച റോഡുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇത്തരത്തിലുള്ള ആവേശം ജനിപ്പിക്കുന്ന പൂർവ്വികരുടെ പ്രവർത്തി പുത്തൻ വികസന സംസ്ക്കാരത്തിലും നമുക്ക് ലക്ഷ്യം പകർന്നുതരുന്നു.

നമ്മുടെ പഞ്ചായത്തിനെ രണ്ടാക്കി ഭാഗിച്ചുകൊണ്ട് ഏകദേശം 4.5 കിലോമീറ്റർ നീളത്തിൽ സ്റ്റേറ്റ് ഹൈവേ റോഡ് കടന്നുപോകുന്നു. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറായി 3 കിലോ മീറ്റർ നീളത്തിൽ റെയിൽ പാതയും ഉണ്ട്.

പഞ്ചായത്തിൽ വലുതും ചെറുതും ടാറിട്ടതും കോൺക്രീറ്റ് ചെയ്തതും അല്ലാത്തതും വീതി കൂടിയവയും തീരെവീതി കുറഞ്ഞവയുമായി 85 ലധികം റോഡുകളുണ്ട്. റോഡിന്റെ മൊത്തം ദൈർഘ്യത്തിൽ 30 കിലോമീറ്റർ ടാറിട്ടതാണ്. മുട്ടികുളങ്ങരയിൽ നിന്നു തെക്കോട്ട് വള്ളിക്കോട് - കമ്പമുട്ട് PWD യിൽ കീഴിലുള്ളതാണ്. പഞ്ചായത്തിനുകീഴിൽ ആകെ 60 k.m റോഡുകളുണ്ട്. ഇവയിൽ 6.5. കിലോമീറ്റർ കമ്പറോഡുകളും 29-03 കിലോമീറ്റർ മെറ്റൽ റോഡുകളും 2.6 കിലോമീറ്റർ കോൺക്രീറ്റ് ചെയ്തവയും ആകുന്നു.

PWD കീഴിലുള്ളവള്ളിക്കോട് - കമ്പ റോഡിന്റെ സ്ഥിതി അതിദയനീയമാണ്. വളരെയേറെ ആളുകൾ താമസിക്കുന്ന ഈ പ്രദേശത്തേക്ക് 6 ബസ്സുകളും നിരവധി ഓട്ടോറിക്ഷകളും സർവ്വീസ് നടത്തുന്നുണ്ട്. നിലവിൽ കുണ്ടും കുഴിയുമായി റോഡ് അധഃപതിച്ചിരിക്കുന്നു. അതുപോലെ തന്നെ പഞ്ചായത്തിന്റെ അധീനതയിലെ മിക്കറോഡുകളുടേയും അവസ്ഥശോചനീയമാണ്. റോഡുകൾക്കൊന്നിനും തന്നെ ഓവുചാലുകളൊ കൾവർട്ടുകളൊ ഇല്ല. ഇപ്രകാരം റോഡുകൾ വളരെ പെട്ടെന്നു തന്നെ കേടുവരുകയും മുടക്കിയ ലക്ഷക്കണക്കിനു രൂപ പാഴായി പോകുകയും ചെയ്യുന്നു.

റോഡുകളുടെ ദയനീയാവസ്ഥ മാറ്റുന്നതിനായി നിർബന്ധമായും ഓവുചാലുകൾ നിർമ്മിക്കുകയും അതുപോലെ തന്നെ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തു കയും ചെയ്യണം.

### പഞ്ചായത്തിലെ റോഡുകൾ

| കച്ച | മെറ്റൽ | കോൺക്രീറ്റ് | ടാർ | | | |
|---|---|---|---|---|---|---|
| | | | പഞ്ചായത്ത് | PWD | NH | ആകെ |
| 6.5 k.m | 29.03 k.m | 2.6 k.m | 22.23 k.m | 3.5 k.m | 4.5 k.m | 68.36 k.m |

### വാർഡ് - 1

1. കുറുക്കംപൊറ്റയിൽ നിന്ന് തുടങ്ങുന്ന റോഡ് നെച്ചിപ്പുള്ളി വഴി അരുപറ എച്ചുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.
2. നൊച്ചിപ്പുള്ളി മാരിത്തൊടി എന്ന സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുക.
3. നൊച്ചിപ്പുള്ളിമുതൽ ചാരക്കോട്ട് പറമ്പിൽകൂടിരേ പാകുന്ന റോഡ് വീതി കൂട്ടുക.
4. നൊച്ചിപ്പുള്ളി ഞാറക്കോട് റോഡ് 8 മീറ്റർ വീതിയിൽ അറ്റകുറ്റപണികൾ നടത്തുക.
5. തടസ്സപെട്ടുകിടക്കുന്ന നൊച്ചിപ്പുള്ളി കയ്യറ വേണ്ടേക്ക പാറയിൽ നിന്ന് തുടങ്ങി

കൂനങ്ങോട്ടുപോകുന്ന റോഡ് ഗതാഗത യോഗ്യമാക്കുക.

6. കയ്യറ, നൊച്ചിപ്പുള്ളി റോഡ്, പണിപൂർത്തിയാക്കുക.
7. മുണ്ടൂർ പഞ്ചായത്തിൽ പെരിയാനിയിൽ നിന്നും ധോണിയിലെത്തുന്ന റോഡ് പൂർത്തിയാക്കുക.
8. വടക്കന്റെ കാട് തൈവച്ചകാട് എന്നീ സ്ഥലങ്ങളിലേക്ക് റോഡ് നിർമ്മിക്കുക.

## വാർഡ് - 2

1. രണ്ടാം വാർഡിൽ എസ്റ്റേറ്റ് താഴെമുരളി തൊട്ടിങ്കൽ റോഡ് ടാർ ചെയ്യുക.
2. വാക്കിൽപറമ്പിൽ നിന്ന് പള്ളിയിലേക്ക് പോകുന്ന റോഡ് ടാർ ചെയ്യുക.
3. ലക്ഷംവീട് മുതൽ താഴെമുരളി വേലാങ്കാട് മണ്ണാത്തറ വഴി പഴയ പഞ്ചായത്ത് വരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കണം.
4. മഠത്തിൽതൊടി അമ്പലത്തിന്റെ പടിഞ്ഞാറു വശത്തുള്ള ഇടവഴിവീതി കൂട്ടി ഗതാഗത യോഗ്യമാക്കുക.
5. മണ്ണാത്തറ റോഡിൽ നിന്ന് മുണ്ടൂർ മഠംവരെ 250 മീറ്റർ റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

## വാർഡ് - 3

1. ഓട്ടൂർകാട് - ശാന്തി നഗർ - ആനന്ദനഗർ, റോഡ് ചെയ്യുക.
2. സായി ബാബ ന്യൂകോളനി റോഡ് - കോൺക്രീറ്റ് ചെയ്യുക.
3. മാരിയമ്മൻ കോവിൽ - റെയിൽവെ ആശുപത്രി റോഡ് നിർമ്മിക്കുക.
4. മാരിയമ്മൻ കോവിൽ മുനീശ്വരൻ കോവിൽ റോഡ് നിർമ്മിക്കുക.
5. തിയ്യേറ്റർ - കല്ലേകുളങ്ങര - കനാൽബണ്ട് റോഡ് ഗതാഗത സൗകര്യമാക്കുക.
6. മുരളി - സായിബാബ കോളനി റോഡ്, റീടാർ ചെയ്യുക
7. കല്ലേകുളങ്ങര - എസ്റ്റേറ്റ് - റോഡ് റീടാർ ചെയ്യുക.
8. മുരളി ഓർത്തോഡക്സ് പള്ളിറോഡ് - ഗതാഗതയോഗ്യമാക്കുക.
9. കവളംപാറ - സ്റ്റേറ്റ് ബാങ്ക് റോഡ് ടാർ ചെയ്യുക.

## വാർഡ് -4

1. പൂച്ചിറ - മാരത്ത് പറമ്പ് റോഡ് ഗതാഗത യോഗ്യമാക്കണം.
2. K.M.R. അവന്യൂ - ഗാന്ധിനഗർ, റോഡ് ഗതാഗതയോഗ്യമാക്കുക.
3. എസ്റ്റേറ്റ് പാങ്ങൽ റോഡ് ഗതാഗത യോഗ്യമാക്കണം.
4. കുന്നുംപുറം, പൂച്ചിററോഡ് ഇരുവശം ചാലു നിർമ്മിച്ച് റിപ്പയർ ചെയ്യണം.
5. ഗാന്ധിനഗർ തോടിന്റെ സൈഡ് ഭിത്തി കെട്ടുക.
6. പാനപന്തൽ, ശിവൻ കോവിൽറോഡ് - റിപ്പയർ ചെയ്യണം.
7. വാൽപറമ്പ് - എസ്റ്റേറ്റ് സിഡ്ക്കോ റോഡിനു ചാല് നിർമ്മിക്കുക.
8. എസ്റ്റേറ്റ് - ഉമ്മിണിറോഡ് മെറ്റൽ ചെയ്യുക.
9. കല്ലേകുളങ്ങര - എസ്റ്റേറ്റ് റോഡ് റീടാർ ചെയ്യണം.

## വാർഡ് - 5

1. തണുങ്ങൽ - തെക്കുംപുറം റോഡ് ഗതാഗതയോഗ്യമാക്കുക
2. കമ്മാന്തറയിലേക്ക് റോഡ് നിർമമ്മിക്കുക.
3. മന്ദത്തുംപൊറ്റ ആശുപത്രി റോഡ് ടാർ ചെയ്യുക.
4. വല്ലങ്കാട് പ്രദേശത്ത് തോടിന് പാലം നിർമ്മിക്കുക.
5. കാവിൽപാട് - കല്ലേക്കാട് ബന്ധിപിച്ച് നിലംപതി പാലം നിർമ്മിക്കുക.
6. പഴയ ടിപ്പുസുൽത്താൻ റോഡിന്റെ സ്ഥലം ഏറ്റെടുത്ത് പണിനടത്തുക.
8. ചുങ്കം സ്ക്കൂൾ റോഡ് മെറ്റൽ ചെയ്യണം.

## വാർഡ് - 6

1. വെണ്ണക്കരയിൽ നിന്ന് ആരംഭിച്ച് റെയിൽവെ ലൈനിന്റെ സൈഡിലൂടെ പോകുന്ന നടപ്പാതക്ക് റെയിൽവെയിൽ നിന്നും അംഗീകാരം വാങ്ങി മെറ്റൽ ചെയ്ത് പടതോണി തോടിനടുത്തുവരെ നീട്ടുക.
2. കോട്ടോമ്പാടം പ്രദേശത്ത് റോഡു നിർമ്മിക്കുക.
3. വെണ്ണക്കര - പൂർത്തിയാകാത്ത കോൺക്രീറ്റ് റോഡിന്റെ പണി പൂർത്തിയാക്കുക.
4. വെണ്ണക്കര - വടക്കു പുറത്തുനിന്ന് എരിവിൻ തോടിലേക്ക് പോകുന്ന റോഡ് മെറ്റൽ ചെയ്യുക.
5. വെണ്ണക്കര - ഇളയ ഭഗവതി ക്ഷേത്രം റോഡ് മെറ്റൽ ചെയ്യുക.
6. നൊട്ടംപാറ പ്രദേശത്തുള്ള റോഡ് മെറ്റൽ ചെയ്യുക.
7. പുതുപ്പരിയാരം പഞ്ചായത്ത് ഹൈസ്ക്കൂൾ റോഡ് ടാർ ചെയ്യുക.
8. തെയ്യാലം പറമ്പ് ശ്മശാന റോഡ് നിർമ്മിക്കുക.

## വാർഡ് - 7

1. പാറലോടി പ്രദേശത്ത് റോഡ് നിർമ്മിക്കുക.

2. ചുരത്തിങ്കൽ - പാലയ്ക്കൽ പറമ്പ് റോഡ് നിർമ്മിക്കുക
3. പാലയ്ക്കൽ പറമ്പ് വളയപ്പുള്ളി ഭഗവതി ക്ഷേത്രത്തിൻെറ പരിസരത്തുനിന്ന് കാവുപറമ്പി ലേക്ക് പോകുന്ന റോഡ് മെറ്റൽ ചെയ്യുക.
4. കൂട്ടുപുര പാറലോടി റോഡ് കൃഷിക്കാർ സ്ഥലം വിട്ടുതരുന്നത് നിർമ്മിക്കുക
5. വാർക്കാട് കുന്നത്ത് വള്ളാട്ട് കുളം റോഡ് നിർമ്മിക്കുക
6. പാറയ്ക്കൽ കുന്നത്ത് റോഡ് മെറ്റൽ ചെയ്യുക.
7. ചൂഴിയം പാറ പാളയം റോഡ് മെറ്റൽ ചെയ്യുക
8. വള്ളിക്കോട് സ്ക്കൂളിൽ നിന്ന് കുരുവൻകോട് ചൂഴിയാംപാറ റോഡ് നിർമ്മിക്കുക.

## വാർഡ് - 8

1. മുട്ടിക്കുളങ്ങര - I.R.T.C റോഡ് റീ ടാർ ചെയ്യുക
2. കുളത്തിൽ പള്ളറോഡ്, പന്നിയമ്പാടം ശിവൻ കോവിലിൽ റോഡ് പന്നിയമ്പാടം പഞ്ചായത്ത് എന്നിവ റോഡ് ഗതാഗതയോഗ്യമാക്കുക.
3. മുട്ടികുളങ്ങര - കുളത്തിൽ പള്ള - മഹാളിറോഡ് വീതികൂട്ടുക.
4. കല്ലപറമ്പ് കുന്നുകാട് റോഡ് നിർമ്മിക്കണം.
5. പുലിക്കോട്ട് നിന്നും തച്ചങ്കോടു കടമ്പടിപുര വഴി MLA റോഡിലേക്ക് ബന്ധപ്പെടുത്തി ഗതാഗത യോഗ്യമാക്കുക.
6. കുളക്കണ്ടാപൊറ്റ MLA റോഡ് തുടങ്ങി താഴെ മുരളിയിലേക്ക് പാലം നിർമിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.
7. പന്നിയംപാടം വാളേക്കാട് റോഡ് നിർമ്മിക്കുക.

## വാർഡ് - 9

1. ഇരുപ്പശ്ശേരി - കൊലകുന്നം പറമ്പ് റോഡ് നിർമ്മിക്കുക.
2. ഇരുപ്പശ്ശേരി - ഹരിജൻ കോളനിറോഡ് നിർമ്മിക്കുക.
3. മണ്ണാംപറമ്പ് - പൂശാരി പൊറ്റ റോഡ് നിർമ്മിക്കുക
4. കാവിൽപാട് - മുസ്ലീം ശ്മശാന റോഡ് നന്നാക്കുക.

## വാർഡ് - 10

1. അത്താണി പറമ്പിലൂടെയുള്ള റോഡ് റോഡ് ഗതാഗതയോഗ്യമാക്കുക.
2. റെയിൽവേ കോളനിയിൽ നിന്ന് മേലേപ്പുറം ബാലവാടിയിലേക്ക് പോകുന്ന രോഡ് സൈഡ് ചാല് നിർമ്മിച്ച് കോൺക്രീറ്റ് ചെയ്യുക.
3. പൂച്ചിറ മാരാത്തുപറമ്പിൽക്കുടി FCI- റെയിൽവേ ലൈൻ സൈഡിലൂടെ ഇരട്ടക്കുളം ഠാണാവിൽ ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കുക.
4. ചന്ദന ഭഗവതിക്ഷേത്രത്തിനു മുമ്പിൽ കൂടി പോകുന്ന മെയിൻ റോഡ് കൊട്ടപ്പാടം റോഡ് ടാർ ചെയ്യുക.
5. അത്താണിപ്പറമ്പ് കൂട്ടുപുര റോഡ് ടാർ ചെയ്യുക.

## വാർഡ് - 11

1. മുട്ടിക്കുളങ്ങര - വാർക്കാട് റോഡ് റീടാർ ചെയ്യുക.
2. റെയിൽവെ ലൈൻ മുതൽ വാർക്കാട് ശ്മശാനം വരെയുള്ള റോഡ് മെറ്റൽ ചെയ്യുക.
3. ചോറോട് വാർക്കാട് റോഡ് കോൺക്രീറ്റ് ചെയ്യുക.
4. കിഴക്കേ പാളയം ഉൾപ്രദേശത്ത് 750 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.
5. നടക്കാവ്, തോട്ടക്കര, വാർക്കാട്, റോഡ് നിർമ്മിക്കണം.
6. വാർക്കാട് കുരുവൻ പറമ്പ് റോഡ് നിർമ്മിക്കുക.
7. കഴുപറമ്പ് ചുരത്തിങ്കൽ റോഡ് ടാർ ചെയ്യണം.
8. കഴുപറമ്പ് മൂച്ചിക്കൽ പറമ്പ് റോഡ് നിർമ്മിക്കുക.

## വാർഡ് - 12

1. IRTC പൊരിയാനി റോഡ് ടാർ ചെയ്യുക
2. ധോണി മായാപുരത്തുനിന്നും ഇടത്തോട്ടു തിരിഞ്ഞ് വണ്ടിക്കടവ് തോട്ടിൽ പാലം നിർമ്മിച്ച് ചൂൽപാടം അരിമണി റോഡിൽ ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
3. ധോണി ചേട്ടിൽ വെട്ടിയ ഭഗവതിക്ഷേത്രത്തിലേക്ക് ശ്രമദാനത്തിലൂടെ നിർമ്മിച്ച റോഡ് ഗതാഗതയോഗ്യമാക്കുക.
4. ധോണി റോഡിൽ നിന്നും അംബേദ്കർ കോളനി അരിമണി എസ്റ്റേറ്റ് വഴി പൊരിയാനി റോഡ് ഗതാഗത യോഗ്യമാക്കുക.
5. ശ്മശാനം പ്ലാച്ചിക്കാട് റോഡ് ഗതാഗതയോഗ്യമാക്കുക.
6. കല്ലംമ്പറമ്പ് അക്വഡേറ്റ് പാലം വരെയുള്ള റോഡ് ടാർ ചെയ്യുക.

## ഊർജ്ജം

മനുഷ്യന്റെ ഉൽപത്തിമുതൽ നാളിതുവരെയുള്ള വികസന ചരിത്രത്തിൽ ഊർജ്ജത്തിന്റെ സ്ഥാനം അതിപ്രധാനമാണ്. തീ കണ്ടുപിടിച്ചതു മുതൽ പുത്തൻ ഊർജ്ജ സങ്കേതങ്ങൾ മെരുക്കി ഉപയോഗപ്പെടുത്താൻ തുടങ്ങിയതോടെ മനുഷ്യൻ മഹാശക്തനായി.

ശാസ്ത്രീയമായ ഊർജ ആസൂത്രണത്തിന്റെ അപര്യാപ്തത മനുഷ്യന് ഇന്ന് ഒരു ഊർജ്ജ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. വൈദ്യുതിയും വൈദ്യുതേതര ഊർജ്ജസ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം, സൂര്യപ്രകാശം, കാറ്റ്, ബയോഗ്യാസ് തുടങ്ങിയവയെല്ലാം അടിസ്ഥാനമാക്കി കൊണ്ടുള്ള സമഗ്ര ഊർജ്ജാസൂത്രണമാണ് ഉണ്ടാകേണ്ടത്.

നമ്മുടെ പഞ്ചായത്തിൽ ഊർജ്ജാവശ്യം നിറവേറ്റുന്നത് പ്രധാനമായും വിറക്, വൈദ്യുതി, മണ്ണെണ്ണ, പാചകഗ്യാസ്, ബയോഗ്യാസ്, മരക്കരി മുതലായ ഊർജ്ജ ഉറവിടങ്ങളിൽ നിന്നാണ്. പാചക ആവശ്യങ്ങൾക്കാണ് ഏറ്റവും കൂടുതൽ ഇന്ധനം ആവശ്യമായിവരുന്നത്. അതിൽ 90 ശതമാനവും വിറകിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ വെളിച്ചം, ചെറുകിട വ്യവസായങ്ങൾ മുതലായവയ്ക്ക് വൈദ്യുതിതന്നെയാണ് മുഖ്യം.

നമ്മുടെ പഞ്ചായത്തിലേക്ക് വൈദ്യുതി എത്തിക്കുന്നത് അകത്തേത്തറ, പറളി, വെണ്ണക്കര, സബ്സ്റ്റേഷനുകളിൽ നിന്നാണ്. ഒലവക്കോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവിടെ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിനുവേണ്ടി 34 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കാവിൽപ്പാട് ഭാഗം കൽപ്പാത്തി ഇലക്ട്രിക്കൽ സെക്ഷനിലും വാളേക്കാട്, നൊച്ചുപ്പിള്ളി ഭാഗങ്ങൾ, കോങ്ങാട് സെക്ഷനിലും മറ്റ് ഭാഗങ്ങൾ ഒലവക്കോട് ഇലക്ട്രിക്കൽ സെക്ഷനും കീഴിലുമാണ് വരുന്നത്. പഞ്ചായത്തിലെ വൈദ്യുത കണക്ഷനുകളുടെ എണ്ണത്തിൽ 78 ശതമാനം ഗാർഹികവും 15 ശതമാനം വ്യാപാരം 2.1 ശതമാനം വ്യവസായം 4.9 ശതമാനം കാർഷികം എന്നീ മേഖലകളിലാണ്.

### ചാർട്ട് - 1
### വൈദ്യുതി കണക്ഷനുകളുടെ എണ്ണം

| ക്രമ നമ്പർ | ട്രാൻസ്ഫോർമറിന്റെ പേര് | കെ.പി.എ. കപ്പാസിറ്റി |
|---|---|---|
| 1. | കമ്പ | 160 |
| 2. | വള്ളിക്കോട് | 100 |
| 3. | വള്ളിക്കോട് സ്ക്കൂൾ | 160 |
| 4. | വളവിൽതൊടി | 100 |
| 5. | വാർക്കാട് | 100 |
| 6. | പന്നിയംപാടം | 100 |
| 7. | കൊളക്കണ്ടപ്പൊറ്റ | 160 |
| 8. | മുട്ടികുളങ്ങര I | 100 |
| 9. | മുട്ടികുളങ്ങര II | 63 |
| 10. | പുതുപ്പരിയാരം | 160 |
| 11. | വിഷ്ണുനഗർ | 160 |
| 12. | പൂച്ചിറ | 160 |
| 13. | പടത്തോണി | 63 |
| 14. | വി.എ.ആർ.റൈഡ്മിൽ [പുതുപ്പരിയാരം] | - |
| 15. | ടിമ്പർയാർഡ് | 100 |
| 16. | എഫ്.സി.ഐ. | 100 |
| 17. | ഗുഡ്ഷെപ്പേർഡ് | 250 |
| 18. | എൻറോമ | 200 |
| 19. | ഗണേശൻ | 250 |
| 20. | മുട്ടത്ത് സ്റ്റർച്ച് | 100 |
| 21. | കെ.ഇ.എൽ | 500 |
| 22. | മുരളി | 160 |
| 23. | വെണ്ണക്കര | 100 |
| 24. | അരിമണി | 50 |
| 25. | വെള്ളാപ്പള്ളി | 100 |
| 26. | പാലപ്പൊറ്റ | 100 |
| 27. | എളംതോട്ടം | 100 |
| 28. | ധോണിഫാം | 160 |
| 29. | സെമൻബാങ്ക് | 160 |
| 30 | ധോണിഫാം കൗഷെഡ് | 160 |
| 31. | കാവിൽപ്പാട് 2 | 100 |
| 32. | കാവിൽപ്പാട് 3 | 100 |
| 33. | കാവിൽപ്പാട് 4 | 100 |
| 34. | നൊച്ചുപുള്ളി | 100 |

## വൈദ്യുതി കണക്ഷനുകളുടെ വിവരം

| | മേഖലകൾ | എണ്ണം |
|---|---|---|
| 1. | ഗാർഹികം | 2317 |
| 2. | വ്യാപാരം | 446 |
| 3. | വ്യവസായം | 62 |
| 4. | കാർഷികം | 146 |

വൈദ്യുതി എത്താത്ത പല പ്രദേശങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. വൈദ്യുതി എത്തിയ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ഇത് വൈദ്യുതി പ്രേഷണ വിതരണ സംവിധാനത്തിന്റെ അപര്യാപ്തതയെ കാണിക്കുന്നു. പഞ്ചായത്തിലെ വൈദ്യുതി എത്താത്ത മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന ഈ കാലഘട്ടത്തിൽ ഉള്ള വൈദ്യുതിയുടെ കാര്യക്ഷമമായ വിനിയോഗവും വിതരണവും ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

## വൈദ്യുതീകരിക്കാത്ത SC/ST കോളനികൾ

| ക്രമനമ്പർ | കോളനിയുടെ പേര് |
|---|---|
| 1 | പുളിച്ചിക്കോട് |
| 2. | കയ്യറ |
| 3. | കല്ലംപറമ്പ് |

പഞ്ചായത്തിൽ 520 തെരുവ് വിളക്കുകൾ ഉള്ളതിൽ 440 എണ്ണം സാധാരണ ബൾബുകളും 34 ട്യൂബുകളും 46 സോഡിയം വേപ്പർ ലാമ്പുകളുമാണ്. 1995- 96 വർഷത്തിൽ 93,456 രൂപ തെരുവ് വിളക്കുകൾക്കായി വൈദ്യുതി ബോർഡിൽ അടച്ചിട്ടുണ്ട്. മൂന്ന് SC/ST കോളനികളിൽ ഇനിയും വൈദ്യുതി എത്താനുണ്ട്.

## തെരുവ് വിളക്കുകളുടെ എണ്ണം

| ഇനം | എണ്ണം |
|---|---|
| ബൾബ് | 440 |
| ട്യൂബ് | 34 |
| സോഡിയം വേപ്പർ ലാമ്പ് | 20 |

## ഊർജ്ജ സംരക്ഷണം

നാം ഇന്നനുഭവിക്കുന്ന വൈദ്യുതക്ഷാമം നേരിടുന്നതിന് ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ഒരു യൂണിറ്റ് വൈദ്യുതി സംരക്ഷിക്കപ്പെടുമ്പോൾ ഒന്നേകാൽ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് തുല്യമാണെന്ന അവബോധം ജനങ്ങളിലെത്തിക്കേണ്ടിയിരിക്കുന്നു.

കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കാർഷികാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും ധാരാളം പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നുണ്ട്. ഘർഷണ രഹിത ഫുട്ട് വാൽവുകൾ ഉപയോഗിച്ചുകൊണ്ടും, പൈപ്പ് ലൈനിൽ പരമാവധി വളവുകൾ കുറച്ചുകൊണ്ടും പവർ ഫാക്ടർ വർദ്ധിപ്പിക്കുന്ന കപ്പാസിറ്ററുകൾ ഉപയോഗിച്ചും വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ റൈസ് മില്ലുകൾ ഉൾപ്പെടെ ചെറുതും വലുതുമായ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പലതിലും നിർദ്ദിഷ്ട ആവശ്യമുള്ളതിനെക്കാൾ കപ്പാസിറ്റിയുള്ള മോട്ടോറുകളാണ് ഉപയോഗിച്ച് വരുന്നത്. ഇതുകൊണ്ട് ധാരാളം വൈദ്യുതി നഷ്ടം ഉണ്ടാകുന്നു. ഇത് കണ്ടെത്തുന്നതിന് വേണ്ടി എനർജി ഓഡിറ്റിംഗ് നിർബന്ധമാക്കേണ്ടിയിരിക്കുന്നു.

വൈദ്യുതിയുടെ മറ്റൊരു പ്രധാന ഉപയോഗം വെളിച്ചത്തിനുവേണ്ടിയാണ്. സാധാരണ ഉപയോഗിച്ചു വരുന്ന ബൾബുകൾക്ക് പകരം കുറഞ്ഞ കറണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന കോംപാക്ട് ഫ്ളൂറസന്റ് ലാംബ് (CFL) ഉപയോഗിക്കുകയാണെങ്കിൽ ¼ വൈദ്യുതി മാത്രമെ ചെലവാകുകയുള്ളൂ. ഇപ്പോൾ മാർക്കറ്റിൽ പ്രചാരത്തിലുള്ള ഇത്തരം ലാംബുകൾക്ക് താരതമ്യേന വില കൂടുതലാണെങ്കിലും സാധാരണ ബൾബുകളെക്കാൾ 7 ഇരട്ടി ആയുസ്സ് ഉള്ളവയാണ്. ഇവ വ്യാപകമായി പ്രചരിപ്പിക്കാവുന്നതാണ്. ഇതുപോലെതന്നെ ട്യൂബ് ലൈറ്റുകളിൽ ഇലക്ട്രോണിക് ചോക്കുകൾ ഉപയോഗിക്കുക വഴി കുറഞ്ഞ വോൾട്ടേജിൽ ലൈറ്റുകൾ കത്തുന്നതിനുപുറമെ വൈദ്യുതിയും ലാഭിക്കാം.

നമ്മുടെ ഗാർഹിക ഊർജ്ജമേഖലയിൽ ഇന്ധനക്ഷമതകുറഞ്ഞ വിറകടുപ്പുകളാണ് വ്യാപകമായി പ്രചാരത്തിലുള്ളത്. ഇവയുടെ ഉപയോഗം വഴി ധാരാളം ഇന്ധനം പാഴായിപോകുന്നു. വിറകിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇന്ധനക്ഷമത കൂടിയ വിറകടുപ്പുകളുടെ പ്രചാരം അതിപ്രധാനമാണ്. ഇന്ന് പ്രചാരത്തിലുള്ള

പരിഷത്തടുപ്പുകൾ ഇതിന് ഉപയുക്തമാക്കാനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം നൽകണം. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്നതിലൂടെ വീട്ടുമയുടെ ആരോഗ്യ പരിപാലന പരിസ്ഥിതി സംരക്ഷണവും സാധ്യമാകുന്നു. നമ്മുടെ പഞ്ചായത്തിൽ ഇത്തരത്തിലുള്ള 690 ഓളം അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വേണ്ട ബോധവൽക്കരണപ്രവർത്തനത്തിന്റെ അഭാവം മൂലം മിക്ക വീട്ടുകാരും അത് പ്രയോജനപ്പെടുത്തുന്നില്ല.

പാചകരംഗത്ത് ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിന് ദക്ഷതകൂടി മണ്ണെണ്ണ സ്റ്റൗ പ്രഷർ കുക്കറുകൾ എന്നിവയുടെ ഉപയോഗം വ്യാപകമാക്കേണ്ടതാണ്.

## പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ

ഗ്രാമീണ ഊർജ്ജരംഗത്ത് പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങളുടെ പ്രയോഗവും പ്രാധാന്യമർഹിക്കുന്നു. കാറ്റിന്റെ ശക്തി ഉപയോഗപ്പെടുത്തി അനുയോജ്യമായ സ്ഥലങ്ങളിൽ കാറ്റാടി പമ്പുകൾ സ്ഥാപിക്കാവുന്നതാണ്. സൂര്യപ്രകാശത്തെ വൈദ്യുതിയാക്കിമാറ്റി വൈദ്യുതി എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള ഒറ്റപ്പെട്ട സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ, റ്റി.വി. സെറ്റുകൾ, മോട്ടോറുകൾ എന്നിവ പ്രവർത്തിപ്പിക്കുവാൻ ഉപയോഗപ്പെടുത്താവുന്ന താണ്.

പുതുപ്പരിയാരം പഞ്ചായത്തിൽ ഒരു സോളാർ ടി.വി., രണ്ട് കാറ്റാടിപമ്പുകൾ, നാല് സോളാർ തെരുവ് വിളക്കുകൾ, ഒരു സോളാർ വാട്ടർ ഹീറ്റർ, എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പുതുപ്പരിയാരം പ്രൈമറി ഹെൽത്ത് സെൻററിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടിപമ്പ് ടാങ്ക് ഇല്ലാത്തതിനാൽ ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഞാറക്കോട് സ്ഥാപിച്ചിട്ടുള്ള സോളാർ ടി.വി.യും തെരുവ് വിളക്കുകളും ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമാണ്.

കാർഷികഗ്രാമമായ നമ്മുടെ നാട്ടിൽ കന്നുകാലികൾ കൂടുതലായി വളർത്തുന്നതിനാൽ ബയോഗ്യാസ് പ്ലാറ്റുകൾക്ക് വളരെയധികം സാധ്യതയുണ്ട്. പാചകത്തിനും വെളിച്ചത്തിനുമുള്ള ഊർജ്ജാവശ്യം. ഇത് വഴി ഒരുപരിധിവരെ നിറവേറ്റാം.

ഗ്രാമീണ ഊർജ്ജ വികസന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള അനെർട്ടിന്റെ ഒരു ഓഫീസ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ അനെർട്ട് മുഖേന ഇതുവരെ വിതരണം ചെയ്ത സാധനങ്ങൾ.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | പുകയില്ലാത്ത വിറകെടുപ്പ് | 696 |
| 2. | കമ്മ്യൂണിറ്റി അടുപ്പ് (സ്ക്കൂളുകൾക്ക്) | 6 |
| 3. | സോളാർ റാന്തൽ | 36 |
| 4. | സോളാർ ടി.വി. | 1 |
| 5. | സോളാർ തെരുവ് വിളക്ക് | 4 |
| 6. | സോളാർ വാട്ടർഹീറ്റർ | 1 |
| 7. | കാറ്റാടി പമ്പ് | 2 |
| 8. | മണ്ണെണ്ണ സ്റ്റൗ | 622 |
| 9. | പ്രഷർകുക്കർ | 276 |
| 10 | സി.എഫ്.എൽ. | 320 |
| 11. | ഇലക്ട്രോണിക് ചോക്ക് | 204 |
| 12 | സോളാർ കുക്കർ | 1 |

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

### വാർഡ് - 1

1. മന്ദത്തുകാവ്, നൊച്ചുപ്പുള്ളി മാരിത്തൊടി, വടക്കന്റെ കാട്, തൈവച്ചകാട്, എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. നൊച്ചുപ്പുള്ളി മുതൽ ചരക്കാട്ടുപ്പറമ്പിൽ കൂടി പോകുന്ന റോഡിൽ വൈദ്യുതി ലൈൻ ഇടുക.
3. തെരുവ് വിളക്കുകൾ ഇല്ലാത്ത ഭാഗത്ത് അവ സ്ഥാപിക്കുക.

### വാർഡ് - 2

1. താഴെ മുരളിയിൽ സ്ഥാപിച്ച ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കുക.
2. തെരുവ് വിളക്കുകൾ ഇല്ലാത്ത പൊതുവഴികളിൽ അവ സ്ഥാപിക്കുക.

### വാർഡ് - 3

1. കവളംപാറയിൽ വൈദ്യുതി എത്താത്ത സ്ഥലത്ത് വൈദ്യുതി എത്തിക്കുക.
2. ഓട്ടൂർക്കാട് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് - 5

1. കമ്മാത്തറയിൽ വൈദ്യുതി എത്തിക്കുന്നതിന് വേണ്ട നടപടി ഉണ്ടാവണം.
2. വല്ലംകാട് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

3. കല്ലംപറമ്പിലെ വൈദ്യുതിയ്ക്കായി അപേക്ഷി ച്ചിട്ടുള്ളവർക്ക് കണക്ഷൻ നൽകുക.

### വാർഡ് - 6

1. പടതോണിയിലെ കാരിക്കുന്ന് പ്രദേശം കുന്നുംപുറം, തോട്ടിൻപള്ള എന്നിവിടങ്ങളിലും കോട്ടാംപ്പാടം, പാറക്കുളം എന്നീ സ്ഥലങ്ങളിൽ അടിയന്തരമായി വൈദ്യുതി എത്തിക്കുക.
2. വെണ്ണക്കര മാരിയമ്മൻ ക്ഷേത്രത്തിനു സമീ പവും നൊട്ടംപ്പാറ, പയ്യൽ വായനശാലയുടെ സമീപത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് - 7

1. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുവാനുള്ള നടപടി എടുക്കുക.
2. തെരുവ് വിളക്കുകൾ സ്ഥാപിക്കാത്ത പൊതുവഴികളിൽ അവ സ്ഥാപിക്കുക.

### വാർഡ് - 8

1.. പന്നിയംപാടം കുന്നത്ത് പഞ്ചായത്ത് റോഡ് മുട്ടിക്കുളങ്ങര കടമ്പടിപ്പുര റോഡ് IRTC റോഡ് എന്നിവിടങ്ങിൽ തെരുവ് വിളക്കുകൾ സ്ഥാപി ക്കുക.

3. മുട്ടിക്കുളങ്ങര കൊടിയംകാട് പ്രദേശത്തെ പട്ടികജാതി വീടുകൾ വൈദ്യുതീകരിക്കുക.

3. ഇലക്ട്രിസിറ്റി ബിൽ അടയ്ക്കുവാനുള്ള സംവി ധാനം മുട്ടികുളങ്ങരയിൽ ഏർപ്പെടുത്തുക.

4. മേട്ടുങ്കൽ, പാലപ്പൊറ്റ, അയ്യപ്പൻകാവ് പ്രദേശ ങ്ങളിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.

### വാർഡ് - 9

1. തെയ്യാലം പറമ്പ് പ്രദേശത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
2. ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

### വാർഡ് - 10

1. അത്താണിപറമ്പ് പ്രദേശത്തും വാർഡിലെ മറ്റ് തെരുവുവിളക്കുകൾ ഇല്ലാത്ത പ്രദേശത്തും അവ സ്ഥാപിക്കുക.

### വാർഡ് - 11

1. ചോറോട്, പാളയം, വാർക്കോട്, അമ്പലംറോഡ്, തോട്ടക്കരറോഡ്, കഴുപറമ്പ് എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
2. വാർക്കാട്, കൊല്ലത്തറ, പുഴയ്ക്കൽ എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

### വാർഡ് - 12

1. IRTC റോഡ്, ധോണി റോഡ്, അംബേദ്കർ കോളനി, അരിമണി എസ്റ്റേറ്റ് മുതൽ പെരിയാനിവരെയുള്ള റോഡ്, മൂലപ്പാലം റോഡ്, പയറ്റാകുന്ന് റോഡ്, കുളകണ്ണാംപൊറ്റ എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.




സാക്ഷരത – ആകെ ജനസംഖ്യയിൽ




തൊഴിൽ പങ്കാളിത്ത നിരക്ക്



**ഭവന നിർമ്മാണം**
**സാമൂഹ്യക്ഷേമം**

പ്രധാന റോഡുകളുടെ സമീപങ്ങളിലാണ് വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്ന പ്രവണത പഞ്ചായത്തിൽ കൂടി വരുന്നു. ഇത് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്നതിനു പുറമേ സമീപ പ്രദേശങ്ങളിൽ ജലക്ഷാമം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

# 5-7
# ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും

## ഭവനനിർമ്മാണം

ഭവനനിർമ്മാണരംഗത്ത് ആദ്യകാലങ്ങളിൽ നിന്നും വളരെ മാറ്റങ്ങൾ സംഭവിച്ച പഞ്ചായത്താണ് നമ്മുടേത്. ആദ്യകാലങ്ങളിൽ ഇഷ്ടികയും മൺകട്ട കളും ഉപയോഗിച്ചുള്ള ചുമരും ഓടും പട്ടയും ഉപയോഗിച്ചുള്ള മേൽക്കൂരയും സാമ്പത്തികമായി മുൻപന്തിയിൽ ഉള്ളവർ നിർമ്മിച്ചപ്പോൾ വെറും ചെറിയ മൺകൂരകളിലും ഓലകുടിലുകളിലുമായി രുന്നു പിന്നോക്കജനവിഭാഗങ്ങൾ താമസിച്ചിരുന്നത്. ആ കുടിലുകളിൽ പലതും ജൻമികളുടെ സ്ഥല ത്തായതുകൊണ്ട് ഉടമസ്ഥാവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നു.

ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയ തോടെ വളരെക്കാലം നിലനിന്നിരുന്ന ജൻമിത്വ ത്തിൻെറ അടിത്തറ തകരുകയും ജനങ്ങളുടെ ജീവിനി ലവാരം ഉയരുകയും ചെയ്തതോടെ ഭവനനിർമ്മാണ രംഗത്തും പ്രകടമായ മാറ്റങ്ങൾ ഉണ്ടായി. താമസിക്കു വാനൊരിടം എന്നതിലുപരി അന്തസ്സിൻേറയും പ്രതാപത്തിൻെറ ചിഹ്നമായി വീടിനെനോക്കി ക്കാണുന്ന മനോഭാവം ജനങ്ങളുടെ ഇടയിൽ ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

1991 - ലെ സെൻസസ് കണക്കനുസരിച്ച് പഞ്ചായത്തിൽ 6129 വീടുകളാണ് ഉണ്ടായിരുന്നത്. 1996 ലെ കണക്കനുസരിച്ച് 7714 വീടുകളായി ഇത് വർദ്ധിച്ചു. ഇതിൽ 247 ഓലപ്പുരകളും 5215 ഓടിട്ടതും, 1838 കോൺക്രീറ്റ് കെട്ടിടങ്ങളും 414 ഇരുനിലകെട്ടിടങ്ങളുമാണ്.

പ്രധാന റോഡുകളുടെ, സമീപങ്ങളിലാണ് വലിയവീടുകൾ നിർമ്മിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്ന പ്രവണത പഞ്ചായ ത്തിൽ കൂടിവരുന്നു. ഇത് കാർഷികമേഖലയെ ദോഷകരമായി ബാധിക്കു ന്നതിന് പുറമേ നല്ലൊരു ജലസംഭരണികളായ വയലുകൾ നികത്തുന്നതുമൂലം സമീപ പ്രദേശ ങ്ങളിൽ ജലക്ഷാമവും ഉണ്ടാകുന്നു.

ഭവനനിർമ്മാണ സാമഗ്രികളുടെ വില ക്കയറ്റവും കൂലിനിരക്കിലുള്ള വർദ്ധനവും കാരണം പാവപ്പെട്ടവൻെറ സ്വന്തമായ ഒരു നല്ലവീട് എന്ന ആഗ്രഹം പലപ്പോഴും പൂർത്തിയാകാതെ പോകുന്നു. വിവിധ സ്കീം അനുസരിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അനുവദിക്കുന്ന തുകകൊണ്ട് പലപ്പോഴും ഒരു വീട് പൂർത്തീകരി ക്കുവാൻ കഴിയാതെ പോകുന്നു. കെട്ടിട നിർമ്മാണ ത്തിന് ഹൗസിങ്ങ് സൊസൈറ്റികളോ ഭവനനിർമ്മാണ സഹകരണ സംഘടനകളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

ചെലവ് കുറഞ്ഞ വീട് നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ നിർമ്മിതി കേന്ദ്രത്തിന്റെ ജില്ലാ ഓഫീസ് നമ്മുടെ പഞ്ചായത്തിലെ മുട്ടിക്കുളങ്ങര എന്ന സ്ഥലത്താണ്. ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിനും, ബോധവൽക്കരണത്തിനും, നിർമ്മാണതൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനത്തിനും നമുക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

1992 - ലെ IRDP സർവ്വേപ്രകാരം കണ്ടെത്തിയ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് വിവിധ ഭവനനിർമ്മാണപദ്ധതികളിലൂടെ അനുവദിച്ച 181 വീടുകളിൽ 112 വീടുകളുടെ പണി മാത്രമാണ് പൂർത്തിയായത്.

### നിർദ്ദേശങ്ങൾ

1. ദരിദ്രജനവിഭാഗങ്ങൾക്ക് വിവിധ പദ്ധതികളിലായി ഇപ്പോൾ നൽകുവരുന്ന സംഖ്യ വീട് നിർമ്മാണത്തിന് അപര്യാപ്തമാണ്. അതിനാൽ ഇത് വർദ്ധിപ്പിക്കേണ്ടതാണ്.
2. കെട്ടിടനിർമ്മാണത്തിലെ ദുർവ്യയവും ധൂർത്തും ഒഴിവാക്കാനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം തൊഴിലാളികൾക്ക് നൽകേണ്ടതാണ്.
3. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
4. ഹൗസിങ്ങ് ബോർഡും മറ്റും അമിതമായ പലിശയിൽ ഇളവനുവദിക്കുകയും ബുദ്ധിമുട്ടുള്ള ജാമ്യ വ്യവസ്ഥകൾ ഒഴിവാക്കുകയും വേണം.
5. വീടുകൾ നിർമ്മിമ്പോൾ അഴുക്കുചാലുകളുടെ നിർമ്മാണം ശ്രദ്ധിക്കാത്തതിനാൽ അഴുക്കുവെള്ളം റോഡുകളിലും മറ്റ് പറമ്പുകളിലും കെട്ടി നിന്ന് പരിസരമലിനീകരണം സൃഷ്ടിക്കുന്നു. ഇതു ഒഴിവാക്കാൻ വീടുകളുടെ നിർമ്മാണ സമയത്തുതന്നെ വേണ്ട നടപടികൾ സ്വീകരിക്കണം.
6. സാമ്പത്തികമായി പിന്നോക്കമുള്ള ജനവിഭാഗങ്ങൾ താമസിക്കുന്ന ഓലപ്പുരകൾക്ക് ഓടിടുവാനുള്ള ധനസഹായം ലഭ്യമാക്കണം.

### സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ

സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ഒട്ടേറെ ജനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ ഉന്നമനത്തലൂടെ മാത്രമേ നാടിനെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയൂ. സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും സംഘടിത - അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. പലകാരണങ്ങൾ കൊണ്ടും ഈ പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളെപ്പറ്റി ഈ ജനവിഭാഗങ്ങൾക്ക് വ്യക്തമായ അറിവില്ലായെന്നതാണ് മുഖ്യകാരണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തനവും കാര്യക്ഷമമല്ല.

### ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി

1992 - ലെ IRDP സർവ്വേപ്രകാരം 1835 കുടുംബങ്ങളാണ് ദാരിദ്രരേഖക്ക് താഴെയുള്ളവർ. ഇതിൽ SC/STകുടുംബങ്ങൾ 516 ഉണ്ട്. ഇത് 28.12 ശതമാനം വരും നാളിതുവരെ 242 കുടുംബങ്ങൾക്ക് സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 122 കുടുംബങ്ങൾ SC/ST യിൽപ്പെട്ടവരാണ്.

### പട്ടിക - 1

### IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST |
|---|---|---|---|---|
| 1 | 466 | 150 | 47 | 30 |
| 2 | 130 | 31 | 19 | 8 |
| 3 | 112 | 38 | 21 | 13 |
| 4 | 134 | 50 | 25 | 9 |
| 5 | 173 | 40 | 25 | 10 |
| 6 | 173 | 42 | 27 | 14 |
| 7 | 115 | 30 | 17 | 9 |
| 8 | 144 | 28 | 25 | 10 |
| 9 | 148 | 69 | 17 | 9 |
| 10 | 53 | 2 | 4 | 0 |
| 11 | 182 | 34 | 15 | 10 |
| 12 | 5 | 2 | - | - |
| ആകെ | 1835 | 516 | 242 | 122 |

# കെട്ടിടങ്ങളുടെ എണ്ണത്തിലെ വർദ്ധനവ്

പട്ടിക – 2

| വർഷം | കെട്ടിടങ്ങളുടെ എണ്ണം | മുൻ വർഷത്തേക്കാൾ വർദ്ധനവ് |
|---|---|---|
| 1991 - 92 | 6493 | - |
| 1992 - 93 | 6789 | 269 |
| 1993 - 94 | 7331 | 542 |
| 1994 - 95 | 7479 | 148 |
| 1995 - 96 | 7714 | 235 |




ഗ്രാഫ് – 1

IRDP സർവ്വേ പ്രകാരം കണ്ടെത്തിയവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ പുതുപ്പരിയാരം ഒന്ന് രണ്ട്, വി.ഇ.ഒ. സർക്കിളുകൾ വഴിയാണ്. ഇതുവരെയായി ഒന്നാം സർക്കിളിലുള്ള 82 പേർക്ക് 3,38,364 രൂപയുടെ സബ്സിഡിയും 6,91,098 രൂപയുടെ വായ്പയും വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം സർക്കിളിലുള്ള 80 പേർക്കായി 2,98,452 രൂപയുടെ സബ്സിഡിയും 6,57,948 രൂപയുടെ വായ്പയുമാണ് ലഭ്യമാക്കിയത്. ഈ കണക്കുകൾ കാളിക്കുന്നത് IRDP ഉപഭോക്താക്കളിൽ 8.83 ശതമാനം പേർക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്നാണ്.

### പട്ടിക - 2

### IRDP സർവെ സഹായലഭ്യതാ കണക്ക്

### പുതുപ്പരിയാരം ഒന്നാം സർക്കിൾ

| വർഷം | എണ്ണം | സബ്സിഡിരൂപ | വായ്പ |
|---|---|---|---|
| 1992-93 | 19 | 67,007 | 1,41,375 |
| 1993-94 | 25 | 79,657 | 1,12,073 |
| 1994-95 | 22 | 1,05,500 | 2,38,850 |
| 1995-96 | 16 | 86,200 | 1,98,800 |
| ആകെ | 82 | 338,364 | 6,91,098 |

### പട്ടിക - 3

### പുതുപ്പരിയാരം രണ്ടാം സർക്കിൾ

| വർഷം | എണ്ണം | സബ്സിഡിരൂപ | വായ്പ,രൂപ |
|---|---|---|---|
| 1992-93 | 22 | 63,472 | 91,678 |
| 1993-94 | 20 | 60,280 | 91,970 |
| 1994-95 | 16 | 72,700 | 1,71,300 |
| 1995-96 | 22 | 1,02,000 | 3,03,000 |
| ആകെ | 80 | 2,98,452 | 6,57,948 |

### DWCRA യൂണിറ്റുകൾ

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA യൂണിറ്റുകൾ. 8-ാം പദ്ധതികാലത്ത് നാളിതുവരെയായി 2 DWCRA യൂണിറ്റുകൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ളത്. 4 - ഉം 5-ഉം വാർഡുകളിൽ പ്രവർത്തിക്കുന്ന ഡയറിയൂണിറ്റും റെഡിമേയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റും ചേർന്നുള്ളതാണ് പഞ്ചായത്തിലെ DWCRA യൂണിറ്റുകൾ രണ്ട് യൂണിറ്റുകളിലുമായി 20 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ആകെ ഈ ഇനത്തിൽ 74,664 രൂപ സബ്സിഡിയും 2,15,.336 രൂപയുടെ വായ്പയുമാണ് ലഭ്യമാക്കിയിട്ടുള്ളത്.

### പട്ടിക - 4

### DWCRA സഹായലഭ്യത കണക്ക്

| വർഷം | സ്കീമുകളുടെ എണ്ണം | സബ്സിഡി രൂപ | വായ്പ രൂപ |
|---|---|---|---|
| 1992-93 | ഇല്ല | - | - |
| 1993-94 | 1 | 32,664 | 65,336 |
| 1994-94 | ഇല്ല | - | - |
| 1995-96 | 1 | 42,000 | 1,50,000 |
| ആകെ | 2 | 74,664 | 215,336 |

### ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണ് ട്രൈസം. ഇതുവരെയായി 8-ാം പദ്ധതിക്കാലത്ത് 7 പേർക്ക് മാത്രമാണ് പ്രയോജനം ലഭിച്ചിട്ടുള്ളത്. കൂടുതൽ പേർക്ക് അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽസംരംഭം ആരംഭിക്കുവാനും വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം.

### പട്ടിക - 5

### ട്രൈസം പരിശീലനകേന്ദ്രം

| വർഷം | എണ്ണം |
|---|---|
| 1993-94 | 4 |
| 1994-95 | 2 |
| 1995-96 | 1 |
| ആകെ | 7 |

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഒന്നും രണ്ടും സർക്കിളിലായി ഇതുവരെ 24 പേർക്കാണ് ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത്. IRDP സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം 112 ആണ്.

### ടൂൾകിറ്റ് കൊടുത്തത്
### (ഒന്നാം സർക്കിൾ) പട്ടിക - 6

| വർഷം | എണ്ണം |
|---|---|
| 1992-93 | ഇല്ല |
| 1993-94 | 11 |
| 1994-95 | 5 |
| 1995-96 | 2 |
| ആകെ | 7 |

### (രണ്ടാം സർക്കിൾ) പട്ടിക - 7
### ഭവനനിർമ്മാണം

| വർഷം | എണ്ണം |
|---|---|
| 1992-93 | ഇല്ല |
| 1993-94 | 7 |
| 1994-95 | 7 |
| 1995-96 | 3 |
| ആകെ | 17 |

## കക്കൂസ്

IRDP സർവ്വേപ്രകാരം 1390 വീടുകൾക്ക് കക്കൂസുകൾ ഇല്ല എന്ന് കണ്ടെത്തുവാൻ കഴിഞ്ഞു. കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന CRSP പദ്ധതിപ്രകാരം ഇതുവരെ 38 വീട്ടുകാർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

### പട്ടിക - 8
### CRSP കക്കൂസുകൾ

| വർഷം | എണ്ണം |
|---|---|
| 1993-94 | 18 |
| 1994-95 | 11 |
| 1995-96 | 9 |
| ആകെ | 38 |

## ഭവനനിർമ്മാണം

വിവിധ പരിപാടികളിലായി പഞ്ചായത്തിൽ 8-ാം പദ്ധതിയിൽ IRDP സർവ്വെപ്രകാരം കണ്ടെത്തിയ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവർക്ക് 181 വീടുകളാണ് അനുവദിച്ചത്. ഇതിൽ 112 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

IRDP സർവ്വെ പ്രകാരം കണ്ടെത്തിയവരിൽ വളരെ കുറച്ച് പേർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുള്ളത്. കൂടുതൽ പേർക്ക് സഹായം ലഭിക്കുന്ന രീതിയിൽ പദ്ധതി പുനരാവിഷ്ക്കരിക്കേണ്ടതാണ്.

## പെൻഷനുകൾ

അവശജനവിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പെൻഷൻ നമ്മുടെ പഞ്ചായത്തിൽ 894 പേർക്ക് ലഭിക്കുന്നുണ്ടെങ്കിലും അർഹതപ്പെട്ട ധാരാളം പേർക്ക് ഇനിയും പെൻഷൻ ലഭിക്കാനുണ്ട് ഇപ്പോൾ പഞ്ചായത്തിൽ 65 പേർക്ക് അഗതിപെൻഷനും 177 പേർക്ക് വിവിധ പെൻഷംനും, 88 പേർക്ക് വിഗലാംഗപെൻഷനും 61 പേർക്ക് വാർദ്ധക്യ പെൻഷനും 500 പേർക്ക് കർഷകതൊഴിലാളി പെൻഷനും ലഭിക്കുന്നുണ്ട്. ഇവർക്കുപുറമെ കുഷ്ഠരോഗി പെൻഷൻ ലഭിക്കുന്ന ഒരാളും ക്യാൻസർ രോഗി പെൻഷൻ ലഭിക്കുന്ന രണ്ട് പേരും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

പെൻഷൻ പട്ടിക കാണുക

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

1. 1988 - ൽ ഭൂരഹിതരായ 533 കർഷകതൊഴിലാളികൾക്ക് 6 സെൻറ് വീതം മുട്ടികുളങ്ങരയിലെ മിച്ചഭൂമി അനുവദിച്ച് പട്ടയം നൽകി. എന്നാൽ ഇവർക്ക് ഭൂമി ഇതുവരെയും അളന്ന് കൈമാറിയിട്ടില്ല. ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടി രിക്കുന്ന ഈ കാലത്ത്

ഭൂരഹിത കർഷകതൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ള ഈ ആനുകൂല്യം ഇനിയും അവർക്ക് ഉപയോഗപ്രദമായിട്ടില്ല എന്നുള്ളത് പ്രതിഷേധാർഹമാണ്. ഭൂമി കൈവശമാകുന്ന തോടുകൂടി ഒരു പുതിയ ഗ്രാമം തന്നെ അവിടെ രൂപം കൊള്ളുന്നതാണ്. അവർക്ക് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് നിർവ്വക്കേണ്ടതാണ്.

2. നൂറ്റാണ്ടുകളായി ഠാണാവിന്റെ സമീപം 10-ാം വാർഡിൽ കൈവശം വച്ച് ജലനികുതി ഉൾപ്പെടെയുള്ള കരം കൊടുത്ത് കൃഷി ചെയ്ത് ഉപജീവനം കഴിച്ചിരുന്ന നായാടി സമുദായക്കാർക്ക് ഇപ്പോൾ അവിടെ പ്രവേശനം നിഷേധിച്ചിരി ക്കുകയാണ്. ഇവർ അസംഘടിതരും സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്നവരും ആയതുകൊണ്ട് നിയമത്തിന്റെ പരിരക്ഷ ഇവർക്ക് ലഭിക്കാതെ പോയി. ഈ നടപടി എത്രയും വേഗം തിരുത്തി അവർക്ക് കൈവശരേഖ നൽകേണ്ടതാണ്.
3. ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെന്റ് 8 കുടുംബങ്ങൾക്ക് 3-ാം വാർഡിൽ അനുവദിച്ച സ്ഥലത്തിനു കൈവശരേഖകൾ ഇല്ലാത്തതു കൊണ്ട് അവർക്ക് അർഹതപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കപ്പെടണം.

5. 3-ാം വാർഡിൽ പ്രവർത്തിക്കുന്ന ട്രൈബൽ പ്രീ - മെട്രിക് ഹോസ്റ്റലിൽ 44 കുട്ടികൾ താമസിക്കുന്നുണ്ട്. ആൺകുട്ടികൾ മാത്രം താമസിക്കുന്ന ഈ ഹോസ്റ്റലിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഡോർ മെട്രി അടിയന്തിരമായ നിർമ്മിക്കേണ്ടതാണ്.
6. 1970 - ൽ രൂപംകൊണ്ട ലക്ഷംവീടുകൾ പലതും പൊളിഞ്ഞുവീഴാറായ അവസ്ഥയിലാണ്. പഞ്ചായത്തിൽ 4 കേന്ദ്രങ്ങളിലായാണ് ഈ കോളനികൾ ഉള്ളത്. ഇവയിൽ 34 പേർക്ക് സ്ഥലവും വീടും പഞ്ചായത്ത് നൽകിയപ്പോൾ 66 പേർക്ക് സ്ഥലം മാത്രമാണ് നൽകിയത്. ഇവർക്ക് വിവിധ പദ്ധതിയിലൂടെ വീട് വയ്ക്കുവാനുള്ള ധനസഹായം ലഭിച്ചു. ഈ 100 വീടുകളിൽ 50 ശതമാനം പേർക്കും കക്കൂസ് ഇല്ലാത്ത അവസ്ഥയാണിന്നുള്ളത്.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 35 അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 3 മുതൽ 5 വയസ്സുവരെ പ്രായമുള്ള ശരാശരി 25 കുട്ടികൾ വീതം ഓരോന്നിലുമുണ്ട്. 35 അംഗൻവാടികളിൽ സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ളവ 5 എണ്ണം മാത്രമാണ്. 5 എണ്ണത്തിലെ സ്വന്തം സ്ഥലത്തുള്ള കെട്ടിടം പണി പൂർത്തിയായിട്ടില്ല. സ്വന്തം സ്ഥലം മാത്രം ഉള്ള 2 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്ത അംഗൻവാടികളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. മിക്ക അംഗൻവാടികൾക്കും കുടിവെള്ളത്തിനുമുള്ള സൗകര്യം, കക്കൂസ്, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ, ഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങൾ എന്നിവ ഇല്ല. അംഗൻവാടി പ്രവർത്തകരുടെ വേതനവും വളരെ കുറവാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെങ്കിൽ മാത്രമെ പ്രീ - പ്രൈമറി വിദ്യഭ്യാസത്തിന്റെ ആദ്യപടി എന്ന നിലയ്ക്കുള്ള കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചാകേന്ദ്രങ്ങളായി അംഗൻവാടികൾക്ക് മാറുവാൻ കഴിയുകയുള്ളു.

## നിർദ്ദേശങ്ങൾ

1. അംഗൻവാടികളെ വനിതകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുള്ള സാമൂഹിക സാംസ്കാരിക കേന്ദ്രങ്ങളാക്കി മാറ്റണം.
2. ബഹുജന സന്നദ്ധ സംഘടനകൾ, മഹിളാ സമാജങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഓരോ അംഗൻവാടിക്കും ഓരോ വികസന സമിതി രൂപീകരിക്കരണം.
3. മൂന്നുമാസത്തിലൊരിക്കൽ ഡോക്ടർമാർ അംഗനവാടികൾ സന്ദർശിച്ച് കുട്ടികളെയും അമ്മമാരെയും പരിശോധിക്കണം.
4. 10-ാം വാർഡിൽ അനുവദിച്ച അത്താണി പറമ്പ് അംഗൻവാടി പ്രവർത്തനം തുടങ്ങുകയും മേലപുറത്ത് കഴിഞ്ഞ 17 വർഷമായി പ്രവർത്തിക്കുന്ന ബാലവാടി അംഗൻവാടി മാറ്റുകയും ചെയ്യണം.

## പൊതുവിവരണം

പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഇപ്പോൾ 8 റേഷൻഷാപ്പുകളും ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ സംവിധാന രംഗത്ത് ഇവയുടെ പങ്ക് പ്രധാനപ്പെട്ടതാണ്. എല്ലാ നിത്യോപയോഗ സാധനങ്ങളും റേഷൻകടയിലൂടെയും മാവേലി സ്റ്റോറിലൂടെയും ലഭ്യമാക്കണം. ഇവയുടെ ഗുണമേൻമ ഉറപ്പുവരുത്തുകയും വേണം.

## അംഗണവാടികൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | അംഗണവാടിയുടെ പേര് | സ്വന്തമായി കെട്ടിടം ഉള്ളത് | കെട്ടിടം പണി പൂർത്തിയാക്കാനുള്ളത് | സ്വന്തം സ്ഥലം ഉള്ളത് | സ്വന്തം സ്ഥലവും കെട്ടിടവും ഇല്ലാത്തത് |
|---|---|---|---|---|---|---|
| 1 | 1 | നൊച്ചിപ്പുള്ളി | | ✓ | | |
| 2 | | കയ്യറ | | ✓ | | |
| 3 | | പുളിയംപുള്ളി | ✓ | | | |
| 4 | 2 | വാക്കിൽപറമ്പ് | | | ✓ | |
| 5 | | താഴെ മുരളി | ✓ | | | |
| 6 | | മണ്ണാംതറ | | | | ✓ |
| 7 | 3 | നായാടി കോളനി | | | | ✓ |
| 8 | | കവളംപാറ | | | | ✓ |
| 9 | | ഓട്ടൂക്കല്ലക്കാത് | | | | ✓ |
| 10 | 4 | മേലെമുരളി | ✓ | | | |
| 11 | | പൂച്ചിറ | | | | ✓ |
| 12 | | ലക്ഷംവീട് | | | | ✓ |
| 13 | | പാങ്ങൽ | | | | ✓ |
| 14 | 5 | കൂത്താംപുഴ | | | | ✓ |
| 15 | | മാങ്ങോട് | | | | ✓ |
| 16 | 6 | പടധോണി | | ✓ | | |
| 17 | | വെണ്ണക്കര | | ✓ | | |
| 18 | | തെക്കെപ്പറമ്പ് | | | | ✓ |
| 19 | | പയ്യൽ | | | | ✓ |
| 20 | 7 | ചൂഴിയാംപാറ | | ✓ | | |
| 21 | | കിഴക്കേപൊളയം | | | | ✓ |
| 22 | | പാറലോടി | | | | ✓ |
| 23 | | പാലയ്ക്കാപറമ്പ് | | | | ✓ |
| 24 | 8 | മാഹാളി | ✓ | | | |
| 25 | | കൊടിയംകോട് | | | | ✓ |
| 26 | | പന്നിയംപാടം | | | | ✓ |
| 27 | 9 | ഇരുപ്പശ്ശേരി | | | | ✓ |
| 28 | | പൊട്ടക്കുളം | | | | ✓ |
| 29 | 10 | കോട്ടാംപാടം | | | | ✓ |
| 30 | 11 | കഴുപറമ്പ് | | | ✓ | |
| 31 | 12 | വാർക്കാട് | | | | ✓ |
| 32 | | വാളേക്കാട് | | | | ✓ |
| 33 | | കുളക്കണ്ടത്തൈപൊറ്റ | ✓ | | | |
| 34 | | ധോണി | | | | ✓ |
| 35 | | കല്ലംപറമ്പ് | | | | ✓ |
| | | ആകെ | 5 | 5 | 2 | 23 |

## പെൻഷൻ ഗുണഭോക്താക്കൾ

| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | |
|---|---|---|---|---|---|---|---|---|
| പുതുപ്പരിയാരം 1 | 11 | 61 | 13 | 23 | – | 1 | 224 | |
| " " 2 | 54 | 116 | 75 | 38 | 1 | 1 | 276 | |
| ആകെ | 65 | 177 | 88 | 61 | 1 | 2 | 500 | |

മേടുരുകുന്ന മേടച്ചൂട്
പാലക്കാടൻ ഗ്രാമങ്ങളെ
എരിപൊരി കൊള്ളിക്കുമ്പോൾ
മറ്റു ഗ്രാമങ്ങളെപ്പോലെ
ഇവിടേയും വയലേലകളിൽ
വേല ചെയ്യുന്നവരുടെ
ഉത്സവരാവുകൾ
ആരംഭിക്കുകയായി..
ജാതിമതഭേദമെന്യേ
ഇതെല്ലാം എല്ലാ വിഭാഗം
ജനങ്ങളുടേയും ഉത്സവ-
ങ്ങളായി മാറുന്നു..........



# സംസ്കാരം

# സംസ്ക്കാരം

**പാ**രമ്പര്യത്തിന്റെ ഉദാത്തമൂല്യങ്ങളിൽ നിന്ന് ഊറിക്കൂടുന്ന ചൈതന്യമാണ് സംസ്ക്കാരം.

മാനസിക വ്യാപാരങ്ങൾക്ക് ഭൗതികമായ പരിതസ്ഥിതികളിൽ നിന്ന് വേറിട്ട സ്വതന്ത്രമായ ഒരു നിലനിൽപ്പില്ലാത്തതിനാൽ കലാസംസ്ക്കാരം, തത്വജ്ഞാനം, സാമൂഹ്യ - രാഷ്ട്രീയ ദർശനങ്ങൾ, ആശയങ്ങൾ ഇവയെല്ലാം ഭൗതിക പരിതസ്ഥിതികളുടെ പ്രതിഫലനങ്ങൾ തന്നെയാണെന്ന് മഹാൻമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ ?

ഭൗതിക പരിതസ്ഥിതികൾ അനുദിനം മാറ്റമുള്ളതാണുതാനും, അതുകൊണ്ടു തന്നെ കലയിലും സംസ്ക്കാരത്തിലും കാലത്തിന്റെ- സാമൂഹ്യ വ്യവസ്ഥിതിയുടെ വിരൽപ്പാട് കാണാം.

നിരവധി സാംസ്ക്കാരിക പ്രവർത്തനങ്ങളെ ഉൾക്കൊണ്ട് സർഗാത്മകമായി വികസിച്ച ഒരു പാരമ്പര്യത്തിന്റെ ഭാഗമാണ് നമ്മളും.

കാവുകൾ, ക്ഷേത്രങ്ങൾ, കോവിലുകൾ എന്നൊക്കെ പറയുമ്പോൾത്തന്നെ ഈ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് വളർന്നുവന്ന ഒരു സാംസ്ക്കാരികപൈതൃകം ഇവിടെയുണ്ട്.

മേടുരുകുന്ന മേടച്ചൂട് പാലക്കാടൻ ഗ്രാമങ്ങളെ എരിപൊരി കൊള്ളിക്കുമ്പോൾ മറ്റുഗ്രാമങ്ങളെപ്പോലെ ഇവിടെയും വയലേലകളിൽ വേലചെയ്യുന്നവരുടെ ഉത്സവ രാവുകൾ ആരംഭിക്കുകയായി. ഹൈന്ദവ ആരാധനാലയങ്ങളെ കേന്ദ്രമാക്കിയാണ് വിവിധങ്ങളായ വേലകളും കുമ്മാട്ടികളും ആഘോഷിക്കപ്പെടുന്നതെങ്കിലും ജാതിമത ഭേദമെന്യേ ഇതെല്ലാം എല്ലാവിഭാഗം ജനങ്ങളുടേയും ഉത്സവങ്ങളായി മാറുന്നു.

> **നിരവധി സാംസ്ക്കാരിക പ്രവർത്തനങ്ങളെ ഉൾക്കൊണ്ട് സർഗാത്മകമായി വികസിച്ച ഒരു പാരമ്പര്യത്തിന്റെ ഭാഗമാണ് നമ്മളും.**

ഭൂവുടമാബന്ധങ്ങളിൽ മാറ്റം വന്നതോടുകൂടി മുടങ്ങിക്കിടന്ന ഉത്സവങ്ങൾ കൂടുതൽ ജനകീയ പങ്കാളിത്തത്തോടെ നടത്തപ്പെട്ടു തുടങ്ങി.

സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബുകൾ, അങ്ങിങ്ങായി രൂപപ്പെടുന്നുണ്ടെങ്കിലും പല കാരണങ്ങളാൽ കലാപ്രവർത്തനങ്ങളെക്കാൾ കായിക മത്സരമേഖലകളിലാണ് മുൻതൂക്കം കാണുന്നത്. അത്താണിപ്പറമ്പ്, മുരളി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പുതുപ്പരിയാരം, മുട്ടിക്കുളങ്ങര, വാർക്കാട്, വാളേക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ മേൽപ്പറഞ്ഞരീതിയിലുള്ള കലാ - കായികസമിതികൾ പ്രവർത്തുക്കുന്നു.

ഉദാരങ്ങളായ ആശയങ്ങളും ഉദാത്തങ്ങളായ വൈകാരിക മൂല്യങ്ങളും ചികഞ്ഞെടുക്കുന്ന കല ഒരു സമൂഹത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നു. അതുകൊണ്ട് തന്നെ കലാ സമിതികളും അവയുടെ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കപ്പെടണം. ഇതിന് ക്ഷേത്രോത്സവങ്ങളിൽ കാണുന്നത് പോലുള്ള ജനകീയ പങ്കാളിത്തമുണ്ടാക്കണം.

ആധുനിക ജീവിത സാഹചര്യങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റവും നമ്മുടെ സാംസ്ക്കാരിക കൂട്ടായ്മയ്ക്കൊക്കെ അല്പം തടസം സൃഷ്ടിക്കുന്നുണ്ട്. ഗ്രന്ഥാലയങ്ങളുടേയും വായനശാല കളുടെയും നാടൻ കലാസമിതികളുടേയും പ്രവർത്ത നത്തെ പലപ്പോഴും ഇത് പ്രതികൂലമായി ബാധിക്കുന്നു.

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ച വൈജ്ഞാനിക - സാംസ്ക്കാരിക മേഖലക്കും മെച്ചപ്പെട്ട ജീവിതത്തിനും പ്രയോജനപ്പെടുത്താൻ കഴിയണം. ജൻമി നാടുവാഴിത്തത്തിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന സാമൂഹ്യഘടനയുടെ ഭാഗമായുള്ള

തറകളും ദേശങ്ങളും അതേഘടനയിൽ ഇന്ന് നിലനിൽത്താനാവില്ലല്ലോ ?

സമീപത്തുള്ള റെയിൽവെ ഡിവിഷണൽ ഓഫീസ് മറ്റ് കേന്ദ്ര - സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ - ആധുനിക വ്യവസായങ്ങളിലെ സാമാന്യ വരുമാനമുള്ള തൊഴിലാളികൾ എന്നിവരൊക്കെ ഇവിടെ സ്ഥിരതാമസമാവുമ്പോൾ "പുത്തൻ നഗറുകൾ" രൂപമെടുക്കുന്നു. ഇതോടെ ചെറിയ പ്രദേശങ്ങളുടെ സ്ഥലനാമങ്ങളിലും മാറ്റം വരുന്നു.

തൊഴിലിൻെറ അടിസ്ഥാനത്തിലുള്ള ജാതി - ഉപജാതി വിഭജനങ്ങളും അവർ കൂട്ടായി താമസിക്കുകയും ചെയ്യുന്ന സ്ഥലങ്ങളെ സമുദായ പ്പേരുചേർത്തിയുള്ള തറകളായാണ് അറിയപ്പെട്ടിരുന്നത്.

ദേശത്തിലെ എല്ലാ സാമൂഹ്യചടങ്ങുകൾക്കും വിവിധ സമുദായങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്വങ്ങളും അവകാശങ്ങളും ഉണ്ടായിരുന്നു.

തെലുങ്കിനോട് സാദൃശ്യമുള്ള ഭാഷ സംസാരിക്കുന്ന ഒരു വിഭാഗമാണ് 'നായ്ക്കൻ' സമുദായത്തിൽപ്പെട്ടവർ ആചാര - വിചാരങ്ങളിലൊന്നും തനിമയില്ലാത്തതുകൊണ്ട് പ്രത്യേകതകൾ വാമൊഴിയിൽ മാത്രമെയുള്ളു. തലമുറകളിലൂടെ ഇത് സമുദായത്തിൽ പടർന്ന് പിടിച്ചു നിൽക്കുന്നു. ഇഷ്ടികനിർമാണമേഖലയിൽ തൊഴിലെടുത്തു ജീവിക്കുന്നവരാണ് ഇവരിലധികം പേരും. സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണിവർ.

പത്തു പന്ത്രണ്ടു വായനശാലകൾ പലേടത്തുമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേഷനുള്ള ഒരു ഗ്രന്ഥാലയമെ പഞ്ചായത്തിലുള്ളു. - ദേശീയ റീഡിംഗ്റൂം ലൈബ്രറി മൂന്നു പതിറ്റാണ്ടു പിന്നിട്ട ഈ സ്ഥാപനം പഞ്ചായത്തിലെ സാംസ്ക്കാരിക കേന്ദ്രം തന്നെയാണ്. നാലായിരത്തി ഇരുന്നൂറോളം പുസ്തകങ്ങളുണ്ടിവിടെ. ഏഴ് ദിനപത്രങ്ങളും നിരവധി ആനുകാലികങ്ങളും ഇവിടെ വരുന്നു.

'വായന മുരടിക്കുന്നു' എന്ന വാദം നിരർത്ഥകമാണെന്ന് ഈ ഗ്രന്ഥാലയം തെളിയിക്കുന്നു. പാലക്കാട് ജില്ലക്ക് സംസ്ഥാന ഗ്രന്ഥശാല സംഘം അനുവദിച്ച 'ബുക്ക് ബാങ്ക്' ഏറെക്കാലം ഇവിടെയാണ് പ്രവർത്തിചിരുന്നത്. ഗ്രന്ഥാലയത്തോടനുബന്ധിച്ച്'ജനവിദ്യാകേന്ദ്രവും' പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനത്തിൽ മാതൃകാ പരമായ പ്രവർത്തനം ഈ ഗ്രന്ഥാലയത്തിൻെറ നേതൃത്വത്തിൽ നടന്നിരുന്നു. വർത്തമാന കാല സംഭവങ്ങളിൽ പ്രതികരിക്കുന്ന സമീപനം ഇതിൻെറ പ്രവർത്തകർക്കുണ്ട്.

സംസ്ഥാനത്തെ പ്രമുഖ സാംസ്ക്കാരിക നായകൻമാർ പലഘട്ടങ്ങളിലായി ഇവിടം സന്ദർശിച്ചിട്ടുണ്ട്.

കുറെകൂടി ആളുകൾക്ക് ഇരുന്ന് വായിക്കാനും റഫറൻസ് ഗ്രന്ഥങ്ങൾ ഉൾപ്പടെയുള്ള പുസ്തകശേഖരം വർദ്ധിപ്പിക്കുവാനും ശ്രമിക്കേണ്ടതുണ്ട്. മുമ്പ് നടപ്പിലാക്കിയിരുന്നത് പോലുള്ള പുസ്തക വിതരണ പദ്ധതി വ്യാപകമായി നടപ്പാക്കണം. ഗ്രന്ഥശേഖരങ്ങളില്ലാത്ത വായനശാലകളുമായി സഹകരിച്ച് അവർക്ക് പുസ്തകം നൽകി, അത്തരം വായനശാലകൾ കേന്ദ്രമാക്കി പുസ്തക വിതരണം നടത്തി വായന വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

സംസ്ഥാന ഗ്രന്ഥശാലാ സംഘം വായനാ സർവേ നടത്താൻ തീരുമാനിച്ചതിൻെറ നാലുവർഷം മുമ്പ് 'വായനസർവേ' നടത്തിയ പ്രവർത്തകർ ഇവിടെയുണ്ട്. സ്വയം പ്രവർത്തിക്കുന്ന ഇത്തരം പ്രസ്ഥാനങ്ങളെ എല്ലാ നിലവാരത്തിലും സഹായിക്കുന്നതിന് പ്രാദേശിക ഭരണത്തിന് കഴിയണം.

ഇന്ന് ലൈബ്രറികൾക്ക് സൗജന്യമായി ഏതാനും പത്രം അനുവദിക്കുന്നതിലും വർഷത്തിൽ ഒരിക്കൽ നടത്തുന്ന ചട്ടപ്പിടിയുള്ള കേരളോത്സവത്തിലും ഒതുങ്ങിനിൽക്കുന്നു പഞ്ചായത്തിൻെറ സാംകാരിക മേഖലയിലെ പ്രവർത്തനം ഈ സമ്പ്രദായം പാടെ മാറ്റി സാംസ്ക്കാരിക മേഖല സജീവമാക്കണം. "വിജ്ഞാനം വികസനത്തിന്" എന്ന ഗ്രന്ഥശാലാ സംഘത്തിൻെറ മുദ്രാവാക്യം പ്രാവർത്തികമാക്കാൻ ഇതാ സന്ദർഭം വന്നിരിക്കുന്നു.

മനുഷ്യമനസുകളിൽ അടിഞ്ഞുകൂടുന്ന എല്ലാ അഴുക്കുകളും കഴുകിക്കളയാൻ നമ്മുടെ സാംസ്ക്കാരിക പ്രസ്ഥാനം ശക്തമാക്കണം.

ഏതെങ്കിലും പ്രത്യേക സന്ദർഭത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഒരു വായനശാലയോ കലാസമിതിയോ രൂപാകൊള്ളുന്നത് സാധാരണയാണ്. അവയ്ക്ക് സംഘടിതമായ ഒരു രൂപം ഉണ്ടാക്കുകയാണ് സാംസ്ക്കാരിക മേഖലയിലെ മുഖ്യ കടമ. എന്തെങ്കിലും കാരണവശാൽ മുൻകയ്യെടുത്ത് പ്രവർത്തിക്കുന്നവരുടെ ഒഴിഞ്ഞുമാറ്റം പലപ്പോഴും സംഘടനയുടെ പ്രവർത്തനങ്ങളെ തളർത്തും. നല്ലനിലയിൽ എഴുപതുകളിൽ പ്രവർത്തിച്ചിരുന്ന മുട്ടിക്കുളങ്ങര ഭാരത് സ്പോർട്സ് ക്ലബ് ലൈബ്രറി ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷനുള്ള ഒരു

വായനശാലയായിരുന്നു. അതിൻെറ എല്ലാ പ്രവർത്തനങ്ങൾക്കും ബഹുജന സഹകരണമുണ്ടായിരുന്നു. മുഖ്യപ്രവർത്തകരുടെ ശ്രദ്ധ മറ്റു വഴിക്ക് തിരിഞ്ഞപ്പോൾ ലൈബ്രറിയാകെ തന്നെ തളർന്നു. പുസ്തകം പലേടത്തായി ചിതറിപ്പോയി. ഇത്തരം സംഭവങ്ങൾ ഉണ്ടായികൂടാത്തതാണ്.

നമ്മുടെ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന മൺമറഞ്ഞ സാംസ്ക്കാരിക പ്രവർത്തകരുടെ നിത്യസ്മരണ നിലനിർത്താൻ നമുക്ക് ബാദ്ധ്യതയുണ്ട്. അത് നിർവഹിക്കാൻ നമുക്കു കഴിയണം.

ജൻമി കുടിയാൻ ബന്ധങ്ങളുടെ അനിവാര്യമായ തകർച്ചക്കു ശേഷം രൂപം കൊള്ളുന്ന സംസ്ക്കാരം തികച്ചും മനുഷ്യസ്നേഹത്തിലധിഷ്ടിതമാവണം. തൊഴിലെടുക്കുന്നവന് ഉണ്ടാക്കിയെടുക്കുന്ന, സംസ്ക്കാരം തീർച്ചയായും മാനവികതയുടെ ഉയർന്ന രൂപമാവാനേ തരമുള്ളു.

അവരവർ ചെയ്യേണ്ടതും
അവരവർക്കു ചെയ്യാൻ കഴിയുന്നതുമായ
കാര്യങ്ങൾ അവരവർ തന്നെ ചെയ്യണം.
അതിന് മറ്റുള്ളവരുടെ സഹായം തേടുന്നത്
ആത്മവിശ്വാസം നശിപ്പിക്കും.
അത്തരക്കാർക്ക് എന്നും അന്യരുടെ സഹായത്തെത്തന്നെ
ആശ്രയിക്കേണ്ടിവരും.

**എബ്രഹാം ലിങ്കൺ**

മുൻകാലങ്ങളെ
അപേക്ഷിച്ച് വിദ്യാഭ്യാസ
കാര്യത്തിൽ സ്ത്രീകൾ
മുന്നോട്ടു പോയിട്ടുണ്ട്.
ഉത്സവങ്ങളിലും ആഘോഷങ്ങളിലും
വനിതകളുടെ പങ്കാളിത്തം



എറെയാണെങ്കിലും സാമൂഹ്യ
രാഷ്ട്രീയ വികസന പ്രവർത്തന
ങ്ങളിൽ അവരുടെ പങ്ക്
വളരെ കുറവാണ്

# വനിത

# 5-9
# വനിത

കേരളത്തിന്റെ വികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് വികസന പ്രക്രിയിയിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്ത മാണ്. ആകെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് നേരിടേണ്ടിവരുന്നകടുത്ത ചൂഷണവും യാതനകളും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഒരു സമൂഹത്തിനും മുന്നോട്ടുപോവുക സാധ്യമല്ല. ഇത് മാറികടക്കണമെങ്കിൽ സ്ത്രീകളുടെ സാമൂഹിക പദവിയ്ക്കെതിരായി നിലനിൽക്കുന്ന ഘടകങ്ങളേ തിരിച്ചറിയുകയും അവ പരിഹരിക്കുന്നതിനുള്ള പരി പാടികൾ ആവിഷ്ക്കരിക്കുകയും വേണം.

നമ്മുടെ സാമൂഹ്യ ജീവിതത്തിൽ സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ ഉൽപാദന മണ്ഡലങ്ങളിലെ എല്ലാ രംഗങ്ങളിലും പുരുഷനോടൊപ്പം അവസരസമത്വം സ്ത്രീകൾക്ക് ലഭിക്കുന്നില്ല എന്നു കാണാം. വിദ്യാഭ്യാസ ത്തിന്റെയും സാംസ്ക്കാരിക നിലവാരത്തിന്റെയും കാര്യത്തിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളേ അപേക്ഷിച്ച് ബഹുദൂരം മുന്നിൽ നിൽക്കുന്ന കേരളത്തിൽ പോലും സ്ത്രീക്ക് അനുഭവിക്കേണ്ടി വരുന്ന വിവേചനം വേണ്ടത്ര ചർച്ചാവിഷയമ ാവുന്നില്ല. സ്ത്രീകളുടെ പ്രശ്നങ്ങളേ അവഗണിച്ചു കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് സമൂഹ ത്തിൽ ഗണനീയമായ യാതൊരു മാറ്റവും ഉണ്ടാക്കാൻ കഴിയില്ല.

1991 - ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ 16,244 സ്ത്രീകളും 15,672 പുരുഷൻമാരുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലുള്ള നമ്മുടെ പഞ്ചായത്തിലെ തൊഴിൽ പങ്കാളിത്ത നിരക്കിന്റെ കാര്യത്തിൽ സ്ത്രീകൾ വളരെ പിന്നിലാണ്. പുരുഷൻ മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 48.23 ശതമാന മാകുമ്പോൾ സ്ത്രീകളുടേത് 20.09 ശതമാനം മാത്രമാണ്. സാക്ഷരതയുടെ കാര്യത്തിലും സ്ത്രീകൾ പിന്നിലാണ്. പുരുഷൻമാരുടെ സാക്ഷരതാ നിരക്ക് 79.29 ശതമാനവും സ്ത്രീകളുടേത് 67.62 ശതമാനവു മാണ്.

മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യഭ്യാസ കാര്യങ്ങളിൽ സ്ത്രീകൾ മുന്നോട്ടു പോയിട്ടുണ്ട്. പഞ്ചായത്തിലെ 8 സ്ക്കൂളുകളിലായി പഠിക്കുന്ന 4192 കുട്ടികളിൽ 2119 ആൺകുട്ടികളും 2073 പെൺകുട്ടികളുമാണ്. പെൺകുട്ടികളിൽ 350 കുട്ടികൾ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപെട്ടവരാണ്. അധ്യാപകരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്.

കർഷകതൊഴിൽ മേഖല ഒഴിച്ച് നിറുത്തി യാൽ മറ്റ് തൊഴിൽ മേഖലകളിലെല്ലാം സ്ത്രീകൾ വളരെ പിന്നിലാണെന്നു കാണാം. ആകെയുള്ള 3289 കർഷകതൊഴിലാളികളിൽ 1813 പേരും സ്ത്രീ കളാണ്.

ഉൽസവങ്ങളിലും ആഘോഷങ്ങളിലും വനിതകളുടെ പങ്കാളിത്തം ഏറെയാണെങ്കിലും സാമൂഹ്യ രാഷ്ട്രീയ വികസന പ്രവർത്തനങ്ങളിൽ അവരുടെ പങ്ക് വളരെ കുറവാണ്.

നമ്മുടെ പഞ്ചായത്തിൽ മഹിളാ സമാജ ങ്ങളുടെ പ്രവർത്തനം വ്യാപകമല്ല. സജീവമായി പ്രവർത്തിക്കുന്ന ചുരുക്കം ചിലവ ഇപ്പോൾ ഉണ്ട്. സ്ത്രീകളെ നേതൃത്വ നിരയിലേക്ക് കൊണ്ടുവരുന്ന തിനും പൊതുരംഗത്തുള്ള അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും രാഷ്ട്രീയ സാംസ്ക്കാരിക സംഘടനകൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തണം.

സ്ക്കൂൾ വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടി കളുടെ പങ്കാളിത്തം വർദ്ധിക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവരുടെ എണ്ണം വളരെ കുറവാണ്. ബോധപൂർവമായ ഇടപെടൽ ഈ രംഗത്ത് ആവശ്യമാണ്. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയബോധ നിലവാരം കുറവായതിനാൽ അന്ധ വിശ്വാസങ്ങളും അനാചാര ങ്ങളും സ്ത്രീകൾക്കിടയിൽ കൂടുതലാണ്. ബോധ വൽക്കരണ പ്രവർത്തനങ്ങൾ ഈ രംഗത്ത് ആവശ്യമാണ്.

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾ ക്കിടയിലെ ഏറ്റവും വലിയ പ്രശ്നമാണ്. കാർഷിക ഗ്രാമമായ പഞ്ചായത്തിലെ സ്ത്രീകൾ മുഖ്യമായും ഏർപ്പെട്ടിരിക്കുന്നത് കൃഷിപണിയിലായിരുന്നു.

പാടശേഖരങ്ങൾ നികത്തപ്പെടുന്നതു മൂലവും കാർഷികമേഖലയിലെ മുരടിപ്പ്, കൂലികുറവ് എന്നീ കാരണങ്ങളാൽ സ്ത്രീകൾ ഇന്ന് കാർഷികരംഗത്തു നിന്ന് പിൻമാറികൊണ്ടിരിക്കുന്നു.

എല്ലാ തൊഴിൽ മേഖലകളിലും വനിതകളുടെ എണ്ണം താരതമ്യേന വളരെ കുറവാണ്. പെൺകുട്ടികൾക്ക് അനുയോജ്യമായ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ തൊഴിലധിഷ്ഠിത കോഴ്സുകളുള്ള വിദ്യാലയങ്ങളോ പഞ്ചായത്തിലില്ല.

കൃഷിക്ക് വളരെ പ്രാധാന്യമുള്ള പഞ്ചായത്തായതിനാൽ കാർഷികമേഖലയിൽ സ്ത്രീകൾക്ക് വൻ തൊഴിൽ സാധ്യത ഉണ്ട്. ഈ മേഖലയിൽ നിന്ന് ജോലി സ്ഥിരത കുറഞ്ഞതും, യാത്രയും മറ്റും ആവശ്യമായി വരുന്നതുമായ മറ്റ് മേഖലകളിലേക്ക് ചേക്കേറാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്നത് അനാകർഷകമായ കൂലിവ്യവസ്ഥയാണ്. കാർഷിക മേഖലയിൽ പൊതുവായി കാണുന്ന മുരടിപ്പും ഇതിനു കാരണമാണ്. ഈ പ്രശ്നങ്ങൾ വേണ്ടതുപോലെ പഠിച്ച് പരിഹാരം കണ്ടാൽ സ്ത്രീകളെ കാർഷിക മേഖലയിലേക്ക് വീണ്ടും ആകർഷിക്കുവാൻ കഴിയും. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരും കൃഷി പരിചയമുള്ളവരും പ്രവർത്തന സന്നദ്ധരുമായ സ്ത്രീകളെ ഉൾപ്പെടുത്തികൊണ്ട് നൂതന കൃഷി പദ്ധതികൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്യാൻ കഴിയും. പച്ചക്കറി കൃഷി, ഔഷധസസ്യകൃഷി,. ഉദ്യാനകൃഷി. തുടങ്ങി നിരവധി പദ്ധതികൾക്കം പഞ്ചായത്തിൽ സാധ്യതയുണ്ട്.

ഭക്ഷ്യസംസ്ക്കരണം, കാർഷികോത്പ്പന്ന സംസ്ക്കരണം എന്നിവയിൽ പരിശീലനം നൽകണം. അച്ചാർ, ജാം, സ്കാഷ്, തുടങ്ങിയവ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാൻ കഴിയണം. ടെയ്ലറിംഗ്, എംബ്രോയ്ഡറി എന്നിവയിൽ വൈദഗ്ദ്ധ്യം നേടിയ സ്ത്രീകളെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണകേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കുവാനുള്ള സാധ്യതകൾ പഞ്ചായത്തിൽ ഉണ്ട്.

പരമ്പരാഗതമായി മുറം, പരമ്പ് നിർമ്മാണം വട്ടിനിർമ്മാണം എന്നിവയിൽ പ്രാവീണ്യമുള്ള സ്ത്രീകൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് സംഘടിതമായി തൊഴിലിൽ ഏർപ്പെടാനുതകും വിധം വ്യവസായ കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

പഞ്ചായത്തിലെ മാതൃ ശിശുമരണ നിരക്കുകൾ സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ആരോഗ്യ പിരാപലനരംഗത്ത് സ്ത്രീകൾ വളരെ പിന്നോക്കമാണ്. അംഗനവാടികളിലെയും സ്ക്കൂളുകളിലെയും മാതൃസംഘടനകളെ കേന്ദ്രീകരിച്ച് ആരോഗ്യക്ലാസുകൾ ഉൾപ്പെടെയുള്ള ബോധവൽകരണ പ്രവർത്തനം നടത്താൻ കഴിയണം.

പഞ്ചായത്തിലെ എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചാൽ സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനും ഇന്ധനലാഭത്തിനും ഉറപ്പു വരുത്തുവാൻ കഴിയും.

## നിർദ്ദേശങ്ങൾ

1. അംഗനവാടികൾ വനിതകളുടെ സാംസ്ക്കാരിക കേന്ദ്രങ്ങളാക്കി മാറ്റണം. സ്ത്രീകൾക്ക് ഒന്നിച്ചിരിക്കാനും അവരുടെ പ്രശ്നങ്ങൾസ്വതന്ത്ര്യമായി ചർച്ചചെയ്യാനുള്ള പൊതുവേദിയായി അവയെ മാറ്റണം.

2. മദ്യം, മയക്കുമരുന്ന്, സ്ത്രീധനം, വിവാഹ ധൂർത്ത്, സ്ത്രീപീഡനം എന്നിവയ്ക്കെതിരെ വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ മഹിളാ സമാജങ്ങൾ, മഹിളാ പ്രസ്ഥാനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ഉണ്ടാവേണ്ടതാണ്.

3. തുടർ സാക്ഷരത പ്രവർത്തനം ആസൂത്രണം ചെയ്ത് കൂടുതൽ വായനയിലേക്കും വിജ്ഞാന സമ്പാദനത്തിലേക്കും ശുചിത്വ ബോധത്തിലേക്കും നയിക്കണം.

4. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കൂടുതൽ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം. പച്ചക്കറികൃഷി, ആടുമാടു വളർത്തൽ, കോഴിവളർത്തൽ ഇവയൊക്കെ ഏറ്റെടുത്തു നടത്തുവാൻ സന്നദ്ധരാവുന്ന സ്ത്രീകൾക്ക് വേണ്ട ശാസ്ത്രീയ നിർദ്ദേശങ്ങൾ ലഭ്യമാക്കണം.

5. DWCRA യുടെ ആഭിമുഖ്യത്തിൽ കൂടുതൽ പദ്ധതികൾ പഞ്ചായത്തിൽ ആരംഭിക്കുകയും വനിതകൾക്ക് അതിൻെറ നടത്തിപ്പിൽ വേണ്ട ബോധവൽക്കരണം നടത്തുകയും വേണം.

# 5-10
# സഹകരണം

ഒന്നരനൂറ്റാണ്ടിലെറെ പഴക്കമുള്ള സഹകരണപ്രസ്ഥാനം അടിസ്ഥാനപരമായിത്തന്നെ ജനകീയമാണ്. ജനങ്ങളിൽ നിന്നുയർന്നുവരുന്ന പ്രശ്നങ്ങൾക്ക് അവർ തന്നെ സംഘടിതമായി ചേർന്ന് പ്രശ്ന പരിഹാരവും കണ്ടെത്തുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. സഹകരണരംഗത്ത് കേരളം ഇന്ത്യക്ക് മാതൃകയാണ്. 1969 - ൽ പാസ്സാക്കിയ കേരളാ കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിനു വിധേയമായമാണ് കേരളത്തിൽ ഇന്ന് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. വായ്പാ, വായ്പേതര മേഖലകളിൽ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ വായ്പാമേഖലയാണ് കേരളത്തിൽ ശക്തമായത്. കട ബാദ്ധ്യതയിൽ നിന്നും കർഷകസമൂഹത്തെ സംരക്ഷിക്കുക എന്ന പ്രാഥമിക ചുമതലയാണ് വായ്പാ മേഖലയിൽ കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൽ നിക്ഷിപ്തമായിട്ടുള്ളത്.

പുതുപ്പരിയാരം പഞ്ചായത്തിൽ 1951 - ൽ രജിസ്റ്റർ ചെയ്ത വള്ളിക്കോട് വിവിധോദ്ദേശ സഹകരണസംഘവും പുതുപ്പരിയാരത്ത് രൂപം കൊടുത്ത വിവിധോദ്ദേശ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. കേരളത്തിന്റെ ഒരു പൊതു സ്ഥിതിയോടൊപ്പം സഹകരണ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ വളർന്നിട്ടില്ല. എന്നിരുന്നാലും സഹകരണ പ്രസ്ഥാനം വളർന്നു വികസിക്കാനുള്ള എല്ലാ സാദ്ധ്യതകളും പഞ്ചായത്തിൽ നിലനിൽക്കുന്നു. പഞ്ചായത്തിൽ ഇന്ന് 13 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഇതിൽ 3 എണ്ണം ക്ഷീര സഹകരണസംഘങ്ങളാണ്. ഏറ്റവും പഴക്കം ചെന്ന 2 സഹകരണ സംഘങ്ങൾ വ്യവസായ മേഖലയിലുണ്ട്. പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങളിലൊന്നായ ഫുഡ്കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് 2 സഹകരണസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുട്ടിക്കുളങ്ങര, വള്ളിക്കോട്, പുതുപ്പരിയാരം സ്ക്കൂളിലായി സഹകരണാടിസ്ഥാനത്തിൽ മൂന്ന് സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വനിതാക്ഷേമം മുൻനിറുത്തി 2 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യവസായമേഖലയിൽ തുടങ്ങിയ ആദ്യത്തേത് പലവിധ കാരണങ്ങൾകൊണ്ടും അടച്ചുപൂട്ടിയ നിലയിലാണ്. രണ്ടാമത്തേത് മെച്ചപ്പെട്ട രീതിയിലല്ല പ്രവർത്തിക്കുന്നത്.

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അഞ്ച് സഹകരണസംഘങ്ങളിൽ എടുത്തുപറയാവുന്നത് പുതുപ്പരിയാരം സർവ്വീസ് സഹകരണ ബാങ്കാണ്.

## പുതുപ്പരിയാരം സർവ്വീസ് സഹകരണബാങ്ക്.

വള്ളിക്കോട് വിവിധോദ്ദേശ സഹകരണ സംഘവും പുതുപ്പരിയാരം വിവിധോദ്ദേശ സഹകരണസംഘവും തമ്മിൽ 2-3-1951 ന് ഒന്നാക്കി രൂപം കൊണ്ട ബാങ്കാണിത്. 2-11-1951 ൽ സഹകരണ ബാങ്കിംഗ് സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചു. കടബാദ്ധ്യതയിൽ നിന്നും കർഷകരെ രക്ഷിക്കുക എന്നതായിരുന്നു ലക്ഷ്യം. ബാങ്കിന്റെ ആദ്യ പ്രസിഡണ്ട് അല്ലത്ത് ബാലൻമേനോൻ ആയിരുന്നു. ബാങ്കിന്റെ രൂപീകരണ മുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനും വളർച്ചയ്ക്കും വേണ്ടി സഹായിച്ച വ്യക്തിയാണ് പരുപ്പരിയാത്തുള്ള തങ്കപ്പൻ എന്ന നാരായണൻ. ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ 319 അംഗങ്ങളാണുണ്ടായിരുന്നത്. ഇന്ന് 7218 അംഗങ്ങളുണ്ട്. വിവിധ മേഖലകളിൽ ബാങ്കിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. അതുപോലെത്തന്നെ പുതുപ്പരിയാരത്തെ മുഴുവൻ സാമ്പത്തിക ഇടപാടിന്റേയും ഒരു മുഖ്യ കേന്ദ്രമായി ഇന്ന് ബാങ്ക് മാറിയിട്ടുണ്ട്. തുടക്കത്തിൽ 7 ഭരണസമിതി അംഗങ്ങളുണ്ടായിരുന്നത് ഇന്ന് 9 എണ്ണമായി വർദ്ധിച്ചിട്ടുണ്ട്. പത്തിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

## പുതുപ്പരിയാരം സർവ്വീസ് സഹകരണബാങ്ക് സംബന്ധിച്ച പ്രധാന വിവരങ്ങൾ താഴെകൊടുക്കുന്നു.

| 1. | പ്രവർത്തനപരിധി | പുതുപ്പരിയാരം പഞ്ചായത്ത് |
|---|---|---|
| 2. | ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | ക്രെഡിറ്റ് |
| 3. | പ്രവർത്തനം ആരംഭിച്ച വർഷം | 1951 |
| 4. | ആകെ അംഗങ്ങൾ | 7248 |
| 5. | ഒരു ഓഹരിയുടെ വില | 5/- രൂപ |
| 6. | അംഗീകൃത ഓഹരിമൂലധനം | 15 ലക്ഷം |
| 7. | പിരിഞ്ഞ്കിട്ടിയ ഓഹരിമൂലധനം | 8,75,485= 00 |
| 8. | സർക്കാർ ഓഹരി. | 2,73,734= 00 |
| 9. | സ്ഥാപനത്തിന്റെ "എസ്റ്റാബ്ളിഷ്" മെന്റ് ചെലവ് | 5,25,000 |
| 10. | കണ്ടിൽജൻസി ചെലവ് | |
| 11. | ബാങ്ക് നടത്തുന്ന സ്ഥാപനങ്ങൾ :- റേഷൻഷാപ്പ് കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ. | 1,14,000 |

## പുതുപ്പരിയാരം സർവ്വീസ് സഹകരണബാങ്കിലെ വായ്പ, നിക്ഷേപം സംബന്ധിച്ച വിവരങ്ങളുടെ പട്ടിക.

| പൊതുനിക്ഷേപം | | നൽകിയിട്ടുള്ള വായ്പകൾ | | | | |
|---|---|---|---|---|---|---|
| സ്ഥിരം | ഹ്രസ്വകാലം | കാർഷികം | | മറ്റിനം | | |
| | | ഗ്രൂപ്പ് ലോൺ | മദ്ധ്യകാലം | ഹ്രസ്വകാലം | സ്വർണ്ണപ്പണയം | മദ്ധ്യകാലം |
| 3 കോടി 15ലക്ഷം | 4.5 ലക്ഷം | 16 ലക്ഷം | 2 ലക്ഷം | 2 ലക്ഷം 15 ആയിരം | 1 കോടി 78ലക്ഷം | 5 ലക്ഷം അമ്പതിനായിരം |

## നൽകിയ വായ്പകൾ കാലാവധികഴിഞ്ഞ് കിട്ടാനുള്ളവ സംബന്ധിച്ച വിവരങ്ങൾ.

| കാർഷിക വായ്പ | | കാർഷികേതരവായ്പ | | |
|---|---|---|---|---|
| ഹ്രസ്വകാലം | മദ്ധ്യകാലം | ഹ്രസ്വകാലം | മദ്ധ്യകാലം | സർണ്ണപ്പണയം |
| 11ലക്ഷം | 1 ലക്ഷം | 1 ലക്ഷം | 2 ലക്ഷം | 22 ലക്ഷം |
| | 50 ആയിരം | 65 ആയിരം | 30 ആയിരം | 34 ആയിരം എഴുനൂറ്. |

## 2. മുട്ടിക്കുളങ്ങര വള്ളിക്കോട് ക്ഷീരസഹകരണ സംഘം

1985 ജനിവരി 25-ാം തീയതിയാണ് സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. പഞ്ചായത്തിലെ 8,7,11 വാർഡുകളിലായി ബന്ധപ്പെട്ടാണ് സൊസൈറ്റി പ്രധാനമായും പ്രവർത്തിക്കുന്നത് മുട്ടിക്കുളങ്ങര, വാർക്കാട് വള്ളിക്കോട്, തുടങ്ങിയ സ്ഥലങ്ങളിലെ നൂറോളം ക്ഷീരോൽപാദകരിൽ നിന്നും നിത്യേന 450 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. പുറത്തേക്ക് കൊടുക്കുന്ന 425 ലിറ്ററോളം പാലും 'മിൽമ' യാണ് വാങ്ങുന്നത്. 7 ഭരണസമിതി അംഗങ്ങളാണ് സംഘത്തെ നിയന്ത്രിക്കുന്നത്. 2 ജീവനക്കാരും പണിയെടുക്കുന്നുണ്ട്. ക്ഷീരോത്പാദകർക്ക് സംഘം മുഖേന കാലിത്തീറ്റയും വിതരണം ചെയ്യുന്നുണ്ട്. മുട്ടിക്കുളങ്ങരയിലെ സ്വന്തം കെട്ടിടത്തിലാണ് സംഘം പ്രവർത്തിക്കുന്നത്.

## 3. പുതുപ്പരിയാരം - തെക്കേപറമ്പ് ക്ഷീരസഹകരണസംഘം

1995 - ൽ ഒരു വാടകക്കെടിടത്തിലാണ് സംഘം പ്രവർത്തനമാരംഭിച്ചത്. ഏകദേശം 60 ഓളം ക്ഷീരോത്പാദകരിൽ നിന്നും നൂറ് ലിറ്ററോളം പാൽ സംഭരിക്കുന്നുണ്ട്. വെണ്ണക്കര, പുതുപ്പരിയാരം, എന്നീ പ്രദേശങ്ങൾ ബന്ധപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത്. സംഘത്തിന് സ്വന്തം കെട്ടിടം ഇന്നും ആയിട്ടില്ല.

### പുതുപ്പരിയാരം പഞ്ചായത്തിലെ ക്ഷീര സഹകരണസംഘങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. (ആപ്കോസ്)

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | മൊത്തം സംഭരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്ന പാൽ | പുറത്തേക്ക് അയക്കുന്ന പാൽ |
|---|---|---|---|---|
| 1. | മുട്ടിക്കുളങ്ങര, വള്ളിക്കോട് ക്ഷീര സഹകരണസംഘം (ആനന്ദ് മാതൃക) | 450 ലിറ്റർ | 25 ലിറ്റർ | 425 ലിറ്റർ |
| 2. | പുതുപ്പരിയാരം തെക്കേപ്പറമ്പ് ക്ഷീരസഹകരണസംഘം | 100 ലിറ്റർ | 10 ലിറ്റർ | 90 ലിറ്റർ |
| 3. | പുളിയംപുള്ളി ക്ഷീരസഹകരണസംഘം | - | - | - |

## പ്രശ്നങ്ങൾ

1. സഹകരണബാങ്കിലെ കാർഷിക കടങ്ങളുടെ വർദ്ധിച്ച പലിശ
2. ആവശ്യമായ സമയത്ത് വായ്പ ലഭിക്കാതിരിക്കൽ
3. കാർഷിക വായ്പക്കുള്ള ഭൂമിയുടെ ഉയർന്ന പരിധി.
4. സ്വകാര്യ പണമിടപാടുകാരുടെ അനിയന്ത്രിതമായ കടന്നുകയറ്റം.
5. വായ്പ തിരിച്ചടക്കാനുള്ള ഗുണഭോക്താവിന്റെ ശ്രദ്ധയില്ലായ്മയും കഴിവില്ലായ്മയും.
6. നിർദ്ദിഷ്ട ആവശ്യങ്ങൾ അവഗണിച്ചുകൊണ്ടുള്ള ഉപയോഗം.

## സാധ്യതകൾ

1. പഞ്ചായത്തിലെ വിവിധ വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് ക്ഷീര സഹകരണസംഘങ്ങൾക്ക് നല്ല സാദ്ധ്യതയുണ്ട്.
2. വസ്ത്രനിർമ്മാണവും, അവയുടെ വിതരണവും, പൊതുവിതരണകേന്ദ്രങ്ങളും സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്.
3. കൊപ്ര, പച്ചക്കറി, നാളികേരം, മുതലായവയ്ക്കായി സഹകരണാടിസ്ഥാനത്തിൽ സംഭരണ കേന്ദ്രം ആവശ്യമാണ്.
4. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി സഹകരണ സൊസൈറ്റി ആരംഭിക്കണം.

## ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദേശങ്ങൾ.

1. സഹകരണബാങ്കിന്റെ നഷ്ടം നികത്തുന്നതിന് നഷ്ടത്തിന് തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ, ഓഹരിമൂലധനമായോ അനുവദിക്കുക.
2. സഹകരണബാങ്കിന്റെ തിരിച്ചടയ്ക്കാത്ത വായ്പകൾ വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കുക.
3. സഹകരണ ബാങ്കിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
4. നിക്ഷേപസമാഹരണം വഴി ശേഖരിച്ച തുക ബാങ്കിനു കൂടുതൽ ലാഭകരമാകുന്ന വിധത്തിൽ ഉപഭോക്തൃ വായ്പ, സ്വർണ്ണപണയവായ്പ ഭവനിർമ്മാണ വായ്പ, എന്നിവ നൽകുന്നതിനായി നീക്കിവെയ്ക്കുക.
5. ഗ്രൂപ്പ് ഡെപ്പോസിറ്റ് പദ്ധതി പ്രാവർത്തികമാക്കുക.
6. ലാൻറ് രജിസ്റ്റർ തയ്യാറാക്കുക. അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ തുക തിട്ടപ്പെടുത്തുക.
7. വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പാ പദ്ധതി ആവശ്യം കണക്കിലെടുത്ത് ഉയർത്തുക.
8. കൃഷിക്കാരുടെ ഉത്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകുമ്പോൾ അവ സെക്യൂരിറ്റിയായി സ്വീകരിച്ച് ആവശ്യമായ വായ്പ അനുവദിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.
9. സഹകരണ ബാങ്കിന്റെ ശാഖകൾ മുട്ടിക്കുളങ്ങരയിലും കല്ലേക്കുളങ്ങരയിലും ഉടനെ ആരംഭിക്കുക.
10. സഹകരണബാങ്ക് മുഖേന കാലിത്തീറ്റ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുക.
11. കറവപ്പശുക്കൾ വാങ്ങിക്കുന്നതിന് കുറഞ്ഞ പലിശനിരക്കിൽ സഹകരണ ബാങ്ക് വായ്പ അനുവദിക്കുക.
12. തെയ്യാലം പറമ്പിൽ ക്ഷിര സഹകരണ സംഘത്തിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് സഹകരണബാങ്ക് സഹായം നൽകണം.
13. പഞ്ചായത്തിലെ 1,12, വാർഡുകൾ കേന്ദ്രീകരിച്ച് ക്ഷിരസഹകരണ സംഘങ്ങൾ രൂപീകരിക്കുക.
14. ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് പാൽ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

ഒരിക്കലും വീഴാതിരിക്കുന്നതിലല്ല,
വീഴുമ്പോഴെല്ലാം ചാടി എഴുന്നേൽക്കുന്നതിലാണ്
ഏറ്റവും മികച്ച മിടുക്ക്

**കൺഫ്യൂഷിയസ്**

# 5-11
# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. അയിത്തവും അടിമത്വവും ഉൾപ്പെടെയുള്ള നിരവധി സാമൂഹ്യ ആനാചാരങ്ങളും പീഢനങ്ങളും അനുഭവിച്ച് നിലനിൽപിനുവേണ്ടിയുള്ള പോരാട്ടത്തിലാണവർ.

ഭരണഘടനാനുസൃതമായി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ വർഷങ്ങളായി ലഭിച്ചുവരുന്നുണ്ടെങ്കിലും ഇന്നും അവർ മറ്റു വിഭാഗങ്ങളിൽ നിന്നും വളരെ പുറകിലാണ്. ഭൂമിയിലുള്ള അവകാശമാണ് ജനവിഭാഗത്തിന്റെ ജീവിതനിലവാരം നിർണ്ണയിക്കുന്നത്. ഈ കാര്യത്തിൽ പട്ടികജാതി വിഭാഗത്തിന്റെ സ്ഥിതി തീരെ മോശമാണ്. രണ്ടും മൂന്നും ഏക്രസ്ഥലം കൈവശമുള്ളവർ പോലും ജീവിക്കാൻ പാടുപെടുന്ന വർത്തമാനകാല പരിതസ്ഥിതിയിൽ ഇവരുടെ നില ഊഹിക്കാവുന്ന തേയുള്ളു.

ജനകീയ മുന്നേറ്റത്തിന്റെ ഫലമായി കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണത്തിലൂടെ നിരവധി അംഗങ്ങളുള്ള പട്ടികജാതി - പട്ടിക വർഗ്ഗ കുടുംബത്തിന് ലഭിച്ചത്. വിശേഷിച്ചും നമ്മുടെ പഞ്ചായത്തിൽ നാലുസെൻറും, അഞ്ചുസെൻറും, ഭൂമിയാണ്. പിറന്നമണ്ണിന്റെ ഉടമസ്ഥാവകാശത്തിനു വേണ്ടിയുള്ള പോരാട്ടത്തിന്റെ തിളക്കമാർന്ന വിജയം ആണ് ഭൂപരിഷ്ക്കരണമെങ്കിലും ഈ വിഭാഗത്തിനു ലഭിച്ചത് തുണ്ടുഭൂമികളാണ്. അത്യന്തം മോശമായ ഭൗതികസാഹചര്യങ്ങളിൽ ഞെരുങ്ങികഴിയുന്ന കോളനികളാണ് മിക്കതും. അണുകുടുംബത്തിനു പ്രസക്തിയേറുന്ന ഇന്നത്തെ സാഹചര്യത്തിൽ സമൂഹമാറ്റത്തിനനുസരിച്ച് ദൈനംദിന ജീവിത ത്തിൽ ക്രമീകരണങ്ങൾ വരുത്താൻ കഴിയാത്ത സങ്കീർണ്ണാവസ്ഥയിലാണവർ.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹ്യ വിദ്യാഭ്യാസ - സാംസ്ക്കാരിക നിലവാരം വളരെ പരിതാപകരമാണ്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച നമ്മുടെ സംസ്ഥാനത്തുപോലും പട്ടികജാതിക്കാരുടെ സാക്ഷരത 56 ശതമാനം മാത്രമാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന ഇവർക്ക് പ്രത്യേകം പരിരക്ഷ ഉണ്ടായിട്ടുപോലും ഇതരവിഭാഗത്തിനൊപ്പമെത്താൻ കഴിഞ്ഞിട്ടില്ല. സർക്കാർ തലത്തിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളല്ലാതെ ഭൂമിയിൽ നിന്നൊ കച്ചവടമുൾപ്പെടെയുള്ള മറ്റുമാർഗ്ഗങ്ങളിലൂടെയോ ഇവർക്ക് വരുമാനം ലഭിക്കുന്നില്ലെന്നുള്ളത്. ഇതിന്റെ കാരണങ്ങളിലൊന്നാണ്.

പട്ടികജാതിക്കാരിൽ ന്യൂനപക്ഷം പേർ മാത്രമാണ് മറ്റുമേഖലകളിൽ ജോലിചെയ്തു വരുന്നത്. ഭൂരിപക്ഷം പട്ടികജാതിക്കാരും നമ്മുടെ പഞ്ചായത്തിൽ കൂലിവേല ചെയ്തു നിത്യജീവിതം കഴിക്കുന്നവരാണ്.

1991- ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 4284 പട്ടികജാതിക്കാരും 120 പട്ടികവർഗ്ഗക്കാരുമാണ് ഉള്ളത്. പട്ടികജാതിക്കാർ ആകെ ജനസംഖ്യയുടെ 13 ശതമാനം പട്ടികവർഗ്ഗക്കാർ 0.38 ശതമാനവും ആകുന്നു. പട്ടികജാതിക്കാരിൽ 2065 പുരുഷൻമാരും 2214 സ്ത്രീകളുമാണ്. പട്ടികവർഗ്ഗക്കാരിൽ 75 പുരുഷൻമാരും 45 സ്ത്രീകളും ഉണ്ട്.

പട്ടിക 1 കാണുക

നമ്മുടെ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലായി 359 ആൺകുട്ടികളും, 350 പെൺകുട്ടികളും കൂടി 709 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്നു. ഇത് മൊത്തം വിദ്യാർത്ഥികളുടെ എണ്ണത്തിൽ 16.91 ശതമാനമാണ്. ബിരുദ ധാരികൾ ഉൾപ്പെടെയുള്ള തൊഴിൽ രഹിതരായ പട്ടികജാതി പട്ടികവിഭാഗക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്.

(പട്ടിക 2 ശ്രദ്ധിക്കുക)

തൊട്ടുകൂടായ്മയും, തീണ്ടികൂടായ്മയും ഇന്ന് വെറും ഒരു ഓർമ്മ മാത്രമാണെങ്കിലും പോലും ഇതിന്റെ ചില പുത്തൻ, അവശിഷ്ടങ്ങൾ നിലനിൽക്കുന്നതായി കാണാം. നമ്മുടെ പഞ്ചായത്തിൽ പൊതു ഭക്ഷണ ശാലകളിൽ ഒരെണ്ണം പോലും ഈ വിഭാഗത്തിൽ പെട്ടവർ നടത്തുന്നില്ല.

ചാർട്ട് – 2

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | എസ്. സി/എസ്.ടി കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 1 | A. L.P. S, Nochippully | Aided | 27 | 22 | 49 |
| 2 | A.U.P.S., Vallikkod | " | 54 | 63 | 117 |
| 3. | A.U.P.S., Muttikulangara | " | 81 | 90 | 171 |
| 4 | M.M.U.P.S, Puduppariyaram, | " | 23 | 35 | 58 |
| 5 | G.L.P.S., Puduppariyaram | " | 37 | 33 | 70 |
| 6 | G.W.L.P.S, Olavakkode (Murali) | Govt. | 50 | 34 | 84 |
| 7 | G.L.P.S., Kavilpad | " | 27 | 25 | 52 |
| 8 | C,B.K.M.P.H.S., Puduppariyaram | " | 60 | 48 | 108 |
| | Total | | 359 | 350 | 709 |

ചാർട്ട് – 3

| ക്ലാസ് | എസ്.സി/എസ്.ടി. കുട്ടികൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 58 | 54 | 112 | - | - | - | 2 | - | 2 |
| 2 | 42 | 51 | 93 | 2 | 3 | 5 | - | 1 | 1 |
| 3 | 53 | 48 | 101 | 5 | 3 | 8 | 3 | - | 3 |
| 4 | 40 | 43 | | 4 | 2 | 6 | - | 1 | 1 |
| 5 | 52 | 39 | 83 | 13 | 5 | 18 | 1 | - | 1 |
| 6 | 32 | 35 | 91 | 5 | 5 | 10 | 1 | - | 1 |
| 7 | 22 | 32 | 67 | 3 | 8 | 11 | - | - | - |
| 8 | 24 | 17 | 54 | 7 | 1 | 8 | 4 | - | 4 |
| 9 | 22 | 16 | 41 | 4 | 2 | 6 | 2 | 1 | 3 |
| 10 | 14 | 15 | 38 | - | - | - | - | - | - |
| Total | 35.9 | 350 | 29 | 43 | 29 | 72 | 13 | 3 | 16 |

## ഭൂമി - പ്രശ്നങ്ങൾ

സ്വന്തമായി വീട് പണിയാനാവശ്യമായ ഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കുടുംബങ്ങൾ എല്ലാ വാർഡിലുമുണ്ട്.

## പാർപ്പിടം - പ്രശ്നങ്ങൾ

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ 5 ശതമാനത്തോളം ചെറുപുരയിൽ താമസിക്കുന്നവരാണ്. വീടുള്ളവർക്കുതന്നെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. പണിപൂർത്തിയായ വീടുകൾക്ക് കക്കൂസ്, കുളിമുറി, മുതലായ സൗകര്യങ്ങളില്ല.

## കുടിവെള്ളം - പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും താഴ്ന്ന ഭാഗങ്ങളിലുമാണ് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നത്. ഈ പ്രദേശങ്ങളിൽ വെള്ളം കിട്ടാത്തതിനാലാണ് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നത്. മിക്ക കോളനികളും അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നുണ്ട്.

## ആരോഗ്യം - പ്രശ്നങ്ങൾ

കോളനിനിവാസികൾ അടുത്തടുത്ത് വീടുകളിലായി തിങ്ങി താമസിക്കുന്നവരാണ്. ശുദ്ധജല ദൗർലഭ്യം മൂലം ശുചിത്വം പാലിക്കുന്നതിൽ പലപ്പോഴും പ്രയാസമനുഭവപ്പെടുന്നു. പകർച്ച വ്യാധികൾ പെട്ടെന്ന് പടർന്നു പിടിക്കാൻ ഇടയുണ്ട്.

കുടുംബാംഗങ്ങളാരെങ്കിലും മരണപ്പെട്ടാൽ രണ്ടോമൂന്ന് സെൻറ് ഭൂമിമാത്രം കൈവശമുള്ളവർക്ക് വീട്ടു പറമ്പിൽ ശവം സംസ്ക്കരിക്കുക അസാധ്യമാണ്.

## പരിഹാരനിർദ്ദേശങ്ങൾ

### ഭൂമി

1. പട്ടികജാതി - പട്ടികവിഭാഗക്കാർക്ക് മിച്ചഭൂമി വിതരണം ചെയ്യുക.
2. കോളനികളിൽ താമസിക്കുന്നവർക്ക് കൈവശ രേഖ ഇല്ലെങ്കിൽ വിതരണം ചെയ്യുക.
3. അത്താണിപ്പറമ്പിനു സമീപം നായാടികളുടെ കൈവശത്തിലുണ്ടായിരുന്നതും അവർ കൃഷി ചെയ്തിരുന്നതുമായ കൃഷിഭൂമി അവർക്കു നൽകുക.

### പാർപ്പിടം

3. വീട് വെക്കാൻ സാമ്പത്തിക സഹായം നൽകുന്നതിനുപകരം സമഗ്രമായ ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകുക.
4. അടിസ്ഥാന സൗകര്യങ്ങളെല്ലാമുള്ള ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിച്ച് ആവശ്യക്കാർക്കു നൽകുവാനുള്ള ഭവനനിർമ്മാണ സഹകരണ സംഘത്തിനു രൂപം നൽകുക.

### കുടിവെള്ളം

5. കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കോളനികളിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികളാരംഭിക്കുക.
6. കോളനികളിൽ ഉപയോഗയോഗ്യമല്ലാത്ത കിണറുകളൊ, കുളങ്ങളോ ഉണ്ടെങ്കിൽ അവ വൃത്തിയാക്കുകയോ പുതുക്കി പണിയുകയോ ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കുക.
7. മുഴുവൻ വീടുകൾക്കും കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ നൽകുവാനുള്ള പദ്ധതികളുണ്ടാവണം.
8. PHC ഡോക്ടറുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ കോളനികൾ സന്ദർശിച്ച് ആരോഗ്യ.ക്ലാസുകളും, ചികിത്സകളും നൽകുക.

### വിദ്യാഭ്യാസം

9. ഹൈസ്ക്കൂൾ മുതൽ കോളജ് വരെ പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം സാമ്പത്തിക സഹായവും പഠിക്കുവാനുള്ള ഉപകരണവും നൽകുക.
10. പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്തിൻെറ നേതൃത്വത്തിൽ സന്നദ്ധസംഘടനകൾ മുഖേന ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക.
11. മുരളിയിലെ പ്രീമെട്രിക് ട്രൈബൽ ഹോസ്റ്റലിൽ സൌകര്യങ്ങൾ മെച്ചപ്പെടുത്തുക.

നമ്മുടെ ഗ്രാമത്തിൽനിന്നും കിട്ടാവുന്ന പരമാവധി വിഭവങ്ങളുടെ ലഭ്യത, സമാഹരണം, വിനിയോഗം എന്നിവശാസ്ത്രീയമായ സമീപത്തിലൂടെ ആസൂത്രണം ചെയ്താൽ മാത്രമെ മെച്ചപ്പെട്ട സാമ്പത്തിക ഭദ്രത കൈവരിക്കാൻ നമുക്ക് കഴിയൂ.

നികുതി, വികസന പ്രവർത്തനത്തിലുള്ള ജനതയുടെ സജീവപങ്കാളിത്തമാണെന്ന അവബോധം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. തകർന്നുകൊണ്ടിരിക്കുന്ന ചെറുകിട വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിച്ചും നിലവിലുള്ളവയെ പുഷ്ടിപ്പെടുത്തിയും വരുമാനമാർഗ്ഗങ്ങൾ വിപുലപ്പെടുത്തണം. മുകളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം കൊണ്ട് മാത്രം നമ്മുടെ പഞ്ചായത്തിൽ നാം ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞുകൊള്ളുമെന്നില്ല.

ആസൂത്രണത്തിലും ഭരണത്തിലുള്ള വികേന്ദ്രീകരണം വഴി ഉല്പാദനക്ഷമതയിലുണ്ടാകുന്ന വർദ്ധനവ് സമൂഹത്തെ പ്രവർത്തനസജ്ജമാക്കാൻ ഉപകരിക്കണം. ഉണർന്നിരിക്കുന്ന ഒരു ജനതയ്ക്കേ പുത്തൻ കർമ്മപഥങ്ങൾ സൃഷ്ടിക്കാൻ കഴിയൂ.

നമ്മുടെ ഗ്രാമങ്ങളിൽ സുലഭമായ മനുഷ്യദ്ധ്വാനത്തെ ഓരോ പ്രദേശത്തിൻെറയും വികസനത്തിന് ഉതകുംവിധം ഉപയുക്തമാക്കണം. ഈ അദ്ധ്വാനവും സമ്പത്തും കൂട്ടിയിണക്കികൊണ്ട് സമഗ്രമായ ഒരു ആസൂത്രണ വികസന സംസ്ക്കാരം വളർത്തിയെടുക്കണം. എങ്കിലേ നമുക്കിനി മുന്നോട്ട് പോകാൻ കഴിയൂ.

# വിഭവസമാഹരണം

(ചാർട്ട് - 1) + (ചാർട്ട് - 2)

(ചാർട്ട് - 3) + (ചാർട്ട് - 4)

(ചാർട്ട് - 5) + (ചാർട്ട് - 6)

## പഞ്ചായത്തിൻെറ വരുമാനങ്ങൾ
## കെട്ടിടനികുതി

പഞ്ചായത്തിൻെറ കെട്ടിട നികുതിവഴിയുള്ള വരുമാനം പരിശോധിക്കുകയാണെങ്കിൽ ക്രമമായ ഒരു വളർച്ച ഉള്ളതായി കാണുന്നില്ല. പഞ്ചായത്തിൽ കെട്ടിടങ്ങളുടെ എണ്ണത്തിൽ ഉണ്ടായ ഓരോ വർഷത്തിലെയും വർദ്ധനവിനനുസരിച്ച് കെട്ടിടനികുതിവഴിയുള്ള വരുമാനം വർദ്ധിക്കാത്തത് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. 1995-96 ലെ കെട്ടിടനികുതി വരുമാന 91-92 നെക്കാൾ 69 ശതമാനം കൂടുതലാണ്. കെട്ടിടനികുതിയിൽ വീടുകളുടെ വൈവിധ്യമനുസരിച്ച് പുനഃസംഘടന ആവശ്യമാണ്.

(ഗ്രാഫ് 1 കാണുക.)



## തൊഴിൽ നികുതി

തൊഴിൽ നികുതിയുടെ കാര്യം പരിശോധിക്കുമ്പോൾ കഴിഞ്ഞ 6 വർഷത്തിനുള്ളിൽ തൊഴിൽ നികുതി ഇനത്തിലുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ടെങ്കിലും ക്രമമായ ഒരു വളർച്ച അതിൽ ഉണ്ടായിട്ടില്ല. 1995-96 - ൽ തൊഴിൽ നികുതിയിനത്തിൽ 6,76,656 രൂപയുടെ ധനാഭ്യർത്ഥനയാണ് ഉണ്ടായിരുന്നതെങ്കിലും 4,62,320 രൂപ മാത്രമാണ് പിരിച്ചെടുക്കുവാൻ കഴിഞ്ഞത്. ഇതിൽ നിന്ന് പഞ്ചായത്തിന് ന്യായമായി ലഭിക്കേണ്ട തൊഴിൽനികുതിയുടെ 30 ശതമാനവും ലഭിക്കുന്നില്ല എന്ന് കാണാം. പഞ്ചായത്തിനുള്ളിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുക്കുവാൻ വേണ്ട സംവിധാനം ഉണ്ടാവേണ്ടതാണ്.

(ഗ്രാഫ് 2 കാണുക)



## വിനോദനികുതി (AET ഉൾപ്പെടെ)

പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൽ 2 ശതമാനത്തിനു താഴെമാത്രമാണ് വിനോദ നികുതി വഴിയുള്ള വരുമാനം കഴിഞ്ഞ 6 വർഷത്തിനുള്ളിൽ പഞ്ചായത്തിലെ മൊത്തം വരുമാനത്തിൽ 185 ശതമാനം വർദ്ധനവ് ഉണ്ടായപ്പോൾ വിനോദനികുതിയിൽ 53 ശതമാനം മാത്രമാണ് വർദ്ധനവ്. വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കണമെങ്കിൽ വിഭവസമാഹരണത്തിൽ കാര്യമായ വളർച്ച ഉണ്ടാവണം. ഇതിൽ വിനോദ നികുതിവഴിയുള്ള സംരംഭങ്ങൾക്ക് പ്രോത്സാഹനം കൊടുക്കണം.

(ഗ്രാഫ് 3 കാണുക)



## മറ്റ് വരുമാനങ്ങൾ

പഞ്ചായത്തിൽ ലൈസൻസ് ഫീസ് ഇനത്തിലുള്ള വരുമാനം വളരെ കുറവാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ ഇനത്തിലുള്ള വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. 1995-96 ൽ ലൈസൻസ് ഫീസ് വകയിൽ പഞ്ചായത്തിനുണ്ടായ വരുമാനം 93-94 നെക്കാൾ 48 ശതമാനം കുറവാണ്. കഴിഞ്ഞ സാമ്പത്തിക വർഷം മണൽ ലേലം വഴി നമ്മുടെ പഞ്ചായത്തിനുണ്ടായ വരുമാനം 1,07,800 രൂപയാണ്. അൺടൈഡ് ഫണ്ടായി 3,38, 250 രൂപയും ലഭിച്ചു.

പഞ്ചായത്തിന്റെ നികുതിയിതര വരുമാനത്തിൽ കഴിഞ്ഞ 6 വർഷത്തിനുള്ളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1995-96 - ലെ ഈ ഇനത്തിലുള്ള വരുമാനം 90-91 നെക്കാൾ 630 ശതമാനം കൂടുതലാണ് . എന്നാൽ മൊത്തം പഞ്ചായത്തിന്റെ വരുമാനം 90-91 നെക്കാൾ 630 ശതമാനം കൂടുതലാണ്. എന്നാൽ ഈ പഞ്ചായത്തിന്റെ വരുമാനം ഈ കാലയളവിനുള്ളിൽ 185 ശതമാനം മാത്രമാണ് വർദ്ധിച്ചത്. വിഭവസമാഹരണത്തിൽ കാര്യമായ നേട്ടം ഉണ്ടാക്കിയെങ്കിൽ മാത്രമെ ജനങ്ങളുടെ വികസനാവശ്യങ്ങൾ നിറവേറ്റി മുന്നോട്ടു പോകുവാൻ പഞ്ചായത്തിന് കഴിയുകയുള്ളൂ.

## ചിലവുകൾ

പഞ്ചായത്തിലെ ചിലവുകളിൽ എസ്റ്റാബ്ളിഷ് ഇനത്തിൽ 40 ശതമാനത്തോളം തുക വേണ്ടിവരുന്നുണ്ട്. ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്നതും ഈ ഇനത്തിലാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എസ്റ്റാബ്ളിഷ് ചെലവ് 113 ശതമാനം വർദ്ധിച്ചിട്ടുണ്ട്. വികസനകാര്യങ്ങളിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത് പൊതുമരാമത്തിനാണ്. കഴിഞ്ഞ ചെലവുകൾ 185 ശതമാനം വർദ്ധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ മുൻതൂക്കം നിലനിർത്തികൊണ്ട് കൂടുതൽ വികസനപരിപാടികൾ നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾക്ക് അതിക വിഭവ സമാഹരണം അത്യാവശ്യമാണ്. തെരുവുവിളക്കുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ഈ വകയിലുള്ള ചെലവ് വർദ്ധിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ 1,00,550 രൂപ ചെലവഴിക്കുകയുണ്ടായി. കഴിഞ്ഞ 6 വർഷത്തിനുള്ളിൽ ഉണ്ടായ വർദ്ധനവ് 47 ശതമാനമാണ്.



പഞ്ചായത്തിന്റെ മൊത്തം ചിലവ് പരിശോധിക്കുമ്പോൾ കാണുന്ന വർദ്ധനവിന്റെ പ്രവണത സൂചിപ്പിക്കുന്നത് കൂടുതൽ വിഭവസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു എന്നാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ പരിമിതിയ്ക്കകത്തു നിന്നുകൊണ്ട് ഉൽപാദന മേഖലയിൽ പുതിയ സംരഭങ്ങളിലൂടെ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. ഉദാഹരണത്തിന് പ്രാദേശിക ആവശ്യത്തെ മുൻ നിറുത്തികൊണ്ടുള്ള സോപ്പ് നിർമ്മാണം, ചന്ദനതിരി നിർമ്മാണം, മത്സ്യകൃഷി, കാർഷികോൽപ്പന്നസംസ്കരണ യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കണം.
2. ആഴ്ചചന്തകൾക്ക് വേണ്ട ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി കച്ചവടക്കാരിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്.
3. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യബോർഡുകൾക്ക് അവയുടെ വലുപ്പം കണക്കിലെടുത്ത് നികുതി ഏർപ്പെടുത്താവുന്നതാണ്.
4. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന വിവിധ ക്വാറികളിൽനിന്ന് ഉൽപാദനതോത് അനുസരിച്ച് നികുതി പിരിപ്പിക്കാവുന്നതാണ്.
5. നിലവിലുള്ള കെട്ടിടനികുതിയിലുള്ള പഴുതുകൾ അടച്ചുകൊണ്ട് അത് പുനസംവിധാനം ചെയ്യേണ്ടതാണ്. അംഗീകാരം കിട്ടിയ പ്ലാനിനനുസരിച്ചും തന്നെ കെട്ടിടം പണിനടക്കുന്നതെന്ന് ഉറപ്പു വരുത്തണം.
6. വാടകക്ക് കൊടുക്കുന്ന കെട്ടിടങ്ങൾക്ക് വാടകയുടെ ശരിയായ തിരയ്ക്കിലുള്ള പഞ്ചായത്ത് വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.
7. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്കിൽ - വിശേഷിച്ച് തോടരുകിൽ വച്ചുപിടിപ്പിച്ച തെങ്ങുകൾ ലേലം ചെയ്ത് വരുമാനമുണ്ടാക്കണം.

ചാർട്ട് – 1

## പഞ്ചായത്തിൻെറ കഴിഞ്ഞ ആറു വർഷത്തെ വരുമാനം സംബന്ധിച്ച വിവരങ്ങൾ

| ക്രമ | ഇനം | 1990 – 91 | 1991 – 92 | 1992 – 93 | 1993 – 94 | 1994 – 95 | 1995 – 96 |
|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 2,6,6,709.55 | 2,6,6,709.55 | 2,6,6,709.55 | 2,81,458.40 | 6,15,038.80 | 5,26,773.63 |
| 2 | തൊഴിൽ നികുതി | 1,94,153.00 | 1,94,153.00 | 1,94,153.00 | 1,84,973.00 | 3,01,110.00 | 4,62,320.00 |
| 3 | വിനോദ നികുതി | 27,913.80 | 27,913.80 | 27,913.80 | 12,291.47 | 38,525.85 | 42,744.60 |
| 4 | ലൈസൻസ് ഫീസ് | 24,401.50 | 24,401.50 | 24,401.50 | 1832.00 | 5145.50 | 5752.00 |
| 5 | വസ്തു കൈമാറ്റ നികുതി | 1,33,313.00 | 1,33,313.00 | 1,33,313.00 | 3,52404.00 | 3,00,35800 | 1,83,884.00 |
| 6 | ഡെപ്പോസിറ്റ് | 25,237.50 | 25,237.50 | 25,237.50 | 40,436.75 | 92,592.00 | 22,142.50 |
| 7 | ഗ്രാൻറുകൾ ഒഴികെയുള്ളവ | 10,5,545.80 | 10,5,545.80 | 10,5,545.80 | 2,37,022.00 | 60,568.00 | 4,79,540.72 |
| 8 | മറ്റുള്ളവ | 50.00 – 8003.45 | 50.00 – 8003.45 | 50.00 – 8003.45 | 70,551.15 | 4,85,439.25 | 5,14,629.00 |
| | ആകെ | 7,85,327.60 | 7,85,327.60 | 7,85,327.60 | 11,80,968.77 | 18,98,777.40 | 22,37,786.45 |

## പഞ്ചായത്തിൻെറ കഴിഞ്ഞ ആറു വർഷത്തെ വരുമാനം സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1990 – 91 | 1991 – 92 | 1992 – 93 | 1993 – 94 | 1994 – 95 | 1995 – 96 |
|---|---|---|---|---|---|---|
| ഭരണം | 4,08873.50 | 425,006.25 | 3,88,265.65 | 5,67,569.00 | 6,51,615.50 | 9,03,547.50 |
| പൊതുമരാമത്ത് | 3,22,610.00 | 1,45,433.00 | 1,63,707.00 | 1,11,489.00 | 74,136.50 | 4,15,078.00 |
| വിദ്യാഭ്യാസം | 64,634.95 | 21,402.50 | 10,626.25 | 47,735.70 | 24,269.95 | 36,664.15 |
| ജലവിതരണം, ഓടകൾ | 10,331.00 | 1,00,295.25 | – | 69,696.00 | – | 24,357.00 |
| പൊതുജനാരോഗ്യം | | | | | | |
| തെരുവു വിളക്കുകൾ | 68,239.80 | 1,21,126.70 | 83,927 | 95,342.00 | 93456.00 | 1,00,550.00 |
| മറ്റുള്ളവ | 1,07,155.20 | 1,08,445.50 | 4,64,111.66 | 3,20,978.00 | 5,01,561,.45 | 5,76,2.25 |
| ആകെ | 9,81,844.45 | 9,21,709.20 | 10,50,637.56 | 12,12,809.70 | 13,45,039.40 | 20,56,456.90 |

ചാർട്ട് – 2




പഞ്ചായത്തിലെ
കഴിഞ്ഞ 6 വർഷത്തെ
മൊത്ത വരുമനത്തെ
സൂചിപ്പിക്കുന്ന
രേഖാചിത്രം

ചാർട്ട് – 3

പഞ്ചായത്തിലെ
കഴിഞ്ഞ 6 വർഷത്തെ
മൊത്തം ചിലവിനെ
സൂചിപ്പിക്കുന്ന
രേഖാചിത്രം



## 1995 – 96ലെ വരവുകളുടെ വിവരണം




ചാർട്ട് – 5




1995 – 96 ലെ ചിലവുകളുടെ വിവരണം
ചാർട്ട് – 6

# 6
# പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

## 1. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ [FCI]

1965 - 66 വർഷത്തിൽ സ്ഥാപിതമായ പഞ്ചായത്തിലെ ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ് കേന്ദ്രഗവൺമെൻറിൻെറ കീഴിലുള്ള ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ. പഞ്ചായത്തിലെ നാലാം വാർഡിൽ ഇൻഡ്. എസ്റ്റേറ്റിനടുത്തുള്ള 55 ഏക്കർ വരുന്ന സ്ഥലത്താണ് എഫ്. സി. ഐ പ്രവർത്തിക്കുന്നത്. 18 വലിയ ഗോഡൗണുകളും 11 മിനിഗോഡൗണുകളിലുമായി ഏകദേശം 72,020.00 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ ശാസ്ത്രീകമായി സംഭരിച്ചുവെയ്ക്കാനുള്ള സാകര്യങ്ങൾ ഇവിടെയുണ്ട്. പ്രധാനമായി ഇവിടെ സംഭരിച്ചുവെയ്ക്കുന്നത് അരിയും, ഗോതമ്പുമാണ്. ശരാശരി 15,000.00 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ നിത്യേന ഇവിടെ കയറ്റിറക്ക് നടത്തിക്കൊണ്ടിരിക്കുന്ന. കേരളത്തിൽ കൊച്ചിയിലുള്ള എഫ്. സി. ഐ. കഴിഞ്ഞാൽ സംഭരണ ശേഷി കയറ്റിറക്കം മുതലായവയുടെ കാര്യത്തിൽ ഇതിന് രണ്ടാസ്ഥാനമാണുള്ളത്.

ഏകദേശം 1500 മുതൽ 8500 രൂപാവരെ പ്രതിമാസ ശമ്പളം കൈപ്പറ്റുന്ന സാങ്കേതി വിദഗ്ദരടക്കമുള്ള 235 - ഓളം ആഫീസ് ജോലിക്കാരും പ്രതിദിനം ശരാശരി 100.00 ക. യോളം കൂലിവാങ്ങുന്ന 247 ചുമട് - കാഷ്വൽ തൊഴിലാളികളും ഇവിടെ ജോലി ചെയ്യുന്നുണ്ട്. അവിദഗ്ദ്ധ തൊഴിലാളികളിൽ നാൽപതോളം സ്ത്രീ - തൊഴിലാളികളാണ്. റെയിൽവെ വഴി നേരിട്ടും ലോറികൾ മുഖേനയുമാണ് ഭക്ഷ്യധാന്യങ്ങൾ കയറ്റിയിറക്ക് നടത്തുന്നത്. ചുമട്ട് തൊഴിലാളികളുടേയും മറ്റ് അവിദഗ്ദ്ധ തൊഴിലാളികളുടെയും പ്രതിദിനക്കൂലി ഈ മേഖലയിലെ മറ്റു തൊഴിലാളികളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചമാണെങ്കിലും മറ്റ് സേവന വ്യവസ്ഥകൾ വളരെ മോശമാണ്. ഭക്ഷ്യധാന്യകയറ്റിറക്ക് കുറഞ്ഞതോടെ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും കുറഞ്ഞുവരികയാണ്. കരാർ വ്യസ്ഥയിൽ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് എഫ്.സി.ഐ. നേരിട്ട് വേതനം നൽകുന്ന പദ്ധതി ഈയിടെ നടപ്പാക്കുകയുണ്ടായി.

എഫ്.സി.ഐ. യോട് അനുബന്ധിച്ച് 1971 മുതൽ ഒരു മോഡേൺ റെസ്മിൽ പ്രവർത്തിച്ചിരുന്നു. ആധുനികരീതിയിൽ സ്ഥാപിതമായ മില്ലിൽ 2 വനിതകളടക്കം 57 പേർ ജോലിചെയ്തിരുന്നതാണ്. നഷ്ടത്തിൻെറ പേര് പറഞ്ഞ് 1981 - ൽ മില്ലിൻെറ പ്രവർത്തനം പെട്ടെന്ന് നിറുത്തിവെയ്ക്കുകയാണുണ്ടായത്.

## 2. ധോണി - ഫാം

പഞ്ചായത്തിലെ മറ്റൊരു പ്രധാന സ്ഥാപനമാണ് ഇൻഡോ - സ്വിസ് പ്രോജക്ടിൻെറ ഭാഗമായി കേരളാ ലൈവ്സ്റ്റോക്ക് ഡവലപ്പ്മെൻറ് ബോർഡിൻെറ കീഴിൽ പ്രവർത്തിക്കുന ധോണി - ഫാം 250 ഏക്കറോളം വിസ്തൃതിയിൽ കിടക്കുന്ന ഏഷ്യയിലെത്തന്നെ എറ്റവും വലിയ ഫാം ആണിത്. 1972 - ൽ ഗവ. ഉടമസ്ഥതയിലുള്ള കേരളാ ലൈവ്സ്റ്റോക്ക് ഡവലപ്പ്മെൻറ് ആൻറ് മിൽക്ക് മാർക്കറ്റിംഗ് ബോർഡിൻെറ കീഴിലാണ് പ്രവർത്തനം ആരംഭിച്ചത്. 1976 - ൽ കെ. എൽ.ഡി. ബോർഡിലേയ്ക്ക് മാറ്റപ്പെട്ടു.

25 എണ്ണത്തോളം വരുന്ന മികച്ച സങ്കരയിനം ജെഴ്സിപശുക്കളും 200 ലധികം കാളകളും 400 എണ്ണത്തോളം ആടുകളും ഫാമിൽ വളർത്തുന്നുണ്ട്. പ്രതിദിനം ലഭിക്കുന്ന 200 ലിറ്ററോളം പാലിൽ നിന്ന് ശരാശരി 80 ലിറ്ററോളം പാൽ പുറത്തേയ്ക്ക് വിൽക്കുന്നുണ്ട്. പ്രധാനമായും പാൽ വാങ്ങുന്നത് "മിൽമ" യാണ്. കൂടാതെ, കാള, ആട്, എന്നിവയെ മാംസത്തിനുവേണ്ടിയും വിൽക്കുന്നുണ്ട്. കേരളാ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയാണ് പ്രധാനമായും ഇവയെ വാങ്ങുന്നത്.

പത്തോളം വരുന്ന വെറ്റിനറി ഡോക്ടർമാരടക്കം 127 പേർ ധോണി ഫാമിൽ ജോലിയെടുക്കുന്നുണ്ട്.

## 3. കെ.എ.പി.ക്യാമ്പ്

1976 ലാണ് മുട്ടിക്കുളങ്ങര KAP ക്യാമ്പ് സ്ഥാപിതമായത്. മലബാർ സ്പെഷൽ പോലീസിൻെറ [MSP] സബ്ബ് ക്യാമ്പായിരുന്നു ഇത്. 51 ഏക്കർ 23 സെൻറ് സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ക്യാമ്പ് ABCDEFG എന്ന ക്രമത്തിൽ ഏഴ് കമ്പനികൾ പ്രവർത്തിക്കുന്നു. ആദ്യത്തെ കമാണ്ടൻെറ് ശ്രീ. സി.കെ. മുസ്സ I.P.S ആയിരുന്നു. ഇപ്പോൾ ഒരു കമാണ്ടൻറ് ഒരു ഡപ്യൂട്ടി കമാണ്ടൻറ് നാല് അസിസ്റ്റൻറ് കമാണ്ടൻറ് ഏഴ് ഇൻസ്പെക്ടർമാർ

നൂറ്റിനാല്പത്തിമൂന്ന് ഹവിദാർ പോലീസുകാർ അറുനൂറ്റിനാല്പത്തിയാറ് പോലീസുകാർ എന്നിവരും ക്യാമ്പ് ഫോളോവേഴ്സ് തുടങ്ങിയവരും ജോലി ചെയ്യുന്നു. കൂടാതെ 50 മിനിസ്റ്റീരിയൽ സ്റ്റാഫും പ്രവർത്തിക്കുന്നു.

ക്യാമ്പിന് 400 മീറ്റർ ട്രാക്ക് വരക്കുവാൻ സൗകര്യമുള്ള ഒരു വിശാലമായ ഗ്രൗണ്ട് ഉണ്ട്. ക്യാമ്പിനകത്ത് ഒരു ആശുപത്രിയുടെയും ഡോക്ടറുടേയും സേവനം മുട്ടിക്കുളങ്ങര വാർക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ പാവപ്പെട്ടവരുടെ ശുശ്രൂഷ കേന്ദ്രമാണ്. കൂടാതെ വളരെ പാവപ്പെട്ട രോഗികൾക്ക് രക്തദാനം ചെയ്യുന്നുണ്ട്. പ്രശസ്ത കായികതാരം ഏഷ്യാഡ് P.V. വിത്സൻ അസി. കമാണ്ടൻറ് ആയി പ്രവർത്തിക്കുന്നു. പഞ്ചായത്ത് ബ്ളോക്ക് - കായികമേള നടത്തുവാൻ അനുമതി നൽകാറുണ്ട്. തുടക്കത്തിൽ ഒരു കമ്പനി പ്രവർത്തിച്ചസ്ഥാനത്ത് ഇന്ന് ഏഴ് കമ്പനികൾ പ്രവർത്തിക്കുന്ന ക്യാമ്പിനു ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. റോഡിൻെറ ശോചനീയാവസ്ഥ, കുടിവെള്ളപ്രശ്നം, വോൾട്ടേജ് കുറഞ്ഞ വൈദ്യുതി, താമസസൗകര്യമില്ലായ്മ ഇവയൊക്കെ പരിഹരിക്കേണ്ടിയിരിക്കുന്നു.

ക്യാമ്പിനകത്തു പ്രവർത്തിക്കുന്ന സഹകരണ സ്റ്റോറിൽ നിന്നും പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് സാധനങ്ങൾ വാങ്ങാവുന്നതാണ്.

## 4. നിർമ്മിതികേന്ദ്രം

ആഡംബര ജീവിതത്തിൻെറ ഉത്തമ സൂചകമായി വൻതുകകൾ ചെലവഴിച്ച് നിർമ്മിക്കുന്ന ഭവനങ്ങളും കെട്ടിടങ്ങളും ഇന്ന് കേരളത്തിൻെറ ഭൂപടത്തിൽ എങ്ങും കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിനൊരു ബദൽ എന്ന നിലയിൽ ലാറിബേക്കറിൻെറ ഭാവനയിൽ രൂപം കൊണ്ടതാണ് ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സമ്പ്രദായം

പുതിയ കെട്ടിടത്തിൻെറ നിർമ്മാണ സംസ്ക്കാരത്തിന് രൂപം കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഹഡ്കോയുടെ സഹായത്തോടെ സർക്കാർ രൂപം കൊടുത്ത നിർമ്മിതികേന്ദ്രത്തിൻെറ ജില്ലാതല ഓഫീസ് പഞ്ചായത്തിലെ മുട്ടിക്കുളങ്ങരയിൽ പ്രവർത്തിക്കുന്നു.

1989 ൽ പ്രവർത്തിച്ച് തുടങ്ങിയ നിർമ്മിതി കേന്ദ്രം 1 ഏക്കർ 50 സെൻറ് സ്ഥലത്ത് സ്വന്തം കെട്ടിടത്തോടെ നിലകൊള്ളുന്നു. ജില്ലാകളക്ടർ ചെയർമാനും സബ് കലക്ടർ മെമ്പർ സെക്രട്ടറിയുമാണ്. പ്രോജക്ടർ മാനേജർ ഉൾപ്പെടെ 7 പേർ സ്ഥാപനത്തിൽ സ്ഥിരജീവനക്കാരും 20 സൂപ്പർവൈസർമാരും പ്രവർത്തിച്ചുവരുന്നു. നിർമ്മിതിയുടെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണ പരിശീലനവും ആശാരി പരിശീലനവും നൽകിവരുന്നു. 180 കെട്ടിടങ്ങൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കക്കൂസിൻെറ ഇപ്പോഴത്തെ മാതൃക ചിലവേറിയതാണെന്ന് പലേടത്തുനിന്നും വിമർശനങ്ങളുണ്ടാവുന്നു. ഈ മാതൃക പുനഃപരിശോധിക്കേണ്ടതാണ്.

## 5. അനെർട്ട്

പുതിയതും പുതുക്കാവുന്നതും ഊർജ്ജ സങ്കേതങ്ങളുടെ ഉപയോഗം പ്രചരിപ്പിക്കാനും ഗ്രാമീണ സാങ്കേതിക വിദ്യകൾ വികസിപ്പിക്കാനുമായി കേരള സർക്കാർ രൂപം നൽകിയിട്ടുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് അനെർട്ട്.

അനെർട്ടിൻെറ പാലക്കാട് ഐ. ആർ. ഇ.പി. ഓഫീസ് 1990 മുതൽ നമ്മുടെ പഞ്ചായത്തിലെ പൂച്ചിറയിൽ പ്രവർത്തിച്ചുവരുന്നു. പുകയില്ലാത്ത പരിഷത്ത് അടുപ്പുകൾ, കമ്മ്യൂണിറ്റി അടുപ്പുകൾ, സൂര്യറാന്തലുകൾ സൗരപറമ്പുകൾ സോളാർ വാട്ടർഹീറ്റർ മുതലായവയുടെ പാചകത്തിന് ഊർജ്ജം ലഭിക്കുന്നതിനുള്ള സി. എഫ്. എൽ. ഇലക്ട്രോണിക് ചോക്ക് എന്നിവയും ഈ ഓഫീസ് മുഖേന സർക്കാർ സബ്സിഡിയോടെ പ്രചരിപ്പിച്ചുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ ഞാറക്കട് സ്ഥാപിച്ചതുപോലുള്ള സോളാർ ടെലിവിഷൻ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുപോലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ സൂര്യതെരുവ് വിളക്കുകൾ വെളിച്ചം നൽകുന്നു. വെറുതെ ചീറിയടിച്ച് പോകുന്ന കാറ്റിൽനിന്നും ഊർജ്ജം സ്വീകരിച്ച് വെള്ളം പമ്പ് ചെയ്യുന്ന കാറ്റാടി പമ്പുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന കഞ്ചിക്കോട്ടെ കാറ്റാടിപാടത്തിൻെറ പഠനം നടത്തിയതും അനെർട്ടാണ്.

വറ്റിപ്പോകാത്ത ഊർജ്ജ ഉറവിടങ്ങൾ വികസിപ്പിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന അനെർട്ടിൻെറ പ്രവർത്തനം കൂടുതലായി നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം.

## വിഷയ ഗ്രൂപ്പ് സഹായികൾ

### കൃഷി, ജലസേചനം, മൃഗപരിപാലനം

ബീന. ബി. എസ്
ഡോ. നസീമ. കെ
മുത്തു. സി
ജവഹർദാസ്
മുരളീധരൻ പി. എം
ശ്രീധരൻ. കെ. വി
കൃഷ്ണൻകുട്ടി
കുട്ടൻ. വി

### വ്യവസായം, ഊർജം, ഗതാഗതം

വി. എസ്. രാമചന്ദ്രൻ
വി. വി. വിജയൻ
പി. രാധാകൃഷ്ണൻ
പി. രഘുനന്ദനൻ
എം. എൻ. അരവിന്ദാക്ഷൻ
പി. ടി. കൃഷ്ണൻ
അബ്ദുൾ റഹ്മാൻ

### വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, വനിത

ഡോ. ജയമംഗളം
ഡോ. അമ്പിളികുമാരി
ലളിതാഭായ് ടീച്ചർ
മുഹമ്മദ് യൂസഫ്
സുകുമാരൻ മാസ്റ്റർ
തോമസ് മാസ്റ്റർ
ബാലൻ മാസ്റ്റർ
ഷാജിത. എച്ച്
രാജി. ആർ. കൃഷ്ണൻ

### സാമ്പത്തികവും വിഭവസമാഹരണവും

കെ. സുരേഷ്
സുധാകരൻ
കെ. ദേവദാസ്
സി. രാജശേഖരൻ

# ഉപസംഹാരം

ജനകീയ ആസൂത്രണ പ്രക്രിയ ആരംഭിച്ചതോടെ നമ്മുടെ ജനാധിപത്യ ക്രമത്തിന് ഒരു പുതിയ അർത്ഥതലം കൈവന്നിരിക്കുന്നു. കക്ഷിരാഷ്ട്രീയ വിശ്വാസങ്ങൾ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ഒരുമിക്കുന്നതിന് ഒരു തടസ്സമാവില്ലെന്ന് കേരളം തെളിയിക്കാൻ പോകുന്നു.

മുഖ്യ ഉത്പാദന മേഖലയെ കാർഷികരംഗം ആലസ്യത കൈവിട്ട് പ്രതാപം വീണ്ടെടുക്കാൻ ഒരു തീവ്രയത്നത്തിലാണ്. ഗ്രാമസഭകളിലെ സജീവ ചർച്ചകളും കൃഷിക്കാരുടെ പ്രത്യേക യോഗങ്ങളിലെ നിർദ്ദേശങ്ങളും പ്രായോഗികമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. കേരള സർക്കാരിൻെറ ഒമ്പതാം പദ്ധതിയുടെ നയസമീപനമാണ് അതിന് വഴിതെളിയിക്കുന്നത്.

പഞ്ചായത്തിലെ മൂന്ന്, നാല്, പത്ത് വാർഡുകളിൽ നെൽകൃഷി മേഖല ഏറെക്കുറെ പൂർണമായി പാർപ്പിടങ്ങളായി മാറിക്കഴിഞ്ഞു. ശുദ്ധജലക്ഷാമം അനുഭവിക്കുന്ന പഞ്ചായത്തിൽ, പാർപ്പിടങ്ങൾക്ക് നെൽപ്പാടങ്ങൾ അന്വേഷിക്കുന്ന അവസ്ഥയുണ്ടാകുന്നു.

അവശേഷിക്കുന്ന നെൽകൃഷി പ്രദേശങ്ങളും പച്ചക്കറി നാണ്യവിള മേഖലകളും സംരക്ഷണവും പ്രോത്സാഹനവും അർഹിക്കുന്നു. കാർഷിക അനുബന്ധമേഖലളിലും കൂടുതൽ ശ്രദ്ധവേണ്ടിവരും. ശ്രദ്ധിച്ചാൽ വമ്പിച്ച സാദ്ധ്യതകളുള്ള മേഖലയാണിതെന്ന് നിർദേശങ്ങൾ സൂചന നൽകുന്നു.

വിദ്യാഭ്യാസം ആരോഗ്യം എന്നീ മേഖലകളിലെ ഇപ്പോഴത്തെ അവസ്ഥ മാറ്റിയെടുക്കാൻ ഒരു സംഘടിത യജ്ഞം വേണം. സി.ബി.കെ.എം. പഞ്ചായത്ത് ഹൈസ്ക്കൂൾ വൊക്കേഷനൽ ഹയർസെക്കണ്ടറി സ്ക്കൂളാക്കി ഉയർത്തണമെന്ന നിർദേശം വന്നിട്ടുണ്ട്. ഇപ്പോഴുള്ള സൗകര്യം ഹൈസ്ക്കൂളിനുതന്നെ അപര്യാപ്തമാണ്. മുരളി യിലെ പ്രീ - പ്രൈമറി ട്രൈബൽ ഹോസ്റ്റലിൽ പഠിക്കുന്ന കുട്ടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

പ്രൈമറി ഹെൽത്ത് സെൻററിൽ പാലക്കാട് പാർലിമെൻറ് അംഗം എൻ.എൻ. കൃഷ്ണദാസിൻെറ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് ലഭിക്കുന്ന സംഖ്യകൊണ്ട് ഡോക്ടറുടെയും നഴ്സുമാരുടെയും ക്വാട്ടേഴ്സ് പണി പൂർത്തിയാക്കാൻ കഴിയും. അതോടെ പത്തു കിടക്കകളുള്ള വാർഡിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാഴ്ജലവും അഴുക്ക് വെള്ളവും കെട്ടി നിൽക്കാതിരിക്കാൻ ബഹുജന പങ്കാളിത്തത്തോടെ ഒരു വലിയ പദ്ധതി രൂപപ്പെട്ടുവരുന്നുണ്ട്.

അതിരൂക്ഷമായ കുടെവള്ളക്ഷാമം പരിഹരിക്കുന്നതിന് ഇപ്പോഴത്തെ ശുദ്ധജലവിതരണത്തിനുള്ള പൈപ്പ് ലൈൻ കൂടുതൽ സ്ഥലത്തേക്ക് നീട്ടിയും കല്ലൻ-പറമ്പ് പദ്ധതി നടപ്പാക്കിയും ഇരുപ്പുശ്ശേരി ആസ്ഥാനമാക്കി ഒരു പദ്ധതിക്ക് രൂപം നൽകിയും അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്.

ഉയർന്നുവന്നിട്ടുള്ള ജനകീയ ആവശ്യങ്ങളുടെ വിവരണം ചിലപ്പോൾ ആവർത്തനമാവും. അതുകൊണ്ട് വിശദീകരണങ്ങൾക്ക് മുതിരുന്നില്ല. ആവുന്നത്ര സമയപ്പെടുത്ത് നാം ചർച്ച ചെയ്തതാണ് ഇനി സെമിനാർ മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് നിർദ്ദേശിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നമുക്ക് ചെയ്തുതീർക്കാം.

പദ്ധതികൾക്ക് സാങ്കേതിക ഉപദേശവും വിദഗ്ദ്ധ പരിശോധനയും എല്ലാഘട്ടത്തിലുംവേണം. പക്ഷേ - കേവല സാങ്കേതികത്വം പദ്ധതികളുടെ പൂർത്തീകരണത്തിന് അനാവശ്യകാലതാമസമുണ്ടാക്കുന്നു. മാറിയ സാഹചര്യത്തിൽ അനാവശ്യമായ സാങ്കേതിക തടസ്സങ്ങൾക്കും സാദ്ധ്യത കുറയുമെന്ന് തോന്നുന്നു. നടത്തിപ്പിലെ സുതാര്യത അഴിമതി തുടച്ചു നീക്കാൻ സഹായിക്കും. നികുതിദായകർക്ക് അതിൻെറ വിനിയോഗത്തിൽ ഇടപെടാൻ ആദ്യമായി ലഭിക്കുന്ന അവസരം അവധാനതയോടെ പ്രയോജനപ്പെടുത്താൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം.

എന്ന്

സ്നേഹാദരങ്ങളോടെ

വി.കെ. ജയപ്രകാശ്

പ്രസിഡണ്ട്

പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്.



പുതുപ്പരിയാരത്തെ 'അവിയൽ' കേരളത്തിനു മാതൃകയാകുന്നു
ശുദ്ധജല വിതരണം ഉദ്ഘാടനം ചെയ്തു
ദേശാഭിമാനി
പച്ചക്കറി സംഭരണ-വിൽപന കേന്ദ്രം ആരംഭിച്ചു
പുതുപ്പരിയാരം വെണ്ണക്കരയിൽ ശുദ്ധജല വിതരണം നിർവ്വഹിക്കുന്നു

# ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി







